Digitized by Arya Samaj Foundation Chennai and eGangotri

D 6853

ഭൃംഗസന്ദേശം

[illegible] with
the Compliments of the Dept. of Edn.
Govt. of India, New Delhi.

ഗ്രന്ഥകർത്താ :

തളിപ്പറമ്പ് രാമനെഴുത്തച്ഛൻ

വ്യാഖ്യാതാ :

പ്രൊഫ. സി. കെ. മൂസ്സത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

oundatio

urukul K

Digitized by Arya Samaj Foundation Chennai and eGangotri

गुरुकुल कांगड़ी विश्वविद्यालय, हरिद्वार
कृपया पुस्तक के ऊपर कोई निशान आदि
न लगायें ।

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഭൃംഗസന്ദേശം

6853
DONATION

ഗ്രന്ഥകർത്താ :

തളിപ്പറമ്പ് രാമനെഴുത്തച്ഛൻ

पुस्तकालय
पुस्तकालय
गुरुकुल कांगड़ी विश्वविद्यालय

വ്യാഖ്യാതാ:

പ്രൊ. സി. കെ. മൂസ്സത്

*

യുഗാബ്ദം 5090

വില 10.00

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

BHRIMGA SANDESAM
(Malayalam)
Author :
Tali paramba
Ramanezhuthachan
Commentator :
Prof. C. K. Moosad
Publisher :
Smt. Raja Lakshmi Moosad
'Sudarsan'
Tharakad
Palaghat-1
Printed at :
Sree Sathya Sai Printing Works,
Calicut
October 1988
Copy right :
Smt. Raja Lakshmi Moosad

Price Rs. 10.00

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Forwarded free of cost with the Compliments of the Dept. of Edn. Govt. of India, New Delhi.

ഭൃംഗസന്ദേശം

ചരിത്രപശ്ചാത്തലത്തിൽ

തളിപ്പറമ്പ് സ്വദേശിയായ രാമനെഴുത്തച്ഛൻെറ ഭൃംഗസന്ദേശത്തെപ്പററി ചൂടുപിടിച്ച വാദപ്രതിവാദങ്ങൾ നടക്കുകയുണ്ടായിട്ടുണ്ട്. ആധുനിക മലയാള സന്ദേശകാവ്യങ്ങളിൽ പ്രഥമഗണനീയമെന്ന് കരുതപ്പെട്ടിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാൻെറ മയൂരസന്ദേശത്തിനു മുമ്പ് പ്രസിദ്ധീകൃതമായ സന്ദേശകാവ്യം എന്ന നിലക്കാണ് ഭൃംഗസന്ദേശം സഹൃദയലോകത്തിൻെറ ശ്രദ്ധയാകർഷിച്ചത്.

1894 ഏപ്രിൽ ലക്കം 'കവനോദയ'ത്തിലാണ് ഭൃംഗസന്ദേശം ആദ്യമായി പ്രസിദ്ധീകരിക്കുന്നത്. പിന്നീട് ഒരു മാസത്തിനു ശേഷം 'ഭാഷാപോഷിണി'യിൽ കേരളവർമ്മയുടെ മയൂരസന്ദേശത്തിലെ ആദ്യത്തെ കുറച്ചു ശ്ലോകങ്ങൾ പ്രസിദ്ധീകരിക്കപ്പെടുകയുണ്ടായി. ചമ്പക്കുളം അപ്പുക്കുട്ടൻ നായർ സന്ദേശകാവ്യങ്ങളെക്കുറിച്ചെഴുതിയ ഗവേഷണപ്രബന്ധത്തിൽ പ്രസിദ്ധീകരണത്തെ സംബന്ധിച്ച ഈ വസ്തുത ആധികാരികമായി രേഖപ്പെടുത്തിയിട്ടുണ്ട്. ഭൃംഗം മയൂരത്തിനു വഴികാട്ടിയോ എന്നതും കാവ്യ ഭംഗിയിൽ മയൂരസന്ദേശത്തേക്കാൾ മേന്മ ഭൃംഗസന്ദേശത്തിനു കല്പിക്കാമോ എന്നതും തർക്കവിഷയമാണ്. എന്നാലും രചനാകാലത്തെക്കുറിച്ചുള്ള വസ്തുതകൾ പരിശോധിക്കുമ്പോൾ പ്രഥമ ആധുനിക മലയാള സന്ദേശകാവ്യമെന്ന ബഹുമതി മയൂരസന്ദേശത്തിനല്ല ഭൃംഗസന്ദേശത്തിനാണ് നൽകേണ്ടതെന്ന് വ്യക്തമാകുന്നു

ഭൃംഗസന്ദേശം രണ്ട് 'ആശ്വാസ' ങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. പ്രഥമാശ്വാസത്തിൽ 72 ഉം ദ്വതീയാശ്വാസത്തിൽ 79 ഉം ശ്ലോകങ്ങൾ വീതമാണ്. മന്ദാക്രാന്താവൃത്തത്തിലാണ് മിക്കവാറും സന്ദേശകാവ്യങ്ങൾ രചിക്കുക പതിവു്. ഭൃഗംസന്ദേശത്തിലാകട്ടെ സ്രഗ്ദ്ധരാ വൃത്തമാണ് സ്വീകരിച്ചിട്ടുള്ളത്.

ലക്ഷ്മീദാസൻെറ ശുകസന്ദേശത്തിലെന്നപോലെ ഭൃംഗസന്ദേശത്തിലും സ്വപ്നത്തിലാണ് വിരഹം സംഭവിക്കുന്നത്. ഒരു കാമുകനും കാമിനിയും ശരൽക്കാലത്ത് നിലാവ് പരന്ന് തിളങ്ങുന്ന ഒരു രാത്രിയിൽ ഉന്നതമായ വെൺമേടയിങ്കൽ ബഹുവിധമായ ലളിത വിനോദങ്ങളിൽ വ്യാപരിച്ച് സുഖനിദ്രചെയ്തു. ഉറക്കത്തിൽ ആ കാമുകൻ താൻ പ്രിയതമയോട് വേർപിരിഞ്ഞു ദൂരദേശമായ രാമേശ്വരത്ത് ചെന്നു ചേർന്നു എന്ന് സ്വപ്നം കണ്ടു. അവിടെവെച്ച്കണ്ട ശുകത്തോട് വിരഹപീഡിത

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നായ നായകൻ തൻെറ പ്രാണപ്രേയസിക്ക് സന്ദേശം പറഞ്ഞയക്കുന്നതാണ് ശുകസന്ദേശത്തിലെ കഥാവസ്തു.

ലോകേ രാഗം ശരച്ചന്ദ്രികവഴി ചിതറും രാവിൽ
വെൺമേടയിന്മേൽ
കൈകേറും കേളിയാടി പ്രണയമൊടമരും
സ്ത്രീ പുമാന്മാരിലേകൻ
ഹാ ! കേറില്ലെങ്ങു ദുഷ്ടൻ വിധി— ഇണ പിരിയെ
ക്ലിഷ്ടമൊററക്കു ദൂര—
ത്താകെച്ചൊന്നാൻ കിനാവിൽ ശുകമൊടവ
നവറംക്കുള്ള സന്ദേശവാക്യം
(ഭാഷാശുകസന്ദേശം)

നീലക്കാർ വേണിയാളിൽ കുതുകിത പെരുതാ
മേകനങ്ങേകദാ, തൻ
ബാലപ്പോർ കൊങ്കയാളാം പ്രിയയെ വിധിവശാൽ
വിട്ടു പോയോരു മൂഢം
ചാലെപ്പൊങ്ങും വിയോഗവ്യഥയിലതിതരാം
മുങ്ങിമാഴ്കിക്കിടക്കും
കാലേ സ്വപ്നത്തിലുറംത്താരലിവെലുമൊരു ഭൃംഗ
ത്തിനെക്കണ്ടു ചൊന്നാൻ
—(ഭൃംഗസന്ദേശം)—

മേഘത്തിനെയും കാററിനെയും ദൂതന്മാരാക്കി കല്പിക്കുന്നത് യുക്തിക്കു ചേർന്നതല്ലെന്നാണ് സംസ്കൃതാലങ്കാരികനായ ഭാമഹൻെറ അഭിപ്രായം.

അയുക്തിമദ്യഥാ ദൂതാ ജലഭൃന്മാരുതാദയഃ
തഥാ ഭ്രമരഹാരീത ചക്രവാകശുകാദയഃ

ഈ നിലക്ക് ഭൃംഗത്തെ സന്ദേശഹരനാക്കി കല്പിച്ചത് അനൗചിത്യമാണെന്ന് തോന്നാം. പക്ഷേ കാമിജനങ്ങളുടെ മനോവൃത്തിയെക്കുറിച്ച് പ്രവചിക്കുക വയ്യ. കാളിദാസൻ മേഘസന്ദേശത്തിൽ 'കാമാർത്താഹി പ്രകൃതികൃപണാശ്ചേതനാചേതനേഷു' എന്നും ഉണ്ണുനീലിസന്ദേശത്തിൽ 'സ്വാർത്ഥം പ്രത്യർത്ഥികളിലെവിടെക്കാമുകാനാം വിവേകം' എന്നും കാമുകന്മാരുടെ മനോവൃത്തിയെക്കുറിച്ചു് അഭിപ്രായപ്പെടുന്നു. തങ്ങളുടെ കാര്യലാഭത്തിനുവേണ്ടി ആരോടും എന്തും പറയാൻ അവർക്ക് മടിയില്ല.

സന്ദേശകാവ്യങ്ങറക്കെല്ലാം മാതൃകയായിട്ടുള്ളത് കാളിദാസൻെറ മേഘസന്ദേശമാണ്. പൂർവ്വഭാഗത്തിൽ പ്രധാനമായി മാർഗ്ഗനിർദ്ദേശവും ഉത്തരഭാഗത്തിൽ നായികയുടെ വാസസ്ഥല വർണ്ണനവും സന്ദേശവാക്യവും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അടങ്ങിയിരിക്കുന്നതാണ്. സാമാന്യമായി കാണുന്ന രീതി. വിപ്രലംഭ ശൃംഗാരത്തിനായിരിക്കും പ്രാധാന്യം. ഉണ്ണുനീലിസന്ദേശം മുതൽക്ക് ശീവൊള്ളിയുടെ ദാത്യൂഹസന്ദേശം വരെയുള്ള സന്ദേശകാവ്യങ്ങളുടെ നീണ്ട നിരയിൽപ്പെടുന്ന കാവ്യങ്ങളെല്ലാം തന്നെ മേഘസന്ദേശത്തിന്റെ ചുവടൊപ്പിച്ച് എഴുതപ്പെട്ടവയാണ്.

ലളിതമാണ് മേഘസന്ദേശത്തിലെ കഥാവസ്തു. കുബേരന്റെ ആശ്രിതനായ ഒരുയക്ഷൻ ഒരിക്കൽ തന്റെ ജോലിയിൽ വീഴ്ചവരുത്തിയതിന്റെ ശിക്ഷയായി അയാൾക്ക് ഒരു വർഷത്തേക്ക് ഭാര്യയെ വേർപിരിഞ്ഞ് താമസിക്കേണ്ടിവന്നു. വിരഹാർത്തനായി രാമഗിരിയിൽ താമസിക്കുന്നതിനിടക്ക് മേഘം വഴിക്ക് തന്റെ പ്രിയതമക്ക് സന്ദേശം കൊടുത്തയക്കുന്നതാണ് പ്രതിപാദ്യം. രാമഗിരി മുതൽ ഹിമാലയം വരെയുള്ള പ്രദേശങ്ങളുടെ വർണ്ണന പൂർവ്വഭാഗത്തിലുൾക്കൊള്ളിച്ചിരിക്കുന്നു. ഈ മാർഗ്ഗവർണ്ണനമാണ് പില്ക്കാലകവികളേയും സവിസ്തരമായ വർണ്ണനകൾക്ക് പ്രേരിപ്പിച്ചത്. കുട്ടികൃഷ്ണമാരാർ മേഘസന്ദേശ പരിഭാഷയുടെ അവതാരികയിൽ ചൂണ്ടിക്കാണിക്കുന്നു ''വിരഹിയായ ഒരു കാമുകനെക്കൊണ്ട് അയാൾക്ക് ഏററവുമധികം കാമൗത്സുക്യം തോന്നിയ ഒരു ഘട്ടത്തിലാണ് ഈ മാർഗ്ഗവർണ്ണനം ചെയ്യിക്കുന്നത്. അതാ ഇങ്ങുതൊട്ടങ്ങോളം കാമോപഭോഗപരവും. മേഘത്തിന് നീളെ കാണിച്ചുകൊടുക്കുന്നതെന്തും ഭോഗ്യവസ്തുക്കളും ഭോഗപ്രകാരങ്ങളും തന്നെ. ആ നീണ്ട വഴിയിൽ ആകാശത്തിലും ഭൂമിയിലും മുഗ്ദ്ധകളായ സിദ്ധാംഗനമാരും ഭ്രൂവിലാസാനഭിജ്ഞകളായ ജനപദവധുക്കളും പരിചിത ഭ്രൂലതാവിഭ്രമകളായ പൗരാംഗനമാരും ക്രീഡാലോലകളായ സുരയുവതിമാരും മററും മററുമായി വലിയൊരു തരുണീസേനതന്നെ അണിനിരന്നുനില്ക്കുന്നു. യാത്ര ചെയ്യുന്ന മേഘത്തിന്റെ മഴചാറലും നീരെടുക്കലും ഇടിവെട്ടലുമെല്ലാം രതിപ്രകാരങ്ങളും. ഇതാകെ കാമാകുലനായ വക്താവിന്റെ ഉക്തിഭേദങ്ങളെന്നുവെച്ചു നീക്കിവെച്ചാൽ മതിയോ ?. പോരാ. കവി ഇങ്ങിനെയൊരു വക്താവിനെത്തന്നെ തിരഞ്ഞടുത്തപ്പോൾ അയാളിലൂടെ ദേശങ്ങളുടെ ചിത്രംവരച്ചു വെക്കാനല്ല, ഏതു ദേശത്തും ആ വക്താവിനുണ്ടാകുന്ന ചിത്തവൃത്തികളെ ചിത്രീകരിപ്പാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്നു വരുന്നു''

മേഘസന്ദേശത്തിന്റെ ആന്തരിക കലാസൗന്ദര്യത്തേക്കാൾ അനുകർത്താക്കളെ ആകർഷിച്ചത് ബാഹ്യമായ ശില്പ ചാതുരിയാണ് എങ്ങനെയെങ്കിലും നായികാനായകന്മാരെ വേർപെടുത്തുക. പററിയ ഒരു സന്ദേശഹരനെ കണ്ടെത്തുക. എന്നിട്ട് വിസ്തരിച്ചൊരു മാർഗ്ഗവർണ്ണനയും സന്ദേശവാക്യം അറിയിക്കലും. തിന്നു. സന്ദേശകാവ്യമായി. ലക്ഷ്മീദാസന്റെ ശുകസന്ദേശത്തിൽ രാമേശ്വരത്ത് നിന്ന് തൃക്കണാമതിലകം വരെയുള്ള സ്ഥലങ്ങളുടെ വർണ്ണനയുണ്ട്" രാമേശ്വരത്തുനിന്ന് കാലത്ത് പുറപ്പെടുന്നു ശുകം മൂന്നാദിവസം വൈകുന്നേരമാണ് തൃക്കണാമതിലകത്ത് എത്തിച്ചേരുന്നത്. രാമേശ്വരം, സമുദ്രം സേതു. താമ്രപർണ്ണി, പാണ്ടി, മണലൂര്, സഹ്യഗിരി, കന്യാകുമാരി, ശുചീന്ദ്രം, നാഗർകോവിൽ, തിരുവനന്തപുരം, കൊല്ലം, തിരുവല്ല, വടക്കുംകൂർ, തൃപ്പൂണിത്തുറ, ആലുവാ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിരുവഞ്ചിക്കുളം, കൊടുങ്ങല്ലൂര്, എന്നീ സ്ഥലങ്ങൾ കടന്നാണ് ശുകം മതിലകത്തെത്തുന്നത്.

കടുത്തുരുത്തിയിൽ നായികയായ ഉണ്ണുനീലിയുമൊത്ത് ഉറങ്ങുമ്പോൾ കാമാതുരയായി ഒരു യക്ഷി നായകനെ എടുത്തുകൊണ്ട് ആകാശം വഴി തെക്കോട്ടു പറന്നു, തിരുവനന്തപുരത്തിന് നേരെ മുകളിൽ എത്താറായപ്പോൾ നായകൻ ഉണർന്ന് നരസിംഹമന്ത്രം ജപിച്ചപ്പോൾ യക്ഷി അയാളെ കൈവിടുന്നു. പത്മനാഭസ്വാമിക്ഷേത്രത്തിൽ വെച്ച് കണ്ട ആദിത്യവർമ്മയെ ദൗത്യവുമായി തിരുവനന്തപുരത്തുനിന്നും കടുത്തുരുത്തിവരെ പറഞ്ഞയക്കുന്നതാണ് ഉണ്ണുനീലി സന്ദേശത്തിലെ കഥാവസ്തു മാർഗ്ഗമദ്ധ്യേയുള്ള നാടുവാഴികളുടെ കൊട്ടാരങ്ങൾ മനോഹരമായ ഭൂപ്രകൃതി പേരുകേട്ട അങ്ങാടികൾ, രാജാവിനെ സ്വീകരിക്കാൻ വരുന്ന പേരുകേട്ട ദേവദാസികൾ, പലവിഭാഗത്തിൽപ്പെടുന്ന ജനങ്ങൾ, അങ്ങനെ ദക്ഷിണകേരളത്തിന്റെ ഭൂപ്രകൃതിയും ജനജീവിതവും ചരിത്രപരാമർശങ്ങളും എല്ലാം ഉൾക്കൊള്ളുന്ന കൃതിയായിത്തീർന്നിരിക്കുന്നു ഇത്.

കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ മയൂരസന്ദേശം അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്ന പ്രിയാവിരഹത്തിന്റെ ആവിഷ്കാരമാണ് ആയില്യം തിരുനാൾമഹാരാജാവിന്റെ അപ്രീതിക്കു പാത്രമായിത്തീർന്ന കേരളവർമ്മക്കു കുറച്ചുകാലം തിരുവനന്തപുരത്തു നിന്ന് ഹരിപ്പാട്ട് താമസിക്കേണ്ടിവന്നു. സുബ്രഹ്മണ്യക്ഷേത്തിൽ വെച്ചുകണ്ട ഒരു മയിലിനെ തന്റെ പ്രിയതമക്കുള്ള സന്ദേശവുമായി തിരുവനന്തപുരത്തേക്ക് അയക്കുന്നതാണ് മയൂരസന്ദേശത്തിന്റെ ഇതിവൃത്തം. ഭാവനാവ്യാപാരത്തേക്കാൾ യഥാർത്ഥാനുഭൂതിയെ അധികരിച്ച് സന്ദേശകാവ്യംരചിക്കാൻ കേരളവർമ്മക്ക് അവസരം കിട്ടിയെങ്കിലും അതുകൊണ്ട് കവിതക്കുണ്ടാകാവുന്ന ഭാവോജ്ജ്വലതയും ഹൃദയദ്രവീകരണശക്തിയും മയൂരസന്ദേശത്തിൽ വളരെക്കുറച്ചേ പ്രത്യക്ഷപ്പെടുന്നുള്ളുവെന്ന് എൻ. കൃഷ്ണപിള്ള അഭിപ്രായപ്പെടുന്നു. ''മയൂരസന്ദേശം ഞാൻ അത്ര ഗൗരവമായി വിചാരിച്ചെഴുതിയതല്ല. ഗൗരവമുള്ളമററനേകം കാര്യങ്ങളുടെയിടയിൽ ഭാഷാപോഷിണിക്കുവേണ്ടി പുതുതായിഒരു കാവ്യം എഴുതണമെന്ന് വിചരിച്ച് നേരം പോക്കായി ഇങ്ങനെയൊന്നുണ്ടാക്കിയതാണ്'' എന്ന് കേരളവർമ്മ തന്നെഭാഷാപോഷിണി സഭയുടെ നാലാം വാർഷികസമ്മേളനത്തിൽ പ്രസംഗിച്ചിട്ടുണ്ട്. എന്നിട്ടും മയൂരസന്ദേശത്തിന് മേഘസന്ദേശത്തേക്കാൾ ഒരു മാററു കൂടുകയില്ലയോ എന്ന് ഏ. ആർ രാജരാജവർമ്മ മുഖവുരയിൽ സന്ദേഹിക്കുന്നു. പ്രാചീനകാളിദാസൻ ശബ്ദഭംഗിയിൽ ലേശം മനസ്സുവെച്ചിട്ടില്ലെന്നും നവീനകാളിദാസന്റെ സൂക്തികളിലാകട്ടെ ശബ്ദമോ അർത്ഥമോ സരസതരമെന്ന് ഒരുവനും പരിച്ഛേദിക്കാൻപററില്ലെന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഇതിനായി മേഘസന്ദേശത്തിലെയുംമയൂരസന്ദേശത്തിറലയും ശ്ലോകങ്ങളെ താരതമ്യപ്പെടുത്തുവാനുള്ള സാഹസബുദ്ധിയും ഏ.ആർ. കാണിക്കുന്നുണ്ട്. 'സന്ദേശംഅതൊന്നേഉള്ളു' എന്ന് പ്രഖ്യാപിച്ചുകൊണ്ട് ജോസഫ് മുണ്ടശ്ശേരി മേഘത്തിനു മുകളിൽ പറക്കുകയായിരുന്ന മയൂരത്തെ നിർബന്ധിച്ച് നിലത്തിറക്കുകയാണുണ്ടായത്. അനുകരണവ്യഗ്രരായ കവികളുടെ രചനനിലവാരമുള്ള സന്ദേശകാവ്യങ്ങളു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടെ ബാഹുല്യം കണ്ട് ശീവൊള്ളി നാരായണൻനമ്പൂതിരി രചിച്ച ദാത്യൂഹ സന്ദേശം എന്ന ആക്ഷേപഹാസ കൃതിയോടുകൂടി സന്ദേശകാവ്യങ്ങളുടെ പ്രവാഹം നിലച്ചു. സന്ദേശകാവ്യരചനാഭ്രാന്തിന് ഫലപ്രദമായ ചികിൽസ വിധിക്കാൻവൈദ്യൻ കൂടിയായിരുന്ന ശീവൊള്ളിക്കുകഴിഞ്ഞുവെന്നുപറയാം

പ്രസ്ഥാന സ്വഭാവമുൾക്കൊണ്ട് രചിച്ച കൃതിയാണ് ഭൃംഗസന്ദേശവും എന്നു കാണാം ഭൃംഗസന്ദേശത്തിലെ നായകൻ സ്വപ്നത്തിൽ തിരുവനന്തപുരത്തുനിന്നും ഗോകർണ്ണത്താണ് എത്തിപ്പെടുന്നത്. ഗോകർണ്ണം മുതൽതിരുവനന്തപുരം വരെയുള്ള സ്ഥലങ്ങളിലെ പുണ്യസ്ഥലങ്ങളുംദൃശ്യസവിശേഷതകളും ഭൃംഗത്തിന് വിവരിച്ചു കൊടുക്കുന്നതു കൊണ്ട് ഒരു കേരളയാത്രാ വിവരണമെന്നനിലക്കുള്ള പ്രാധാന്യം ഈ കൃതിക്കുലഭിക്കുന്നു. ഗോകർണ്ണക്ഷേത്രത്തിലെ പ്രത്യേകതകൾ മൂകാംബിദർശനത്തിന്റെ ചട്ടങ്ങൾ, തൃച്ചംബരത്തെ ഉത്സവച്ചടങ്ങുകളുടെസവിശേഷതകൾ, തിരുവങ്ങാട്ട് ക്ഷേത്രത്തിലെ അന്തിശ്ശീവേലി, കോഴിക്കോട്ടെ അങ്ങാടി, വടക്കുന്നാഥക്ഷേത്രം എന്നിവഅനുഭവഃബാധത്തോടെ വർണ്ണിക്കാൻ കവിക്ക് കഴിഞ്ഞിട്ടുണ്ട്.

ഗോകർണ്ണംക്ഷേത്രത്തിൽ പട്ടേരി, പട്ടര്, നായര് എന്നിങ്ങനെയുള്ള ജാതിഭേദമൊന്നും ഇല്ല. എല്ലാവർക്കും അകത്തുകടന്ന് ഒന്നായി അഭിഷേകവും പുഷ്പാഞ്ജലിയും നടത്താം. (കെ. സി. കൃതികൾ മൂന്നാംഭാഗം) മഹേശന്ന് സർവ്വം സമാനം എന്നത് ബോദ്ധ്യപ്പെടാതെ വയ്യെന്ന് നമ്മുടെ കവിയും ഏററുപറയുന്നുണ്ടല്ലോ.

ഗോകർണ്ണത്തുനിന്ന് കൃത്യം തെക്കുകിഴക്കാണ് മൂകാംബിക്ഷേത്രം. കവിഭാഷയിൽ പറഞ്ഞാൽ അഗ്നികോണിൽ ക്ഷേത്രദർശനത്തിനു പോകുന്നവർ അവശ്യം പാലിക്കേണ്ട മുൻകരുതലുകളുണ്ട്. ക്ഷേത്രത്തിന്റെ വടക്കുവശത്ത് വീരഭദ്രമൂർത്തിയുടെ വിഗ്രഹം കണ്ടുവന്ദിക്കാവൂ എന്നാണ് നിയമം. കാവ്യത്തിൽ ആരാധനാക്രമത്തെ സംഗ്രഹിച്ചത് ഭക്തജനങ്ങൾക്കു പ്രയോജനകരമാകും,

തൃച്ചംബരത്തു പെരുമാളുടെ കൊടിച്ചെഴുന്നള്ളത്ത് കാണാൻ ഭൂലോകരംഭമാരും സ്വർലോകരംഭമാരും മത്സരിച്ചാണ് എത്തിനിരക്കുക വേർതിരിച്ചറിയാൻ ഒരുപായമേയുള്ളൂ. സ്വർലോകനാരിമാർക്ക് കൃത്രിമപണ്ടങ്ങളോ ഇളകുന്ന കൺകോണുകളോ ഇല്ല. ആ ഒരംശം വെച്ചുവേണം മനുഷ്യർക്ക് താന്താങ്ങളുടെ പത്നിമാരെ കണ്ടെത്തി വീട്ടിലേക്കു മടങ്ങാൻ

കണ്ണൂരിനടുത്ത് ഉർപ്പശ്ശിക്കാവുണ്ട്. അവിടെസർപ്പാരാധനയുള്ളതായി കെ. സുകുമാരൻ ബി. ഏ. എഴുതിയ ലേഖനത്തിൽ പറയുന്നുണ്ട്. (ഗദ്യമാലിക മൂന്നാംഭാഗം പേജ് 216) അടുത്തകാലംവരെ ഉർപ്പശ്ശിക്കാവിൽ ഭക്തജനങ്ങൾ താലികെട്ട്, കുഞ്ഞുങ്ങൾക്കു ചോറു കൊടുക്കൽ ഇത്യാദി നടത്തിയിരുന്നു.

തലശ്ശേരിക്കടുത്ത തിരുവങ്ങാട് ശ്രീരാമക്ഷേത്രത്തിലെ സായകാലശ്ശീവേലി പ്രസിദ്ധമാണ്. അശോകവനികയിലെ സീതക്ക് നൽകുന്നതിനായി ശ്രീരാമന്റെ സന്ദേശവുമായി ഹനുമാൻ പോയതാണല്ലോ ആദ്യത്തെ സന്ദേശകഥ. അതിനെ അനുസ്മരിക്കാൻ കൂടിയാകണം തിരുവങ്ങാട്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീരാമക്ഷേത്രത്തിലെ അനുഭവം ആറ്ശ്ലോകങ്ങളിൽ വിസ്തരിക്കാൻ കവി ഔചിത്യപൂർവ്വം തീരുമാനിച്ചത്. അതുപോലെ ചരിത്രപ്രസിദ്ധമായ ലോകനാർക്കാവ് സന്ദർശിക്കാനും ഭൃംഗത്തിനു നിർദ്ദേശം നല്കുന്നുണ്ട്.

അടുത്ത ചരിത്രപ്രസിദ്ധമായ സ്ഥലം കോഴിക്കോടാണ്. കോഴിക്കോട്ടങ്ങാടിയിൽ കടലോരത്ത് പ്രത്യേകിച്ചും നിരവധി പാണ്ടിക ശാലകൾ കാണുമെന്ന് പറയുന്നു. സൗരഭ്യവസ്തുക്കൾ, കൗതുകവസ്തുക്കൾ, എന്നിവക്ക് ആ പ്രദേശം പ്രസിദ്ധമാണ്. കുറിക്കൂട്ട് പദാർത്ഥങ്ങൾ വസ്ത്രങ്ങൾ, വിശറികൾ, ആടയാഭരണങ്ങൾ എന്നിങ്ങനെ സ്ത്രീഹൃദയ ഹാരികളായ എന്തും കോഴിക്കോട്ടു കിട്ടും.

കോഴിക്കോട്ടുചെന്നാൽ പിന്നീടുള്ള യാത്ര തീവണ്ടിമാർഗ്ഗമാക്കാം കോഴിക്കോട്ടു നഗരത്തേയും പുണ്യക്ഷേത്രങ്ങളേയും കൂടുതൽ വർണ്ണിക്കുന്നത് സാമൂതിരിപ്പാടിനെ പുകഴ്ത്തുന്നതായി തന്റെ പുരസ്കർത്താവായ കടത്തനാട്ടുതമ്പുരാൻ കരുതുമോ എന്ന് വിചാരിച്ചാണോ തളിക്ഷേത്രത്തെക്കുറിച്ചൊന്നും കാര്യമായി പരാമർശിക്കാഞ്ഞതെന്ന് തോന്നാം. അങ്ങാടികളുടെ വൈചിത്ര്യവും യന്ത്രയാനത്തിന്റെ അത്ഭുതഭാവവും പറഞ്ഞ് ത്രിഭുവനപതിയുടെ മാഹാത്മ്യത്തിലേക്കു പറന്നുയരാനുള്ള നിർദ്ദേശം ഔചിത്യപൂർണ്ണമല്ലെന്ന് എങ്ങിനെ പറയാം. ഷൊർണൂർ വരെ തീവണ്ടിയുടെ കൂടെ ഝംകാരം മുഴക്കിക്കൊണ്ട് കിഴക്കു തെക്കായി നീങ്ങാം. ഷൊറണൂരിനു ശേഷം തെക്കോട്ട് കാവ്യം രചിക്കുന്ന കാലത്ത് തീവണ്ടിപ്പാത ആയിട്ടില്ല. 1902 ലാണ് ഷൊർണൂരിൽ നിന്നും കൊച്ചിയിലേക്ക് തീവണ്ടി സർവ്വീസ് തുടങ്ങുന്നത്. 1894 ലാണല്ലോ ഭൃംഗസന്ദേശം രചിക്കുന്നത്. അതുപോലെ ആലുവാപുഴക്കും കൊച്ചിക്കായലിനും പാലം പണി കഴിഞ്ഞിരുന്നില്ലെന്ന ചരിത്രവസ്തുതയും കാവ്യത്തിൽ സൂചിപ്പിക്കപ്പെടുന്നു

വൈക്കത്തിനുശേഷം നാഞ്ചനാട് നാടും നഗരവും കടന്നാൽ നായികയുടെ ആസ്ഥാനമായ തിരുവനന്തപുരമായി നഗരത്തിന്റെ കേന്ദ്രബിന്ദു പത്മനാഭസ്വാമിക്ഷേത്രമാണെന്നും ഈ ക്ഷേത്രത്തെ കേന്ദ്രമാക്കി നഗരം വികസിച്ച് അത്യന്തം വെടിപ്പുള്ളതായിത്തീർന്നതാണെന്നും വ്യക്തമാക്കുന്നു. ദക്ഷിണകേരളത്തെക്കുറിച്ച് കാര്യമായ അറിവ് കവിക്കില്ലെന്ന് വേണം കരുതാൻ തിരുവനന്തപുരം നഗരത്തെക്കുറിച്ചും ക്ഷേത്രാന്തർഭാഗത്തെക്കുറിച്ചും കേട്ടറിവുമാത്രമായിരിക്കും കവിക്കുണ്ടായിരിക്കുക. ക്ഷേത്രത്തിലെ ഒററക്കൽ മണ്ഡപത്തെക്കുറിച്ച് പരാമർശമുണ്ട് കൊത്തുപണികൾ മരത്തിലാണെന്ന ഊഹം ശരിയല്ല. കല്ലിലാണല്ലോ രൂപങ്ങൾ നിർമ്മിക്കപ്പെട്ടത്.

കവിതപ്രസിദ്ധിയുടെ കാര്യത്തിൽ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ സന്ദേശശീർഷത്വം അവകാശപ്പെടാനില്ലെങ്കിലും രാമനെഴുത്തച്ഛന്റെ ഭൃംഗസന്ദേശം മയൂരസന്ദേശത്തിന്റെ പിറകിലല്ലെന്ന് ബോധ്യപ്പെടും. വർണ്ണനയുടെ തന്മയത്വവും രസികത്വവും അലങ്കാരപ്രയോഗങ്ങളുടെ ചാരുതയും എല്ലാം ചേർന്ന് ഭൃംഗസന്ദേശത്തെ സഹൃദയ ശ്രദ്ധയാകർഷിക്കുന്ന സന്ദേശകാവ്യമാക്കിത്തീർക്കുന്നു.

പ്രൊ: സി. കെ. മൂസ്സത്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Forwarded free of Cost and with the Compliments of the Dept. of Edn. Govt. of India, New Delhi.

ഭൃംഗസന്ദേശം

നീലക്കാർ വേണിയാളിൽ കുതുകിത പെരുതാ-
 മേകനങ്ങേകദാ, തൻ
ബാലപ്പോർകൊങ്കയാളാം പ്രിയയെ വിധിവശാൽ
 വിട്ടുപോയോരു മൂലം
ചാലപ്പൊങ്ങും വിയോഗ വ്യഥയിലതി തരാം
 മുങ്ങി മാഴ്കിക്കിടക്കും
കാലേ സ്വപ്നത്തിലുന്മത്താരലി വെലുമൊരു ഭൃം
 ഗത്തിനെക്കണ്ടു ചൊന്നാൻ 1

വന്നാലും മൽസമീപേ കലിതകുതുകമീ
 മാലതീ വല്ലിയെങ്ങും
നന്നായിപ്പൂത്തു നിൽക്കുന്നതു ഭവദുപയോ
 ഗത്തിനായ്ക്കൊണ്ടു നിത്യം
എന്നാൽ നല്ലിന്ദ്രനീലം മധുപതിലകമേ!
 മുത്തുമാലയ്ക്കു മദ്ധ്യേ
ചേർന്നാലുള്ളാഭയേയെന്തതിനുടെ കുസുമാ
 ളിക്കു ചേർപ്പാൻ [illegible] 2

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ടിപ്പണി : [ശുകസന്ദേശത്തിലെന്ന പോലെ ഭൃംഗസന്ദേശത്തിലും തിരിക്കുററി ഒരു സ്വപ്നമാണ്: നായികാവിരഹം സ്വപ്നത്തിലനുഭവപ്പെടുന്നു. ദൂതാവർജ്ജനം, ദൂതകൃത്യവിവരണം, തല്ക്കാലോചിതോപദേശം, അഭിജ്ഞവാക്യം എല്ലാം കഴിയുമ്പോൾ സ്വപ്നത്തിനു തിരശ്ശീല വീഴുന്നു. ഒരു മധ്യവേനൽപ്പാതിരാ സ്വപ്നം പോലെ ഒടുക്കം കൊണ്ടു എല്ലാം മംഗളമായി കലാശിച്ചു, എന്നതാണ് പ്രമേയം. വടക്ക് ഗോകർണ്ണത്താണ് വിരഹിയായ കാമുകൻ; പ്രിയതമ തെക്കു തിരുവനന്തപുരത്തും. അതുകൊണ്ട് യാത്രാവിവരണത്തിൽ കേരളക്കരയിലെ മിക്ക നഗരങ്ങളും സ്പർശിക്കപ്പെടുന്നു. മന്ദാക്രാന്തയല്ല സ്രഗ്ധരയാണ് വൃത്തമായി സ്വീകരിക്കപ്പെടുന്നത്.]

[ശ്ലോകങ്ങൾ സ്രഗ്ദ്ധരാവൃത്തമാണ്.

ഏഴേഴായ് മൂന്നുഖണ്ഡം മരഭന യയയം
സ്രഗ്ദ്ധരാവൃത്തമാകും.

ഒരു പാദത്തിനു 21 അക്ഷരം കിട്ടും മന്ദാക്രാന്തയായാലോ 17 അക്ഷരങ്ങളെക്കൊണ്ട് ഒരു പാദം തീരും.

മന്ദാക്രാന്താമഭനതതഗം നാലുമാ
റേഴുമായ്ഗം |

1. സുന്ദരിയും യുവതിയും ആയ പ്രിയതമയോടു വേർപെട്ടു ദുഃഖമനുഭവിക്കുന്നതായി പണ്ടൊരാൾ സ്വപ്നം കണ്ടു. ദുഃഖനിവൃത്തിക്കായി തന്റെ സന്ദേശം പ്രിയതമയ്ക്കെത്തിക്കാൻ ഒരു ഭൃംഗത്തെ ഭരമേല്പിക്കുന്നു. നീലക്കാർവേണി = നീലമേഘം പോലെ ഇരുണ്ട ചുരുൾമുടിയുള്ളവൾ. മുടിമുറിക്കൽ വൈധവ്യ ലക്ഷണം. കുതുകിത=താല്പര്യം. വിധിവശാൽ= യാദൃച്ഛികമായി. വിയോഗവ്യഥ = വിരഹദുഃഖം. അതിതരാം = വളരെ അധികമായിട്ട്. മാഴ്കി = ദുഃഖിച്ചു. ഉൾത്താരലിവ് = ദയ.

2. കലിതകുതുകം = ഗ്രഹിച്ച താല്പര്യത്തോടുകൂടി. മാലതിവല്ലി = പിച്ചകവള്ളി. മധുപതിലകം= വണ്ടുകൾക്കുതൊടുകുറി മുത്തുമാലയുടെ നടുക്കു ഒരു ഇന്ദ്രനീലപ്പതക്കം ചേർന്നാലുള്ള ഭംഗിയാവും കാർവണ്ടു പിച്ചകപ്പുനിരയിൽ വന്നിരുന്നാൽ ഉണ്ടാകുക. അതിനു ഒട്ടും അമാന്തിക്കണ്ട. കുസുമാളി = പൂസമൂഹം. മേഘസന്ദേശം 46-ാം ശ്ലോകത്തിൽ സമാനപരാമർശമുണ്ട്. ''ഏകം മുക്താഗണമിവഭുവ : സ്ഥൂല മധ്യേന്ദ്രനിലം'' എന്ന കാളിദാസപ്രയോഗം ഓർക്കുക.

കൊണ്ടൽക്കാർവർണ്ണനാകും, മുരരിപുവിനെയും
ദേഹകാന്ത്യാ ജയിക്കും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വണ്ടേ! ഇപ്പാർത്തലത്തിൽ തവമഹിമയറി
ഞ്ഞീടുവോ നേകനേവൻ!
വണ്ടേ നീ ഭാര്യയോടൊത്തൊരു രസമധുവു-
ണ്ടെച്ചിലായുള്ള പുഷ്പം
കൊണ്ടുള്ളോരർച്ചനത്തിൽ കൊതി മനസി മഹേ
ശന്നുമത്യന്തമല്ലോ!
ബന്ധുക്കൾ തൻ വിയോഗാലധികവു മഴൽപെ
ട്ടീടുമെന്നെക്കുറിച്ചു- 3
ച്ചെന്താർ മാതിൻെറ കാന്തന്നൊരു കൃപയകതാ
രിങ്കലുണ്ടായിനൂനം
ചിന്തിച്ചാലീശനാകും ഹരിയുടെ കരുണാ
ലേശമൊന്നെന്നിയെ മ-
റെറന്തൊന്നാൽ മാദൃശന്മാർക്കിഹ ജഗതി മഹ-
ദ്ദർശനം സംഭവിക്കും? 4

3. ഇവിടുന്നങ്ങോട്ട് ഏതാനും ശ്ലോകങ്ങളിലൂടെ ദൂതപ്രശംസ സാധിക്കുന്നു. ദേഹശോഭയിൽ ശ്രീകൃഷ്ണനെ കീഴ്പ്പെടുത്തിയ വണ്ടിനോടു ശ്രീപരമേശ്വരനുകൂടി ബഹുമാനമാണ്. ഭാര്യാസമേതനായ വണ്ടു തേൻ നുകർന്നിട്ട പൂക്കൾകൊണ്ടുള്ള അർച്ചനം ശ്രീപരമേശ്വരൻ കൂടി കൊതിക്കുന്നു. ഭൂമിയിൽ വല്ലവരും വണ്ടിൻെറ പൂർണ്ണമഹിമ അറിഞ്ഞവരുണ്ടോ? ശ്രീമഹാവിഷ്ണുവിനും ശ്രീപരമേശ്വരനും (ശൈവവൈഷ്ണവ ഭേദമെന്യേ ഏവർക്കും) ബഹുമാനം തോന്നണമെങ്കിൽ ദൂതൻ പ്രശംസനീയൻ തന്നെ. ഭാര്യാസമേതനായി തേൻ നുകരുന്ന രംഗത്തിൻെറ പരാമർശംകൊണ്ടു കാമുകൻ സ്വവിരഹതാപത്തെ കുറിക്കുന്നു.

4. എന്തൊന്നാൽ=എന്തിനാൽ; വടക്കൻ പ്രയോഗം. ഭാര്യ വിയോഗവ്യഥയെ കീഴ്വരയിട്ടു കാട്ടാനാണ് ചെന്താർമാതിൻെറ കാന്തൻ എന്ന് മഹാവിഷ്ണുവെ വിവരിച്ചതു. മഹത്വമുള്ള വണ്ടിനെ സന്ദേശവാഹനത്തിനു കണ്ടുകിട്ടിയതു വിഷ്ണു പ്രസാദം മൂലം (ഈശ്വരാനുഗ്രഹം കൊണ്ടുതന്നെ)

മാഹാത്മ്യത്തിന്നിരിപ്പാൻ വിധിവിരചിതമാം
ഗേഹമേ! മേൽ ഭവാൻതൻ
സാഹായ്യം സാമ്പ്രതം സംഭൃതമയി, നിന-
ച്ചാകിലെൻ ഭാഗധേയം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സോഹം നിന്നോടൊരർത്ഥം വിധുരതയിലിരി–
ക്കുന്നു നീ ദുഃഖിയാമെൻ
മോഹം ചെയ്യും മഹാന്മാരുടെ മനസി സദാ
ദീന വാൽസല്യമല്ലോ 5

യോഗ്യന്മാരെയൊരാരാംകളം മിഴിവഴിയിലക-
പ്പെട്ടുകിട്ടാൻ ഞെരുക്കം
ഭാഗ്യത്തിൻ ശക്തികൊണ്ടന്നൊരു നരനഥവാ
കാൺകിൽ മറെറന്തു വേണ്ടൂ
സാദ്ധ്യം മൽക്കാര്യമെല്ലാമുടനെയതിനെന്നി–
ക്കില്ല സന്ദേഹമാർക്കും
ബോദ്ധ്യം ശാസ്ത്രങ്ങളിൽ നിന്നതിനുമുനി ജനം
ചൊല്ലുമോ വ്യാജവാക്യം 6.

5 ദൂത പ്രശംസ തുടരുന്നു. മഹത്വത്തിൻെറ ഇരിപ്പിടമായ ദൂതനെ വീണ്ടും പ്രശംസാത്മകമായി സംബോധന ചെയ്യുന്നു. സംഭൃതം = സംഭരിക്കപ്പെട്ട. സാമ്പ്രതം = ഇപ്പോൾ എന്നും ഉചിതമായിട്ട് എന്നും. സോഹം നിന്നോടരർത്ഥം = ഈശ്വരനെ വിചാരിച്ചു നിന്നോടൊരപേക്ഷ. ദീനവാത്സല്യം മഹത്വലക്ഷണം. സോഹം = സ + അഹം

6. യോഗ്യന്മാരെ കണ്ടു കിട്ടുക കാര്യസാദ്ധ്യ സൂചകമാണെന്ന ആപ്ത വാക്യം സ്മരിക്കപ്പെടുന്നു.

ഊനം കൈവിട്ടിരിക്കും ധ്യുഖനവരതം
ജായയോടൊത്തുമോദാൽ
പാനം ചെയ്തുച്ചമാമ്മാറധികമധുരമായ്
ഗാനവും ചെയ്തുകൊണ്ട്
ആനന്ദത്തോടുകൂടെ ദിശി ദിശി വിലസും
മൽസഖത്വം മദത്താം
സ്യാനന്ദൂരാഖ്യമാകും പുരമതിലധുനാ
പോകയല്ലീ ദയാലോ ? 7

ഈക്ഷിക്കുന്നോർക്ക യാതൊന്നമൃതരസമഹോ
അക്ഷികൾക്കായ് നിതാന്തം
ശിക്ഷിച്ചീടുന്നു പാരം സുഭഗത കലരും
സൗധജാലേന നിത്യം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശിക്ഷാരക്ഷസ്സധീശൻ മധുരിപു ഭഗവാൻ
സന്തതം വാഴ്കയാലേ
സാക്ഷാൽ വൈകുണ്ഠ ലോകത്തിനു സദൃശമതിൽ
പത്തനം മാമകഞ്ച 8

7. ഊനം = കേട്. അനവരതം = എപ്പോഴും. ജായയോടൊത്തു = ഭാര്യാസമേതം. (ഭർത്താവുപുത്രരൂപേണ ഇവളിൽ ജനിക്കുന്നു എന്ന കാരണത്താലാണ് ജായ എന്ന പേര്) സ്യാനന്ദൂരാഖ്യമാകുംപുരം = തിരുവനന്തപുരം എന്ന പേരുള്ള പട്ടണം. അധുനാ = ഇപ്പോൾ. ഭാര്യാസമേതം യഥേഷ്ടം മധുപാനം ചെയ്തു. ഒരു ഗാനത്തോടുകൂടി എങ്ങും പാറുന്ന സുഹൃത്തായ നീ എനിക്കുവേണ്ടി തിരുവനന്തപുരംവരെ പോകാൻ ദയ ചെയ്തുകൂടേ?

8. ഈക്ഷിക്കുക = നോക്കുക. നോക്കുന്നവർക്ക് നയനാമൃതമായേ നഗരം അനുഭവപ്പെടൂ. കെട്ടിടങ്ങളുടെ മോടി കണ്ണഞ്ചിപ്പിക്കുന്നതാണ്. ശിക്ഷാരക്ഷക്കധീശൻ = അധർമ്മത്തെ അമർത്തി ധർമ്മപാലനം ചെയ്യുന്ന ശ്രീ പത്മനാഭൻ നേരിട്ടു നടത്തുന്നതായി സങ്കൽപിക്കുന്നു. (മഹാരാജാവ് പത്മനാഭദാസനാണല്ലോ). അമൃതം = സൗഭാഗ്യം, ഭഗവാൻെറ ഭരണം. ഇതൊക്കെയുള്ള തിരുവനന്തപുരം വൈകുണ്ഠതുല്യം തന്നെ. പത്തനം = രാജധാനിയുള്ള നഗരം. മധുരിപു = മധുസൂദനൻ.

മധു, കൈടഭൻ എന്നീ രണ്ടസുരന്മാർ കല്പാവസാനത്തിൽ യോഗനിദ്ര ചെയ്യുന്ന വിഷ്ണുവിൻെറ ചെവിയിൽനിന്നുൽഭവിച്ചു, അതിഭയങ്കരൻമാരായ ഇവർ ബ്രഹ്മാവിനെ വധിക്കാൻ വട്ടം കൂട്ടിയ കാരണത്താൽ വിഷ്ണു അവരെ നിഗ്രഹിച്ചു. അങ്ങിനെ വിഷ്ണുവിന് കൈടഭാന്തകൻ എന്നും മധുസൂദനൻ എന്നും പേരുണ്ടായി. ഈ അസുരന്മാരുടെ മേദസ്സു കൊണ്ടാണ് ഭൂമിയെ നിർമ്മിച്ചതെന്നും തൻമൂലം ഭൂമി മേദിനിയായെന്നും പുരാണം.

മട്ടേലും വാണിമാരുണ്ടനവധിയവിടെ
നിത്യവും വാഴ്‌വോരാ-
ക്കൂട്ടത്തിന്നാധിപത്യത്തൊടു മൊരുവിമല
പ്പെൺ കൊടിത്തയ്യലാളും
കേട്ടാലും കാണുകിലപ്പോളറിയുമവളെ നീ
വേർതിരിഞ്ഞാശ്ശുദൂര-
ത്തൊട്ടും സന്ദേഹമില്ലപ്രക്കമെനി ശശികലാ
മററു നക്ഷത്രമെല്ലാം. 9

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അക്കാണംസാധ്വിയേ നീ മനസികലയമൽ
പ്രാണനെന്നക്കുമാര്യാ
സൽക്കാരം സജ്ജനത്തിൽ സതതമധികമെ–
ന്നെത്രയും സിദ്ധമത്രേ
ചൊൽക്കൊണ്ടിട്ടും ഭവാനേയവനംമമസഖിയെ
ന്നും ധരിച്ചിട്ടു സീതാ
തൽക്കാലം ലങ്കയിന്നപ്പവനതനയനെ-
ച്ചെയ്ത തല്പീകരിക്കും 10

9. മട്ടോലും വാണി = തേൻമൊഴി മട്ടു = തേൻ (ശ്രീകണ്ഠേശ്വരം പേജ് 1259) വിമല = പരിശുദ്ധ തലസ്ഥാനനഗരിയിൽ തേനോലും മൊഴിമാരായി സ്ത്രീകളധികം പേരുണ്ട്. അവരുടെ ഇടയിൽ നക്ഷത്രങ്ങൾക്കിടക്ക് ചന്ദ്രലേഖയെന്നപോലെ ശോഭിക്കുന്ന എന്റെ പ്രിയതമയെ എളുപ്പത്തിൽ തിരിച്ചറിയാം.

10. മനസികലയ = മനസ്സിൽ കരുതിയാലും. കുമാര്യ = കുമാരിക്കു സജ്ജനസൽക്കാരം എന്റെ പ്രാണപ്രേയസിക്കി ജൻമസിദ്ധമാണ്. ശ്രീരാമദൂതൻ ഹനുമാനെ സീത സ്വീകരിച്ചപ്പോൾ പ്രകടമാക്കിയ താല്പര്യത്തേക്കാൾ കൂടുതലാകും അവളുടെ താല്പര്യം എന്നു പറഞ്ഞ് വണ്ടിനെ ഉൽസാഹപ്പെടുത്തുന്നു. പുരാ വൃത്തപ്പരാമർശമുള്ളതു കൊണ്ടു ഉദാത്താലങ്കാരം. ഏറിയ കൂറും രാമായണത്തിലെ ഹനുമദ്ദൂതിനെയാണ് കാളിദാസൻ മാതൃകയാക്കിയതു മേഘദൂതെഴുതുമ്പോൾ ഇത്യാഖ്യാതേപവനതനയം മൈഥിലീവോൻമുഖിസാ എന്ന മേഘദൂതിലെ ഭാഗത്തിൽ നിന്നു മല്ലീനാഥൻ അനുമാനിക്കുന്നു. നമ്മുടെ കവിയും കാളിദാസനെ അനുകരിക്കുന്നു എന്നുമാത്രം.

അയ്യയ്യോ ! എൻവിയോഗാൽ കണ്ടവനൊടുപിരി–
ഞ്ഞോരു മാൻപേടപോലെ
പൊയ്യല്ലച്ചഞ്ചലാക്ഷീമകടമണി വസി-
ക്കുന്ന സന്താപമോടു
നിയ്യെൻ സന്ദേശമെല്ലാം കനിവിനൊടിവിടെ
നിന്നുപോയ് ചൊല്ലീവേഗാൽ
കായാമ്പൂവർണ്ണ സാധോ ! കളയുകളമൊഴി
ക്കുള്ളിലുള്ളോരു ഖേദം 11

വർണ്ണം കൊണ്ടർണ്ണവത്തിൻ മകളുടെപതിയോ
ടൊത്തനിന്നെജ്ജനങ്ങൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വർണ്ണിക്കാറായ് വരട്ടേ ശരണഗതജന
ത്തിൻെറ സംരക്ഷകൊണ്ടും

കൺമുന്നിൽ കാൺകിലപ്പോഠം കലുഷമഖിലവും
കാൽക്ഷണാൽ സംഹരിക്കും

പുണ്യക്ഷേത്രങ്ങളേയും പഥി സപദിഭവാൻ
കാണുമേ ഭാഗ്യശാലിൻ! 12

11. വിരഹദുഃഖം കൊണ്ടു വിഷമിക്കുന്ന ആ സുന്ദരിക്കുസന്ദേശ മെത്തിച്ചു ദുഃഖത്തെ കുറക്കുക. കായാമ്പൂ വർണ്ണൻ = കരിം കുവളത്തിൻെറ പൂ പോലെ (നീല) നിറമുള്ളവൻ — വണ്ടു.

12. ദൗത്യനിർവഹണം കൊണ്ടു വണ്ടിന് തന്നെ ആനുഷംഗിക നേട്ടങ്ങളാ ണ്ടാകും. അർണ്ണവത്തിൻെറ ജാമാതൃ സ്ഥാനത്തുള്ള ശ്രീകൃഷ്ണനെപ്പോ ലെയാണ് നിൻെറ ബാഹ്യപ്രകൃതിയും ശരണാഗതവാത്സല്യവുമെന്ന് നീ പുകഴ്ത്തപ്പെട്ടേയ്ക്കും, മനോദുഃഖനിവാരണങ്ങളായ പുണ്യക്ഷേത്ര ങ്ങഠം സന്ദർശിക്കുന്നതിനുള്ള ഭാഗ്യവും വഴിമദ്ധ്യേ ലഭിക്കുമല്ലോ. പ്രശ സ്തിയും പുണ്യവും ഒററയടിയ്ക്ക് ലഭിക്കുന്നതല്ലേ ഭാഗ്യം?

ഇന്നിപ്പൂവല്ലിയിൽ നിന്നമിത മധുഭുജി -
ച്ചിട്ടു നിൻ യോഷിതാകേ -
ളൊന്നിച്ചിട്ടാശ്രു തെക്കോട്ടഴകിനൊടുപുറ -
പ്പെട്ടു കൈവരാകാത്ത മോദം
കുന്നൽക്കാർവേണിയാളെ പുരുഷനൊരുവനും
കാൽക്ഷണം വേർപിരിഞ്ഞാൽ
മന്ദിക്കും ബുദ്ധിയെന്നോർത്തഹ മിദമധുനാ
ചൊല്ലിനേൻ തേറിയാലും 13

കർപ്പൂരം പോലെപാരം ധവളിമ കലരും
പിച്ചകപ്പൂപ്പരാഗ -
കപ്പായം നീയണിഞ്ഞിട്ടയരുമളവില -
ദ്യോവിലെ സ്ത്രീജനങ്ങഠം
ഉണ്ടിപ്പോഠം താരജാല പ്രചലനമിവിടേ -
പ്പോലെ പാർത്തട്ടില്ലം ഹാ!
കണ്ടില്ലേ ? യെന്നു ചൊല്ലീട്ടകതളിരിലഹോ
വിസ്മയം തേടുമേററം. 14

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

13. പിച്ചകവല്ലിയിൽനിന്നു ആവോളംതേൻനുകർന്നു തെക്കോട്ട് യാത്ര പുറപ്പെട്ടുകൊള്ളാൻ ഒട്ടും വൈകിക്കേണ്ട. ഞാനിങ്ങിനെ പറയുന്നതു വിരഹദുഃഖത്തിൻെറ ആധിക്യവും ദുസ്സഹതയും മൂലമാണ്. കാമാർത്തനു ബുദ്ധി ചാപല്യമുണ്ടാകുക അസാധാരണമല്ലല്ലോ ''കാമാർത്താഹി പ്രകൃതികൃപണാശ്ചേതനാ ചേതനേഷു'' എന്ന മേഘദൂതഭാഗം സ്മരിക്കുക.

14. കർപ്പൂരത്തൊത്തുപോലെ വെളുത്ത പിച്ചകപ്പൂക്കളിലിരുന്നു പരാഗം പുരണ്ട നീ ചിറകുവിടർത്തി പറന്നുനീങ്ങുമല്ലോ. ആകാശത്തുനിന്നു ദേവസ്ത്രീകൾഅത്ഭുതത്തോടുകൂടി അതുനോക്കി പറഞ്ഞേക്കാം ഇതെന്തു കഥ! നക്ഷത്രക്കൂട്ടങ്ങളുടെനീക്കം ഭൂമിയിലുമുണ്ടോ? അതാ നോക്കൂ എന്ന് പരാഗം മഞ്ഞനിറമാണ്. നീല വണ്ടിൻെറ ദേഹത്തുമഞ്ഞപ്പരാഗം തങ്ങുമ്പോൾ നക്ഷത്രക്കൂട്ടത്തിൻെറ പ്രതീതിയുണ്ടാകുന്നതു സ്വഭാവികം. മേഘദൂതിലെ 18-ാം ശ്ലോകത്തോടു നമ്മുടെ കവിക്കുകടപ്പാടുണ്ട്. ഇരുവശങ്ങളിലും പഴുത്തമാങ്ങതൂങ്ങുന്ന കാട്ടുമാവുകളുള്ള ആമ്രകൂടപർവ്വതത്തിൻെറ കൊടുമുടിയിൽ മിനുത്തു കറുത്ത തലമുടിയോടിയ മേഘം ചേർന്നിരിക്കുമ്പോൾ മധ്യം കറുത്തും ചുററുഭാഗം വെളുത്തും ഭവിക്കം. അത് ഭൂമിയുടെ സ്തനങ്ങളാണോ എന്നു ദേവലോകത്തെ കാമുകദമ്പതികൾ സന്ദേഹിക്കുമെന്നത്രേ കാളിദാസഭാവന

ആകാശത്തൂടെ പോകം ഭ്രമരവര! ഭവാൻ
ഭൂമിയിങ്കന്നു നന്നെ-
പ്പോകായ് കൂർദ്ധ്വ പ്രദേശത്തവനിയിലെ വിശേ-
ഷങ്ങൾ കാണേണമെങ്കിൽ
ആകാശവഹ്നിക്കു നേരുള്ളപരി ഗമനവും
ജ്വാല മേല്പോട്ടു പാരം
പാകാരാതിക്കു മാമല്ലവനൊടെതിരിടാൻ
ഖാണ്ഡവം വെന്തതോർത്താൽ. 15

കഷ്ടം! ഹാ ഇന്നൊരബ്ജേക്ഷണയുടെയളകം
ദുഷ്ടനാകും സമീരൻ
മോഷ്ടിച്ചാനായിതെന്നെ ന്നകതളിരിലുദി-
ച്ചോരു സംഭ്രാന്തിയോടും
മാർഗേ മാർഗേ ഭവാനേ കുവലയമിഴിമാർ
നോക്കി നിൽക്കുന്ന മദ്ധ്യേ
മാനിച്ചീടാം മഹാത്മൻ മഹിമപെരിയഗോ
കർണ്ണമാം രാജ്യവും തേ 16

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

15. അതിസർവ്വത്രവർജയേൽ എന്ന തത്ത്വം മുറുകെ പിടിക്കുക. പറക്കുന്നതു വളരെ പൊക്കത്തിലോ വളരെ താണോ അരുതു പൊക്കത്തിൽപോയാൽ ഭൂഭാഗ ഭംഗികൾ കാണാൻ തരപ്പെടില്ല. താണുപറന്നാലോ കാട്ടുതീ ജ്വാല തട്ടി ചിറകുകൾ കരിയാനിടയാകും. പാകാരാതി = പാകാസുരനെ കൊന്ന ദേവേന്ദ്രൻ ഖാണ്ഡവം — ഇന്ദ്രന്റെ വകവനം കൃഷ്ണാർജുനന്മാരുടെ സഹായത്തോടെ വഹ്നിഈ വനത്തെ നശിപ്പിച്ചു. പറവകൾക്കു കാട്ടുതീ വിപത്താണ്.

16. ദൗത്യവും വഹിച്ചു പറക്കുമ്പോൾ ഏതോ സുന്ദരിയുടെ അളകങ്ങളെ കാററു അപഹരിച്ചുപോകുകയാണെന്നാശങ്കിച്ചു ഗോകർണത്തെ തരുണികൾ വരിവരിയായി നിന്ന് നോക്കുന്നത് കാണാം.

കണ്ടാലാർക്കും കൃതകപതഗം തന്നെയാണെന്നതെല്ലാം
തുണ്ടാക്കൊല്ലാമനമതിൽ മറിച്ചെണ്ണമവ്വണ്ണമായി
മിണ്ടാതേ കണ്ടതിനു മുകളിൽചേർന്നു ചേണാർന്ന് നിന്നെ
ക്കൊണ്ടാടുംകണ്ടിരു കരയിലും നോക്കിനിൽക്കുന്നലോകം

എന്നതു മയൂരസന്ദേശത്തിലെ സമാന ശ്ലോകമാണ്.

കൈലാസത്തിങ്കലും പിന്നവിടയുമനിശം
പാർവ്വതീ കാന്തനാകും
കാലാരാതിക്കിരിപ്പാൻ ഭവനമുത്തമമു-
ണ്ടെന്നതിൽ പൂർവ്വമുക്തം
എല്ലാവർക്കും ഗമിപ്പാനരുതു സതതമെ-
ന്നോർത്തു കല്പിച്ചവാസം
കല്യാണാത്മാവുമറേറതില്ല മറികമഹേ-
ശന്നു സർവ്വം സമാനം 17

ആരെന്നാലും സകൃദാ ശിവനുടെ സദനേ
തത്രപോയ് ശൈവലിംഗം
നേരേകൺ കൊണ്ടു കാൺകിൽ ദുരിതമഖിലവും
നഷ്ടമാം തൽക്ഷണേന
ചേരുന്താനും സ്വദേഹാവസിതിയിലമലൻ
സ്ധുമൃത്യുഞ്ജയൻ താൻ
സാരൂപ്യത്തേയു മിച്ചൊന്നതുതവസകലം
മുന്നമേ കേൾവിയില്ലേ ? 18

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

17. ഗോകർണ്ണ പ്രശസ്തിയെ സൂചിപ്പിക്കുന്ന കൈലാസമെന്ന സ്ഥിര ആസ്ഥാനത്തിനു പുറമെ, ജനങ്ങൾക്കു കൂടുതൽ അധിഗമ്യമായി മററൊന്നുംവേണം ഒരു രണ്ടാം കൈലാസമുണ്ടാകണമെന്ന് പരമശിവൻ മോഹിച്ചു പരമശിവന്റെ ഭൂലോകാസ്ഥാനമാണ് ഗോകർണം. സമത്വബുദ്ധി ശിവന്റെ ഉൽകൃഷ്ട ഗുണങ്ങളിൽപെടും പൂർവ്വമുക്തം = മുൻപറഞ്ഞതു, കൈലാസം.

18. ശിവനു ഏററം പ്രിയപ്പെട്ടഗോകർണ്ണ പ്രതിഷ്ഠനേരിട്ട ദർശനം നടത്തുന്നവനു പാപമോചനം പെട്ടെന്ന്കിട്ടും ശിവദർശനം ഭക്തദേഹത്തെ പരിപൂതമാക്കുംമൃത്യുഞ്ജയൻ = ശിവൻ സകൃദാ = ഒരിക്കലെങ്കിലും.

ഏവം മാഹാത്മ്യമുള്ളോരവിടെ ഗിരിശനെ
സ്സാദരം കൂപ്പവാനാ-
യാവേശിച്ചുള്ള നാരീനികരവുമസം-
ഖ്യം പുമാന്മാരുമവം
ദേവേശാ ! പാഹി ! ശംഭോ പുരമഥനവിഭോ !
യെന്നു നാമങ്ങൾപാടി
സ്സ്തവിച്ചീടുന്നതും കാണലിവൊട്ടമവിടെ
പ്പോകിലാക്കില്ല ഭക്തി ! 19

മല്ലാക്ഷീരത്നമാകും ഗിരിവരസുതയേ
വാമമാം ദേഹഭാഗ-
ത്തെല്ലായ്പോഴും വഹിക്കും പുരഹരപരമാ-
നന്ദമൂർത്തേ ! നമസ്തേ
ഒല്ലാതാപത്തുവന്നെത്തുകിലതു സകലി
രംഹസാ സംഹരിപ്പ-
നല്ലാസത്തോടുമെന്നുൾത്തളിരിലവിരതം
വാഴ്കഹേ ! വാമദേവ ! 20

19. ശിവദർശനാർഥം ഗോകർണ്ണത്തു അസംഖ്യം സ്ത്രീ പുരുഷന്മാർ നിത്യം എത്തിപ്പെടുന്നു. ദേവേശാപാഹി എന്നു അത്യുച്ചത്തിൽ പാടി സ്തുതിക്കുമ്പോൾ ആ ദർശനശ്രവണാനുഭൂതി ആരിലാണ് ഭക്തി പാരവശ്യം പകരാതിരിക്കുക!

ആവേശിച്ചുള്ള നാരീജനം = പ്രത്യേകവിഭാഗം, പുഷ്പക സ്ത്രീകളുടെ സമൂഹം. പുരമഥന വിഭോ ത്രിപുരാന്തക സ്വാമിൻ = താരകാക്ഷൻ,

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിദ്യുന്മാലി, കമലാക്ഷൻ എന്നീ താരകാസുര പുത്രന്മാർ ബ്രഹ്മാവിനെ തപസ്സുചെയ്തു ''ഒരുത്തരാലുമഞ്ഞൊരിക്കലും നാശംവരുത്തിക്കൂടാതെ പുരത്രിതയത്തെ വരുത്തിക്കൊള്ളുവാൻ വരത്തെ നൽകണം'' എന്നപേക്ഷിച്ചു. വരം കിട്ടേണ്ട താമസം മയനെക്കൊണ്ടു ആറു യോജനവിസ്താരത്തിൽ ഭൂമിയിൽ ഇരുമ്പു കൊണ്ടു ഭുവർലോകത്തിൽ വെള്ളി കൊണ്ടും സ്വർഗലോകത്തു സ്വർണ്ണം കൊണ്ടും ഓരോ പുരങ്ങൾതീർപ്പിച്ചു. ജനദ്രോഹമാരംഭിച്ചു. ശിവനവരെ വധിക്കേണ്ടിവന്നു ത്രിപുരസംഹാരത്തിനിറങ്ങിയശിവനു മഹാമേരുവില്ലായി, വാസുകിഞാണായി, ഭൂമിതേരായി, സൂര്യചന്ദ്രന്മാർ തേരുകളുമായി, വേദങ്ങൾ കുതിരകളായി, വിഷ്ണു അസ്ത്രമായി' അങ്ങനെയായിരുന്നു ത്രിപുരമഥനം ശിവനുസാധിച്ചത്.

20. പരമശിവൻ അർദ്ധനാരീശ്വരനാണ്. എപ്പോഴും പാർവ്വതീസമേതനായി കാണപ്പെടും. ശിവകടാക്ഷമുണ്ടെങ്കിൽ ഏതാപത്തും നിഷ്പ്രയാസം തരണം ചെയ്യാം. അതിന് വടക്കുംനാഥൻെറ അനുഗ്രഹം വേണമെന്നുമാത്രം രംഹവാ = വേഗത്തിൽ ഒല്ലാതെ=അരുതാത്ത ഒല്ലാതകാരാ പോരായ്ക മൂഢപ്രഭോ എന്നു അദ്ധ്യാത്മരാമായണത്തിൽ പ്രയോഗമുണ്ട്. അവിരതം = നിത്യവും. വാമദേവൻ=ശിവൻ ഇടത്തുപുറത്തു ധരിക്കപ്പെട്ട ദേവിയോടു കൂടിയവൻ.

ഇത്ഥം ശ്രീകണ്ഠനേ നീവിരവിനൊടുവണ-
ങ്ങി പ്രസാദഞ്ചഭക്ത്യാ
മൂർദ്ധാവിൽചേർത്തു മൂകാംബികയുടെകഴലും
കൈതൊഴാൻ കാംക്ഷയെങ്കിൽ
ചിത്തത്തിൽ തേറുകേററം പദവിയവിടെനി-
ന്നഗ്നി കോണിങ്കലേക്കാ
യെത്തീടാൻ ബുദ്ധിമുട്ടില്ലതു തവഗതുതാം
ദൂരമേ ദൂരയല്ലോ 21

കൊല്ലൂരെന്നുള്ള പുണ്യസ്ഥലമതിൽ വിലസീ-
ടുന്നദേവാലയത്തിൽ
ചെല്ലും മുമ്പൊന്നു മുഖ്യം മനസികരുതുവാ
നുണ്ടതും കേട്ടുകൊൾകനീ
ചൊല്ലേറും വീരഭദ്രൻ നിവസിതിചവട-
ക്കേപ്പുറത്തിഷ്ടമെല്ലാം
വല്ലാതാക്കിച്ചമഷം പ്രഥമമവനെദർ
ശിച്ചു പോകന്നതാകിൽ 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

21. ഇങ്ങിനെ ശ്രീപരമേശ്വരനെതൊഴുതു പ്രാർത്ഥിക്കുകയും, പ്രസാദം ചൂടുകയും ചെയ്തശേഷം മൂകാംബി ക്ഷേത്രദർശന മോഹമുണ്ടെങ്കിൽ നേരെതെക്കുകിഴക്കായി ചിറകൊന്നുവിടർത്തിയാൽമതി. ദൂരം പറയത്തക്കതായില്ല അഗ്നികോണിൽ=തെക്കുകിഴക്ക്.

ഇന്ദ്രോവഹ്നി നിരുർതി : വരുണോമരുത്, കുബേരഈശപ്പതയ പൂർവ്വാദീനാം ക്രമാൽ ഇന്ദ്രൻ കിഴക്ക്; വഹ്നി തെക്കുകിഴക്ക്. യമൻ തെക്ക് നിരുർതി തെക്ക് പടിഞ്ഞാറ്. വരുണൻ പടിഞ്ഞാറ്. മരുത് വടക്കുപടിഞ്ഞാറു; കുബേരൻ വടക്ക്: ഈശൻവടക്ക്കിഴക്ക് എന്നക്രമത്തിൽ ദിഗ്പതികൾ വർത്തിക്കുന്നു. തവഗരുതാം = നിൻെറ ചിറകുകൊണ്ട് ദൂരവും ദൂരമല്ലാഅടുത്താണ് **(Far from being distant)**

22. കൊല്ലൂരുള്ള മൂകാംബിക്ഷേത്രത്തിൽ ദർശനത്തിനു പോകുന്നവർ ഒരു കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ക്ഷേത്രത്തിൻെറ വടക്കുഭാഗത്തായി ഒരു വീരഭദ്രപ്രതിഷ്ഠയുണ്ട്. ദേവീദർശനം കഴിഞ്ഞേ വീരഭദ്രനെദർശിച്ചുകൂടു. ആദ്യം വീരഭദ്രനെ കണ്ടാൽ അവർക്ക മാററിത്തം പിണയും. [തെക്കൻ കർണ്ണാടകജില്ലയിൽ കുന്താപുരം താലൂക്കിലാണ് കൊല്ലൂര് സൗപർണ്ണികാ നദിയിൽ കുളിച്ച് ഈറനോടെ പടിഞ്ഞാറെനട കടന്നു കിഴക്കോട്ടഭിമുഖമായ ദേവിയെ ദർശനംചെയ്യുകയും പിന്നീട് വീരഭദ്രൻെറ ബിംബം ദർശിക്കുകയും വേണം. കിഴക്കേനടയുടെ തെക്ക് സുബ്രഹ്മണ്യനേയും വടക്ക് വീരഭദ്രനേയും നാം പ്രത്യേകം കാണേണ്ടതുണ്ട്. ഇതിൽ വീരഭദ്രൻെറരൂപം ഒരാൾ പൊക്കത്തോളമുണ്ട്. ഒരു ഭയങ്കരാകൃതിയാണെന്നതിനു ആക്ഷേപമില്ല. (കെ. സി. കൃതികൾ മൂന്നാംഭാഗം ഗദ്യം കൊല്ലൂര് മൂകാംബിക ക്ഷേത്രം പേജ് 32)

ധീരന്മാത്ര പൂർവ്വോത്തര ദിശികൃതമമ-
യുള്ള നൽഗോപുരത്തിൻ
ദ്വാരത്തൂടേ കടക്കമ്പൊഴുതു കരഗതം
നാളികേരം നിരീക്ഷ്യ
മന്ദാക്ഷത്തോടുമേററം വദനകമലവും
താഴ്ത്തി ഭർത്രാലയത്തിൽ
മന്ദം പോകും നവോഢാംഗനകളൊടു സമം
ശാന്തി ഭദ്രേ ഗ്ര ഭാഗേ. 23

പിന്നേ മാതാവിനെക്കൈതൊഴുതവിടെ നിവേ-
ദിച്ച വസ്തുക്കളെല്ലാം
നന്നെന്നാലും ധരിക്ക ത്രിമധുരമതിമാ-
ഹാത്മ്യമുള്ളൊന്നതെന്നായ്
നന്നായ് സേവിക്കസാരസ്വത ഗുളവുമതി-
ന്നൊത്തതല്ലെന്നു തന്നേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മന്നേയുള്ളോരു വിദ്വജ്ജനമതിനെന്നിതാ-
ന്തം പുകഴ്ത്തുന്നു നിത്യം 24

23. പതിവറിയുന്നവർ പടിഞ്ഞാറെ ഗോപുരത്തിലൂടെ പ്രവേശിക്കുന്നു. സാധാരണയായി കയ്യിലുള്ള നാളികേരം തുടങ്ങിയ ഉപഹാരഫലങ്ങളിൽ കൺനട്ട് ഭർതൃഗൃഹത്തിൽ പ്രവേശിക്കുന്ന നവോഢകളെപ്പോലെ തല കുനിച്ച് ദേവീസന്നിധാനത്തിൽ ആദ്യം എത്തുന്നു.
ധീമാന്മാർ = അനുഷ്ഠാനക്രമമറിയുന്നവർ. പൂർവേതരദിശികൃതം = പടിഞ്ഞാറുഭാഗത്തുനിർമ്മിച്ച. കരഗതം = കയ്യിലുള്ള. നിരീക്ഷ്യ = നോക്കിയിട്ട് മന്ദാക്ഷം = ലജ്ജ. യാന്തി = പോകുന്നു.

24. ദേവീദർശനശേഷം നിവേദ്യപദാർത്ഥങ്ങൾ ഭുജിക്കുന്ന പതിവുണ്ട്. എല്ലാ നിവേദ്യങ്ങളിലും വെച്ചു ത്രിമധുരം അതിവിശിഷ്ടം അതും ഗുള ശുണ്ഠിയും (ശർക്കര ചേർന്ന ചുക്ക്) സേവിക്കുന്നവർ വിദ്വാന്മാരായി തീരുമെന്നാണ് കേരളീയരുടെ വിശ്വാസം. വിദ്വാൻ കൈക്കുളങ്ങര രാമവാര്യർ ഇവിടെ ഭജിച്ചതുകൊണ്ടു കൂടിയാണത്രേ ബുദ്ധിമാനായത്. ത്രിമധുര നേദ്യത്തിന് 500 രൂപയും കൈക്കുളങ്ങര രാമൻ എന്നടയാളപ്പെടുത്തിയ വെള്ളിപ്പാത്രവും വഴിപാടുനൽകിയത്രേ.

മന്നം ചെന്നോരു ഭൂതേന്ദ്രനെയുമഥ വണ-
ങ്ങീട്ടു തെക്കോട്ടുപാറി
ച്ചെന്നെത്തേണം ക്ഷണം നിസ്വരപതിയുടെ സേ-
നാനിവാഴും പ്രദേശേ
മാന്യൻ സർവ്വർക്കു മശ്ശങ്കരനുടെ തനയൻ
ദേവകാര്യാർത്ഥമായി
ത്തന്നേ വന്നുൽഭവിച്ചീടിന പുരുഷവരൻ
താരകാരാതി ദേവൻ 25

കണ്ടീടും കാട്ടു ദേശങ്ങളിലഥ ചില നാ-
രീജനത്തെത്തദാനീ-
മുണ്ടാകും നിന്മനസ്സിൽ കമലഭവനിലും
നീരദയോർക്കേണ്ടതേതും
കൊണ്ടൽ നേരാകുമസോ മുദരമതുയരം
കൊണ്ടുവെല്ലും സ്തനത്തെ
തണ്ടാരമ്പൻ നശിച്ചീടിന നിലമവർതൻ
മേനിയെന്നോർത്തു പോകും. 26

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

25. ദേവീദർശനശേഷം വീരഭദ്രനെ വന്ദിക്കണം. പിന്നേ നേരെ തെക്കോട്ട് പറക്കുക. എത്തുന്നതുപയ്യനൂരാകും. ദേവസേനാനിയായ സുബ്രഹ്മണ്യനെ തൊഴാം. താരകാരീതിയായിട്ടാണ് അവിടത്തെ സുബ്രഹ്മണ്യ പ്രതിഷ്ഠ. താരകാസുരനെ നിഗ്രഹിക്കാനായിരുന്നു സുബ്രഹ്മണ്യൻ ജനിച്ചത്. ശിവൻ **സ്വബീജത്തെ അഗ്നിയിൽ നിക്ഷേപിച്ചു. അഗ്നി, അതു താങ്ങാൻ** ശക്തിയില്ലാതെ ഗംഗയിൽവിന്യസിച്ചു ആ ശിവതേജസ്സാണ് സുബ്രഹ്മണ്യനായി പിറന്നതെന്ന് ശ്രീകണ്ഠേശ്വരം.

26. അപരിഷ്കൃതരായ കാട്ടുജാതിക്കാരുടെ സങ്കേതമാണ് ഈ പ്രദേശം. ജഗൽസ്രഷ്ടാവ് ഇത്തരം ക്രൂര വിനോദങ്ങൾക്കും ഒരുമ്പെടുന്നോർത്തു നിങ്ങൾ ഒരുവേള സ്രഷ്ടാവിനെ പുച്ഛിച്ചേന്നും വരാം. ഉയർന്നിരിക്കേണ്ടനെഞ്ഞതാണും ഒതുങ്ങിയിരിക്കേണ്ട വയറു ഉന്തിയും സ്ത്രീകൾ വിരൂപികളായികണ്ടേക്കും. കാമദേവന്റെ ചുടലക്കളമോ എന്നു സംശയിച്ചു പോകും. അവരെ കണ്ടാൽ. കമലഭവൻ= ബ്രഹ്മാവ്. തണ്ടാരമ്പൻ = കാമദേവൻ

കണ്ടിക്കാർകൂന്തലാളിൻ ചികുരഭരമിര
ക്കുന്ന നീലാഭതേടും
വണ്ടിണ്ടക്കുണ്ടർ കോനേ ! പ്രവിശ്യ പുനരുടൻ
കോല ഭൂപാലരാജ്യം
ഉണ്ടല്ലോ തത്ര തണ്ടാർ ശരനുടെ രിപുതൻ
മന്ദിരം സുന്ദരം തേ
കണ്ടീടാം തസ്യ ലക്ഷ്മീ പൂരമറികഭിധാ–
നഞ്ച ലോകപ്രസിദ്ധം. 27

കണ്ണിന്നാനന്ദ മുണ്ടാമുടനെയവിടെനി-
ന്നല്പ ദൂരം ഗമിച്ചാ
ലുണ്ണികൃഷ്ണൻ കളിക്കുന്നൊരു നിലമവിടേ-
യായി തൃച്ചംബരാഖ്യം
വിണ്ണോർക്കും കാംക്ഷപാരം മതിയിലവിടെവ-
ന്നുത്സവം കാണ്മതിനായ്
പിന്നേയിച്ചുണ്ടിലുള്ളോരുടെയഭിരുചിയെ
ച്ചൊല്ലുവാൻ ശക്തനോ ഞാൻ 28

27. ഇതാ നീ പ്രവേശിക്കുന്നതു കോലഭൂപാലന്മാരുടെ ആസ്ഥാനമായ തളിപ്പറമ്പിലേക്കാണ്. പെരുംതൃക്കോവിലപ്പന്റെ ക്ഷേത്രം പ്രസിദ്ധം ചിറക്കൽ കോവിലകത്തെക്കുചേർന്ന തളിപ്പറമ്പിനു ലക്ഷ്മിപുരമെന്ന മറ്റൊരു പേരുമുണ്ട്. (ഇപ്പോഴും നമ്പൂതിരി ബാലികമാർ പെരുംതൃക്കോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വിലപ്പനു നമസ്ക്കിരിക്ക പതിവുണ്ട്. പ്രസിദ്ധനായ ഉദ്ദണ്ഡശാസ്ത്രികളൊരു ക്ഷേത്രത്തിലും കൂപ്പി നില്ക്കാറില്ല. മണിയടിച്ചു തീർത്ഥവും പ്രസാദവും വാങ്ങിയേക്കാം അത്രമാത്രം. എന്നാൽ തളിപ്പറമ്പിലെത്തിപതിവുപോലെ പ്രസാദത്തിനു കൈനീട്ടിയപ്പോൾ കൈകൾ തന്നത്താൻ കൂപ്പിപ്പോയെന്നും അപ്പോൾ താഴെ കൊടുക്കുന്ന ശ്ലോകം ചൊല്ലിയെന്നു പറയപ്പെടുന്നു.

ലക്ഷ്മി പുരാ ധീശശിരോഗതേയം
കലാവിധോരേ വനഹേമകനപ്താ
നോചേൽക്കഥാ ദർശന ഏവനൃണാം
കരാംബുജം കോരകതാമുപൈതി

(പഴയനൂർ രാമപ്പിഷാരടി 'നവീനഭാരത'ത്തിൽ

28. തളിപ്പറമ്പിൽ നിന്നുഅല്പദൂരം യാത്രചെയ്താൽ തൃച്ചംബരത്ത് എത്തും. ശ്രീകൃഷ്ണപ്രതിഷ്ഠയുള്ള തൃച്ചംബരത്തെ ഉൽസവം ദർശിക്കാൻ ദേവകൾ കൂടി ഓടിക്കിതച്ചെത്തുമെങ്കിൽ മനുഷ്യർക്ക് എത്ര മാത്രം കൗതുകകരമാകുമെന്ന് പറയാനില്ല.

തൃച്ചംബരത്തു പെരുമാൾക്കു ചെറുപ്പമെന്ന
ങ്ങുച്ചോ വിളിച്ചുപറയുന്നപോലെ ലോകരെല്ലാം
വിശ്വം ചമക്കുമുടനേയതു കാത്തഴിക്കും
വിശ്വൈകനാഥനു കളിപ്പുരയെന്നപോലെ

എന്ന പ്രാർത്ഥനാശ്ലോകത്തിൽ പറയുന്നപോലെ അവിടത്തെ ശ്രീകൃഷ്ണപ്രതിഷ്ഠക്കു പല സവിശേഷതകളുമുണ്ട്. കംസവധം കഴിഞ്ഞ ഉടനെയുള്ള ശ്രീകൃഷ്ണനെയാണത്രെ പ്രതിഷ്ഠിച്ചതു അമ്പലത്തിൻെറ ശീവേലിക്കു ആന പാടില്ല. ആനതൊട്ടമരം പോലും ക്ഷേത്രത്തിലുപയോഗിക്കയില്ലത്രേ (പഴയനൂർ രാമപിഷാരോടി)

കന്നൽനേർ കണ്ണിമാരാം നരതരുണികളു-
വിണ്ണിലേ നാരിമാരും
വന്നെത്തും തത്രമോദാൽ നിജനിജ രമണ-
ന്മാരുമായുത്സവാർത്ഥം.
പിന്നേയാക്കും തിരിച്ചിട്ടവരെ യറിയുവാൻ
കൃത്രിമാ കൃത്രിമത്വം
ചേർന്നീടും ഭൂഷണം വിട്ടരുതരുതുദൃഢം
കൺവിലാസങ്ങൾകൊണ്ടും ! 29

ലോലാക്ഷീലോകമോട്ടും സഹസ്രകൃതിജന്മം
തത്രകംസാരി തൻെറ
ലീലാരംഗേ വരുമ്പോൾ രതിയുത മദനൻ
തോററു പോമെന്നു തോന്നും
ഖേലാലോലൻ മുകുന്ദൻ ബഹുജനവു മാ-
യോടിയെത്തീടുമപ്പോൾ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

താലാങ്കൻ കൂടെയുണ്ടാം നിജസഹജസഹാ
യത്തിനായെന്നപോലെ 30

29. തൃച്ചംബരത്തുൽസവം കാണാൻ ചടുലമിഴികളും ഭർത്തൃസമേതരുമായ ഭൂലോകനാരിമാരും ദേവലോകസ്ത്രീകളും നിരന്നുനിൽക്കുമ്പോൾ അവരെ വേർതിരിച്ചറിയാൻ ഒരുവഴി മാത്രം. കൃത്രിമാഭരണങ്ങളുണ്ടോ കണ്ണുകൾ ചലിപ്പിക്കുന്നുണ്ടോ എന്ന പരിശോധന. ദേവസ്ത്രീകൾ പണ്ടങ്ങളണിയില്ല അവരുടെ മിഴികൾ ഇമയ്ക്കുകയുമില്ല. (നാട്ടുകാരുടെ ആഭരണഭ്രമത്തേയും ശൃംഗാര ഗോഷ്ഠികളേയും കവി പരോക്ഷമായി പരിഹസിക്കുന്നു)

30. സഹസുകൃതിജനം പുണ്യാത്മാക്കളോടൊപ്പം. കംസാരി=ശ്രീകൃഷ്ണൻ. ഖേലാലോലൻ=കളിയിൽതല്പരൻ. താലാങ്കൻ = ബലരാമൻ. (താലാങ്കോ മുസലീഹലി എന്ന പര്യായങ്ങൾ) പനകൊടിയടയാളമായവൻ. ബഹുലജനം=വളരെ ജനങ്ങൾ ലീലാനിരതനായ ശ്രീകൃഷ്ണന്റെ രൂപം പ്രത്യക്ഷപ്പെടുമ്പോൾ കാമദേവൻ രുസ്ത: പ്രഭനാകാതെ വയ്യല്ലോ. ജനസഹസ്രങ്ങളോടുകൂടി ശ്രീകൃഷ്ണൻ പ്രത്യക്ഷപ്പെടുന്ന സമയത്തു ജ്യേഷ്ഠൻ ബലരാമനും ഒന്നിച്ചുണ്ടായിരിക്കും,

മേളംചേർന്നുള്ള വാദ്യങ്ങളൊടുമവിടെവെ-
ച്ചൊട്ടു നേരംകളിച്ചാൽ
കാളംഭോദാളിവർണ്ണൻ ബലനൊടു സഹവോ-
യമ്പലം പുക്കിരിക്കും
ഓളംതല്ലുന്ന പാഥോനിധിയൊടു സമമാം
കാണിവൃന്ദങ്ങളും പോം
താളംതുള്ളിക്കളിക്കും ത്രിഭുവനപതിയാം
ബാലകൻ തന്റെ പിമ്പേ 31

പിന്നെ ക്ഷേത്രത്തിൽവെച്ചു ചിരമഥ ഭഗവാൻ
തന്റെ ലീലാവിലാസം
നന്നായിക്കണ്ടു കൂപ്പിപ്പുലരുമവളിൽ നീ
മാർഗശേഷം നയിക്കും
ധന്യന്മാരായി നിങ്ങൾക്കടിയിണ പണിയും
മാദൃശന്മാർക്കുവേണ്ടി
ട്ടൊന്നിന്നായിത്തുനിഞ്ഞാലതു സപദിലഭി-
ക്കെന്നതേനിത്യ ശീലം 32

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

31. കാളാംഭോദാളി=കറുത്തമേഘത്തിന്റെ കൂട്ടം. പാഥോനിധി=പാഥസ്സിന്റെ ശേഖരം (സമുദ്രം) നീണ്ടുനിൽക്കുന്ന മേളവാദ്യം കഴിഞ്ഞാൽ ബലഭദ്രസമേതനായി ശ്രീകൃഷ്ണൻ ക്ഷേത്രത്തിനകത്തേക്കു തിരിച്ചെഴുന്നള്ളും. അപ്പോൾ ഭക്തജനങ്ങൾ ആനന്ദനൃത്തമായി പ്രദക്ഷിണം വെയ്ക്കുകയും അലയടിക്കുന്ന പാലാഴിയുടെ പ്രതീതിയുണ്ടാക്കുകയും ചെയ്യുന്നു. പാലാഴിനടുക്കാണല്ലോ ഭഗവാന്റെ കിടപ്പ്.

32. എഴുന്നള്ളത്തിനുശേഷം ക്ഷേത്രത്തിൽ പ്രവേശിച്ച് ദർശനം നടത്തിവേണം തെക്കോട്ടു യാത്ര തുടരാൻ. ഭൃംഗംമാത്രമാണ് തനിക്കുആശ്രയമെന്നും അതിനാൽ കാര്യം സാധിക്കാൻ ഒട്ടും അമാന്തമരുതെന്നും പറയുന്നു. ഒന്നിനിറങ്ങിത്തിരിച്ചാൽ അതു സാധിച്ചേ മഹാത്മാക്കൾ അടങ്ങുകയുള്ളു.

കോലാധീശന്റെ സൗധാവലിയെയുമവലോ-
ക്യാശു കണ്ണൂരിലെത്തും
കാലത്തർക്കാതപത്താൽ പരുഷതപെരുതായ്-
ത്തീർന്നതാകിൽ തദാനീം
വേലത്താർ ബാണലീലാവിധുരതയൊടുറ-
ങ്ങന്ന വേശ്യാജനത്തിൻ
ലീലാഗേഹാങ്കണത്തിൽ വിലസുമുപവനം
യാഹി ശങ്കാവിഹീനം 33
ആരോമൽപ്പൂക്കൾകൊണ്ടും കിസലയതതികൾ
കൊണ്ടുമേററം തണപ്പു-
ള്ളാരാമത്തിൽ മരന്ദം സുലഭമവിടെ നീ
വിശ്രമിച്ചോരുശേഷം
പോവാൻകാലം കളഞ്ഞീടരുതു ചെറുതുമേ
കേരവിയുള്ളർപ്പനച്ചി-
ക്കാവും മാർഗ്ഗേണ മാനിച്ചഥ കലയതല-
ശ്ശേരിയാം ഭൂതലം താൻ 34

33. കോലത്തിരിരാജാവിന്റെ സൗധങ്ങൾ ദർശിച്ച ശേഷം കണ്ണൂർ നഗരത്തിൽ എത്താം വെയില് ചുടുപിടിച്ചുവെങ്കിൽ അപ്പോഴും നിദ്രകൊള്ളുന്ന വേശ്യാലയങ്ങൾക്കു ചുററുമുള്ള പൂന്തോട്ടങ്ങളിലേക്കു കടക്കാൻ മടിക്കേണ്ട. അവലോക്യ=കണ്ടിട്ടു. ആശു=വേഗത്തിൽ. കണ്ണപുരത്തിന് തെക്കാണ് കണ്ണൂര് വേലത്താൻ ബാണലീല=കാമക്രീഡ. വിധുരത=ക്ഷീണം. യാഹി=പ്രവേശിക്കുക.

34. പൂക്കളും തളിരുകളും പൂന്തേനും നിറഞ്ഞആരാമങ്ങൾ വിശ്രമിക്കാൻ പററിയവതന്നെ. വിശ്രമത്തിനുശേഷം അടുത്തുള്ള ഉപ്പഴിച്ചിക്കാവു കൂടി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ദർശനം കഴിച്ചാൽ നേരേചെല്ലേണ്ടതു തലശ്ശേരി പട്ടണത്തിലേക്കാണ്. ഉർപ്പഴശ്ശിക്കാവു കുട്ടികൾക്ക് ചോറുകൊടുക്കാൻ വിശേഷം. സർവ്വപൂജയാണ് മുഖ്യം കിസലയത്തതികൾ=തളിരുകളുടെ കൂട്ടങ്ങൾ. മരന്ദംസുലഭം=തേൻ ധാരാളം. ശങ്കാവിഹീനം=മടികൂടാതെ. വീട്ടുടമസ്ഥകളെല്ലാം ഗാഢനിദ്രയിലാവുമല്ലോ.

യാതവ്യൻ ഭക്തിമന്മാർക്കഭിമതവരദൻ
ജാനകീജാനിദേവൻ
ചൈതന്യാത്മാസമീരാത്മജസഹിതനിരി-
ക്കുന്നയാതൊന്നിലിന്നും
ഭ്രാതാവോടും സരോജപ്രതിമനയനയാം
കാന്തയോടും സമസ്ത-
ത്രാതാവാം യാതൊരീശൻ വിപിനഭൂ വിചിരം
വാണദേവാരി വൈരി 85

സായങ്കാലത്തു ചെന്നെത്തുകിലവിടെ മുകു-
ന്ദൻെറ ശീവേലിയിങ്കൽ
കാര്യം നിൻഗാനമെന്നാൽ ദശമുഖരിപുവി-
ന്നേററമുണ്ടാം പ്രസാദം
തൽക്കാലം വേണ്ടതായുള്ളൊരു കരണമൊരു
ത്തങ്കൽനിന്നാപ്തമായാ-
ലാർക്കും ചിത്തത്തിലുണ്ടാംപ്രമദമതുലമായ്
വന്നുകൂടും വിശേഷാൽ 36

35. ഭക്തവത്സലനും സീതാപതിയുമായ ചൈതന്യമൂർത്തി ശ്രീരാമൻ പത്നീസമേതനായി ഹനുമാനോടും ലക്ഷ്മണനോടും കൂടി സർവ്വാഭീഷ്ടദാതാവായി വസിക്കുന്ന സ്ഥലമാണ് തലശ്ശേരിയിലെതിരുവങ്ങാട്ക്ഷേത്രം ശത്രുധ്വംസനത്തിനു കാട്ടിൽപാർക്കാനും കൂസലുകൂടാത്ത സമസ്തത്രാതാവാണല്ലോ ശ്രീരാമചന്ദ്രസ്വാമി എന്നു ധരിക്കുക യാതവ്യൻ = ബന്ധു ജാനകീ ജാനി =ശ്രീരാമൻ (ജാനകി ജായയായുള്ളവൻ). സമീരാത്മജൻ =ഹനുമാൻ സരോജപ്രതിമനയന=താമരയിതളിൻെറ രൂപമുള്ള കണ്ണോടുകൂടിയ :സീത.

36. വൈകുന്നേരമാണ് എത്തുന്നതെങ്കിൽ അവിടെനടക്കുന്ന അന്തിശ്ശീവേലിക്കു ഭൃംഗത്തിൻെറ ഗാനാലാപം ഉപകരിക്കും. ശ്രീരാമൻ സന്തുഷ്ടനാകും താനും. അവസരമറിഞ്ഞുള്ള സഹായം കിട്ടിയാൽ തക്കതായ പ്രതിപത്തി കാട്ടുക സ്വാഭാവികമാണല്ലോ. കരണം = പ്രവൃത്തി. ശീവേലി= ശിവബലി മേ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഘസന്ദേശം 13_ാം ശ്ലോകത്തെ ഓർമ്മിപ്പിക്കുന്നു. ''ഹേ മേഘമേ മഹാകാളക്ഷേത്രത്തിൽ എത്തുന്നതു സന്ധ്യയൊഴിച്ചുള്ള സമയത്താണെങ്കിലും അസ്തമന സന്ധ്യവരെ കാത്തിരിക്കണം. സന്ധ്യാപൂജയ്ക്കു പെരുമ്പറയടിക്കുന്നപോലെ അല്പാല്പം ഗർജ്ജിച്ചുവെങ്കിൽ അളവററഗുണം ലഭിക്കാനുണ്ട്''

ശ്രീരാമന്നീപ്രകാരം പ്രിയതമസഖനാം
നീന്നെലംഘിപ്പതിന്നായ്
പാരാതംഭോധി ചാടീടിന കപിവരനും
ശക്തനല്ലാംതെയാകും
ആരാൽ വന്നാഞ്ജനേയൻ ഗുണജലനിധിയാം
നിന്നപാരത്വ മുള്ളിൽ
നേരേബോധിച്ച നിന്നേ നിജകരകമലം
കൊണ്ടുമന്ദം തലോടും 37

വൈദേഹീവല്ലഭൻ തന്നുടെ ഹിതമഖിലം
സാധു സാധിപ്പതിന്നായ്
വൈദഗ്ധ്യം പാരമേറും പവനതനയനും
നീയുമൊത്തത്രരാത്ര്യാ
വൈശിഷ്ട്യം പൂണ്ടരാമായണകഥപലതും
തങ്ങളിൽ ചൊല്ലിമോദാൽ
വൈവശ്യം വിട്ടുവാഴും സമജന സഹവാ
സംസമസ്തർക്കു മിഷ്ടം 38

37. ശ്രീരാമപ്രതിപത്തി സമ്പാദിച്ചാൽ കടൽതാണ്ടിയ ഹനുമാനുകൂടി നിന്നെതടയാൻ കഴികയില്ല. ഗുണക്കടലായ നിന്റെ അപാരതയെക്കുറിച്ചു ബോധവാനായ ഹനുമാൻ സംതൃപ്തചിത്തനായി സ്വന്തം കരംകൊണ്ടു സ്നേഹപൂർവ്വം നിന്നെ തലോടിയേക്കാം പാരാതംഭോധി ചാടീടിനകപിവരൻ = ഹനുമാൻ ആഞ്ജനേയൻ = അഞ്ജനാപുത്രനായ ഹനുമാൻ തന്നെ. നിജകരകമലം = താമരപ്പൂപോലുള്ളതന്റെ കയ്യ്.

38. ശ്രീരാമസ്വാമിയുടെ ഇഷ്ടം സാധിക്കുമാറു ഹനുമാനോടൊത്തു നീരാത്രി കഴിക്കണം. ശ്രീരാമകഥകൾ വിവരിച്ചു തരാൻ ഹനുമാനു കഴിവുണ്ട്. ശ്രീരാമഭക്തനാകുന്ന മൂറയ്ക്ക് ഹനുമാന്റെ സമ്പർക്കം നിനക്ക് ഉപകരിക്കാതെ വരില്ല. വൈശിഷ്ട്യം = സവിശേഷത. വൈവശ്യം = അസുഖം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ധന്യന്മാരാം ഭവാന്മാർ ചിരതരമൊരുമി-
ച്ചിപ്രകാരം വസിപ്പാ-
നെന്നുള്ളത്തിങ്കലും, കൗതുകമതിന്നു സഖേ!
പിന്നെയാം ഷരംപദേന്ദ്ര!
മാന്യൻ നീ ബന്ധുകാര്യത്തിന്നു കുറവുവരു-
ത്തീടുമെന്നുള്ളിലോർത്ത
ല്ലിന്നേവം ഞാൻപറഞ്ഞേൻ ഹിതമറിക സദാ-
യോജ്യയോഗത്തിലാക്കം 39

ഊററത്തോടബ്ധി ചാടുന്നളവിലതിഥിപൂ
ജക്കു മുന്നം ഭവാനോ
ടേററം യാചിച്ച ശൈലേശ്വരനൊടു നിഗദി-
ച്ചുള്ള തോത്ഥാല്യമേവം
പിററന്നാൽ പോവം തിന്നായനിലനുടെ സുതൻ
നിന്നെ വിട്ടീലയെങ്കിൽ
തെററെന്യേ നീ പറഞ്ഞീടണ മഥ ഹനുമാൻ
സത്വരം സമ്മതിക്കം 40

39. ഭാഗ്യവാന്മാരെപ്പോലെ നിങ്ങൾ രണ്ടുപേരും ഒത്തു രസിക്കുന്നതിൽഎനിക്കു താല്പര്യക്കുറവില്ല. പക്ഷെഅതു പിന്നെ. ബന്ധുകാര്യത്തിനു നീ ഭംഗമുണ്ടാക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല. ബന്ധുക്കളുമായി കണ്ടുമുട്ടുമ്പോൾ യുക്തമായതേ പ്രവർത്തിക്കാവൂ.

40. ഹനുമാൻെറ അനുഭവം തന്നെ എടുത്തോളു. കടൽ ചാടുന്ന സമയത്തു മൈനാകപർവ്വതത്തിൻെറ ആതിഥ്യം സ്വീകരിക്കാതെ കർത്തവ്യനിരതനായി മുന്നോട്ടുപോയ കഥ ഓർമ്മപ്പെടുത്തി. സൂത്രത്തിൽ ഹനുമാനിൽനിന്നു് യാത്രാനുമതി കരസ്ഥമാക്കണം. അബ്ധി=സമുദ്രം. നിഗദിക്കുക=പറയുക. ശൈലേശ്വരൻ മൈനാകം സാദവും ദാഹവും തീർത്തുപൊയ്ക്കൊള്ളാൻ ഹനുമാനെക്ഷണിച്ചു. ''അലമലമിതരുത് രാമകാര്യാർത്ഥമായാശുപോകും വിധൗപാർക്കരുതെങ്ങുമേ'' എന്നുഹനുമാൻെറ മറുപടി ഓർമ്മപ്പെടുത്തിയാൽ കാര്യം ജയിച്ചു.

പിന്നെപ്പോകുന്നനേരം പെരുവഴിനടുവിൽ
സജ്ജന പ്രേമമുള്ളോർ
നിന്നെ ക്കാണുന്നതാകിൽ നിജനിലനിവേ-
ശത്തിനായ് ചെല്ലുമേററം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നെയാമെന്നവാക്യം വരമറികവരോ
ടെത്രയും നല്പവന്നും
തന്നില്പ്പത്തുള്ളവക്കും ചെറുതുശ്രുതേയു-
ണ്ടെങ്കിലേ നന്മയാവൂ 41

അല്പം തെക്കോട്ടതൂടേ സുഖമൊട്ടുനടകൊ
ണ്ടാൽ നിനക്കീക്ഷണീയം
ചൊല്ലേറ്റങ്ങും ഭൈമീഭൂമീ പതിയുടെ ഭവനം
മാനനീയം സുരാണാം
മാർഗത്തിൻ പൂർവ്വഭാഗേ നൃപഗൃഹമസുര
ന്മാരിൽ നിന്നുള്ള ഭീത്യാ
സർഗത്തേവിട്ട വന്നീടിന സുരപതിതൻ
ഗേഹമോ എന്നു തോന്നും 42

पुस्तकालय
गुरुकुल कांगड़ी विश्वविद्यालय
6853

41. അവിടന്നങ്ങോട്ട് യാത്രതുടരുമ്പോൾ സജ്ജനങ്ങൾ സ്വന്തംവീടു കളിലേക്ക് നിന്നെ ക്ഷണിച്ചുവെന്നുവരാം. അടുത്ത അവസരത്തിൽ വരാം; അല്പം തിരക്കുണ്ടെന്നുപറഞ്ഞ് സല്ക്കാരം ഒഴിവാക്കുന്നതാകും നല്ലത്. തനിക്കും കൂട്ടുകാർക്കും സുഖമുണ്ടെങ്കിൽ മാത്രമേ ആതിഥ്യം ആസ്വാദ്യമാകൂ.

42. അല്പം തെക്കോട്ട് നീങ്ങിയാൽ കടത്തനാട് രാജാക്കന്മാരുടെ ആസ്ഥാനമായി. ദേവന്മാർക്ക് അസുരഭയം കൂടാതെ താമസിക്കാൻ പാകത്തിൽ വഴിയുടെ കിഴക്കുഭാഗത്ത" നിർമ്മിക്കപ്പെട്ട ഇന്ദ്രപുരിയാണോഎന്ന് ആരുംഅതു കണ്ടാൽ സംശയിച്ചുപോകും.

ഭൈമീഭൂമിപതി—കടത്തനാട് തമ്പുരാൻ. കടത്തനാടിന്റെ സംസ്കൃതരൂപമാണത്രേ ഘടോൽക്കചനാട്—ഭീമന്റെ പുത്രനാണ് ഘടോൽക്കചൻ.

തിങ്ങീടും പത്രജാലം പെരുകിന വടവൃ-
ക്ഷങ്ങളുണ്ടധ്വഗാനാ-
മെങ്ങും നല്പന്തപത്രാവലിയെടീടപെടും
വണ്ണമദ്ധ്വാവു തോറും
നീങ്ങീടും ശാഖകൾറത്തു സമയമൊരി-
ക്കൽതെടേം പാന്ഥരേയെ-
ന്നങ്ങൾക്കാമ്പിൽ കൊതിച്ചീട്ടിതിനു സമയവും
പാർത്തു നില്ക്കുന്നു സൂര്യൻ 43

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഉണ്ടല്ലോ വൃക്ഷഷണ്ഡം തവചിറകു തളർ
　　ന്നീടുമപ്പോളിരിപ്പാൻ
വേണ്ടുന്നേരം കുടിപ്പാൻ മധുകലശസമാ-
　　നങ്ങളായുള്ള പൂക്കൾ
തെണ്ടിച്ചെന്നെത്തു വാനായവിരതമതുവേ-
　　ഗേനനിൻ സൽകൃതിക്കായ്
ക്കൊണ്ടത്രേയെന്നു തോന്നും വഴിയുടെയരികേ
　　തന്നെ നില്ക്കുന്നതോർത്താൽ 44

43. രാജധാനിയിലേക്കുള്ള വഴി വടവൃക്ഷങ്ങളെക്കൊണ്ട് തണൽ വിരിക്കപ്പെട്ടിരിക്കുന്നു. ഭാഗ്യവാന്മാരായ വഴിപോക്കരെ ഒന്നുതൊടാൻ തരപ്പെടണമെങ്കിൽ തിങ്ങിക്കൂടിയ ഇലകൾ കാററത്ത് നീങ്ങിക്കിട്ടണം. അതിന് അവസരവും നോക്കി നില്ക്കുകയാണ് സൂര്യൻ, ഇളംകാററും തണുപ്പും കൊണ്ട് സുഖശീതളമാണ് ആ നടവഴി എന്നുചുരുക്കം. ആതപത്രം—കുട.

44. ഷണ്ഡം=കൂട്ടം. മധുകലശം=തേൻകുടം. തെണ്ടി=തേടി. അവിരതം=എപ്പോഴും. സൽകൃതി=സൽക്കാരം. ചിറകൊതുക്കി വിശ്രമിക്കാൻ വൃക്ഷക്കൂട്ടങ്ങൾ ഉണ്ട്. പാനത്തിനുവേണ്ടി പൂക്കളാകുന്ന തേൻകുടങ്ങൾ നിറച്ചു തൂക്കിയിട്ടിരിക്കുന്ന നിന്റെ സല്ക്കാരത്തിനാണെന്ന് തോന്നും, വഴിനീളെയുള്ള ഈ സംവിധാനങ്ങൾ കണ്ടാൽ.

സാമോദം പത്മവക്ത്രം മുഹുരപിച സമാ-
　　ഘ്രാണനം ചെയ്തു ചെയ്തു.
സാനന്ദം ചാരുവാകും സ്തബക കുചഭരം
　　പുൽകിയും ഗാഢ ഗാഢം.
സാരംഗാക്ഷീ ജനത്തിൻ സരസത കലരും
　　താമരപ്പൊയ്കയിങ്കൽ
സാരസ്യജ്ഞൻ ഭവാനും വലിയൊരധികമെ-
　　ന്നുണ്ടു സന്ദേഹമേററം 45
നീലക്കല്ലിന്റെ ഗോളത്തിനു സമതനുവാം
　　നീ സമീരാഗമത്തിൽ
ലോലത്വത്തോടെ നില്ക്കും കമലദളപുടേ
　　ചേർന്നിരിക്കുന്ന നേരം
ചാലപ്പൊങ്ങീടുമാക്കാന്തിയെ മമമനസാ
　　സാമ്പ്രതം കാൺകയാലെൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലോലാക്ഷീ മൗലിയാം തൻ മിഴിയുടെയഴകേ
　　　　ത്തന്നെയോർക്കുന്നു ഹാ ! ഞാൻ 46

45. താമരപ്പൂക്കളുടെ മുഖത്തെ വീണ്ടും വീണ്ടും മുകരുക മൊട്ടുകളാകുന്ന കുചഭരത്തെ തഴുകുക. ഈ പരിപാടിയുമായി അവിടത്തെ താമരപ്പൊയ്കയിലേക്ക് ഇറങ്ങിയാൽ നീ വളരെ ക്ഷീണിച്ചുപോകും സംശയമില്ല. താമരപ്പൊയ്കയിൽനിറയെ താമരപ്പൂക്കളും മൊട്ടുകളും ഉണ്ടെന്നുസാരം.
മുഹുരപി = വീണ്ടും വീണ്ടും. സ്തബകം = വിടർന്നതും വിടരാത്തതുമായ പൂക്കളടങ്ങുന്ന കുല. കുചഭരം = കുചകലശം. സാരംഗം = മാൻ. സരസത = രസികത്വം.

46. നീലക്കല്ലിന്റെ ഗോളത്തിന് സമാനമായ കാർവണ്ട്. കാററത്തിളകുന്ന വെള്ളത്താമരയിൽ അമർന്നിരിക്കുമ്പോൾ അത് എന്റെ നായികയുടെ തരളങ്ങളായ കണ്ണുകളെ അനുസ്മരിപ്പിക്കുകയാണ്. ലോലാക്ഷി = ഇളകുന്ന കണ്ണോടുകൂടിയവൾ

നൂനം നിൻദർശനത്തിൽ വികച കുസുമമാം
　　　　മന്ദഹാസത്തിനേൾട്ടം
പീനത്വം പൂണ്ടിരിക്കും മുകുളകുചഭര–
　　　　ത്തോട്ടമേററം വിളങ്ങും
മല്ലപ്പൂവല്ലിതന്നേയഴകൊടു തഴുകാ-
　　　　താശ്രുപോയിട്ടമോ നീ
മല്ലപ്പോർ കൊങ്കയാളേ നിജവശഗതയെ-
　　　　ന്നാകിലേവൻ ത്യജിക്കും ? 47

നൃത്തത്തിൽ വായുവിൽ നിന്നതിചതുരതതേ-
　　　　ടുന്ന വല്ലീവധുക്കൾ
ഗീതത്തിങ്കൽ നിനക്കും നിപുണത നിട്ടതാ–
　　　　യുണ്ടുതാനും നിതാന്തം
ചേതസ്സിങ്കൽ നിനച്ചാലവരുടെയധരം
　　　　നിശ്ചയം നല്ല പൂന്തേ-
നേതത്സർവ്വം ഭവാൻതന്നുടെ ഗമനവിളം
　　　　ബാത്ഥമെന്നോർത്തു ഖേദം 48

47. നിന്റെ യാത്രക്കിടയിൽ വിടർന്ന പൂക്കളാൽ മന്ദഹാസം പൊഴിച്ചും തടിച്ചപൂമൊട്ടുകളാകുന്ന സ്തനഭാരത്തോടെശോഭിച്ചും കൊണ്ട് പിച്ചകവല്ലി

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നില്ക്കുമ്പോൾ അതിനെ ഗാഢാലിംഗനം ചെയ്യാതെ പോകാൻ നിനക്ക് സാധ്യമാകയില്ല. സുന്ദരീസാമീപ്യം മദനപാരവശ്യമുയർത്തുക സാധാരണമാണ് മേഘദൂതം 41-ാം ശ്ലോകത്തിൽ ഒരു സമാനവാക്യമുണ്ട്. ജ്ഞാതാസ്വാദകനായ ഏതൊരുത്തൻ വിവൃതജഘനയെ ഉപേക്ഷിക്കാൻ സമർത്ഥനാകും? എന്നാണ് കാളിദാസൻെറ ചോദ്യം.

48. വല്ലികളാകുന്ന യുവതികൾ നൃത്തം പഠിച്ചത് വായുവിൽ നിന്നാകാം. ഗാനനിപുണനായനീയും എത്തിപ്പെടുന്നു. വല്ലികളുടെ അധരം പൂന്തേനൊഴുകുന്നതായും കാണപ്പെടുന്നു. എല്ലാം ചേരുമ്പോൾ വിശ്രമതൃഷ്ണ മുഴുത്ത് യാത്രയ്ക്കമാന്തം വരുമോഎന്നാണ്എനിക്കുള്ള പേടി. വിടപകരം = മരക്കൊമ്പാകുന്നകൈ. ആദായ മോദാൽ = സന്തോഷത്തോടെ വച്ചിട്ട്.

പൂവാകും പാനപാത്രേ വിരവൊടു മധു പൂ-
രിച്ചുവെച്ചെപ്പൊഴും നിൻ
സേവക്കായ്ക്കൊണ്ടുതന്നേയത്ര വിടപകരാ
ഗ്രത്തിലാദായ മോദാൽ
ഭവത്തേക്കൊണ്ടിതാ വന്നിതുകലയ സഖേ
സാമ്പ്രതം ഞങ്ങളിൽ നി
ന്നേവം ചൊല്ലും മഹത്വം പെരുകിന തരുവൃ-
ന്ദത്തെ മാനിക്കമല്ലോ 49

വൃക്ഷാഗ്രേ വിശ്രമിച്ചും പ്രതിപഥമഭിവീ
ക്ഷിച്ചു തൻജ്ഞാതിമാരാൽ·
വക്ഷസ്സിൽച്ചേർത്തു പുൽകി കൃതകശലനമാ-
യെട്ടിരുന്നും നടന്നും
ഭക്ഷിച്ചും തേൻനുകർന്നും പുനരപിചപറ-
ന്നും ഭവാനിപ്രകാരം
രക്ഷിക്കും സാധു സാമൂതിരി നരപതി വാ-
ഴുന്ന രാജ്യം ക്രമേണ 50

49. നിനക്കു കുടിക്കാനായി പൂക്കളാകുന്ന നിറഞ്ഞ മധുകുടങ്ങൾ വൃക്ഷക്കൊമ്പുകളിൽ തൂങ്ങുന്നു. ആവൃക്ഷങ്ങളുടെ ആതിഥ്യം സ്വീകരിച്ചുഅവരെ അനുഗ്രഹിക്കാൻ ഒട്ടും മടിക്കയുംവേണ്ട.

50. മരക്കൊമ്പുകളിൽ വിശ്രമം, ബന്ധുക്കളുടെ പരിലാളനസുഖം കുടിക്കാൻ ധാരാളം പൂന്തേൻ ഇതെല്ലാമനുഭവിച്ച് കുറേദൂരം പോയാൽ സാമൂ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിരിരാജാവിന്റെ ആസ്ഥാനമായ കോഴിക്കോട് എത്താതിരിക്കില്ല. ജ്ഞാതിമാർ= ബന്ധുക്കൾ. കൃതകുശലനായ് = കുശലം പറഞ്ഞവനായി. സാധു = സച്ചരിതൻ.

അംഭോരാശിക്കു തീരേ വിപണികളവിടെ
യുണ്ടു സംഖ്യാവിഹീനം
സംഭോഗത്തിങ്കലെന്തോ ഹിതമതു സകലത്തും
സംഭരിപ്പാനെളുപ്പം
അംഭോജാക്ഷീ ജനാനാം സുഭഗത മനതാ
രിങ്കലോർത്താൻ രതീശൻ
ശംഭോർ നേത്രേ ദഹിപ്പാനവരുടെ പതിയ-
പ്പ്രാഞ്ഞതാം ഹേതുനൂനം 51

കസ്തൂരീ ചന്ദനം നല്ലഗരു ഘുസൃണവും
ചന്ദ്രരേണുക്കളെന്നീ
വസ്തുക്കൾ വേണ്ടു വാളം സുരഭികളവിടെ
നിന്നു മററും ലഭിക്കും
വസ്ത്രങ്ങൾ, ഭൂഷണങ്ങൾ വിശറിയുമഥ നൽ
ചാമരം പങ്കയെന്നീ
ശസ്തത്വം പൂണ്ട മററും പലവകയവിടേ-
യുണ്ടു വേണ്ടുന്നതെല്ലാം. 52

51. കോഴിക്കോട്ടെ കടൽക്കരെക്കടുത്ത് എണ്ണമററ പാണ്ടികശാലകൾ ഉള്ളവയിൽ ഹിതമുള്ള, സുഖഭോഗസാമഗ്രികൾ വിപണനത്തിനു സംഭരിച്ച് വച്ചിരിക്കുന്നു. അവിടത്തെ സുന്ദരികളായ സ്ത്രീകളുടെ നില ആലോചിച്ചാൽ, കന്ദർപ്പൻ ശിവന്റെ മൂന്നാം തൃക്കണ്ണിൽ ദഹിപ്പിക്കാൻ കാരണം വ്യക്തമാകും അവിടെയുള്ളവരുടെ ഭർത്തൃത്വം ലഭിക്കാത്ത നിരാശയാവണം, തീർച്ച (സ്ത്രീകളെല്ലാം രതിസമാനകളാണെന്ന്)

സംഭോഗത്തിങ്കലെന്തോഹിതം = സുഖഭോഗങ്ങൾ ഹിതമായ രീതിയിൽ നടത്താൻ വേണ്ട വിഭവങ്ങളത്രേ ഇഞ്ചി, കസ്തൂരി ഇത്യാദിനാണ്യ വിഭവങ്ങൾ. അവയെല്ലാം സംഭൃത വസ്തുക്കളിൽ പെടുമെന്നർത്ഥം. (ദ്രവ്യങ്ങളുടെ പട്ടിക അടുത്ത ശ്ലോകത്തിൽ)

52. കസ്തൂരി ചന്ദനം അകില് കുങ്കുമം, കർപ്പൂരപ്പൊടി തുടങ്ങിയ സുഗന്ധ വസ്തുക്കൾ സുലഭമാണ്. കൂടാതെ ജൗളിത്തരങ്ങൾ സ്വർണ്ണാഭരണങ്ങൾ, വിശറി, ചാമരം, ആലവട്ടം തുടങ്ങിയ പ്രസിദ്ധമോടി വസ്തുക്കൾ പലതും യഥേഷ്ടം ലഭിക്കും.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അഗരു=അകില്. അതിൻെറ പുകക്കു സുഗന്ധമുണ്ട്. ഘുസൃണം=കുങ്കമം. ചന്ദ്രരേണു=കർപ്പൂരപ്പൊടി. ശസ്തം=മംഗളസ്വഭാവം.

ആരായ്കിൽ വേഗമെന്നല്ലധികതമ വിശം-
ലത്വവും രണ്ടുകൊണ്ടും
നേരായ് ചിത്തത്തിനൊക്കും ശകട വരസമൂ
ഹങ്ങളുണ്ടത്ര ഭൂമൗ
ആരായാലും ക്രമത്തോടൊരു നരനതിലൊ-
ന്നിൽ പ്രവേശിക്കിലപ്പോഠ
വീരാകേരം കാശിയാകും പുരിയതിലുമവൻ
പുക്കിനാനെന്നു തോന്നും 53

വെന്നീടേണം നമുക്ക് പ്രവര ശകട മെ-
ന്നുള്ളിലുണ്ടിച്ഛയെങ്കിൽ
ചെന്നീടേണം സമീപേ പുനരതു ഗമനം
ത്ഥം തുടർന്നീടുമപ്പോഠ
മന്ദിച്ചീടാതെ പാറീടുക ചിരമതിത്ഥം-
കാരിയായ്ത്തന്നെയെന്നാൽ
വന്നീടും വീരമൗലേ! തവവിജയ മതി-
ന്നില്ല സന്ദേഹമേതും 54

53. വേഗം, വലുപ്പം എന്നീരണ്ടിനങ്ങളിലും മനസ്സിനൊത്ത തീവണ്ടികഠ കോഴിക്കോട്ടെത്തിയാൽ കാണാം. വേണ്ടവിധത്തിൽ അതിനകത്തുകയറിനോക്കിയവന് കാശിയാത്രയുടെ അനുഭവം ഉണ്ടാവാതെവയ്യ. ശകടവരസമൂഹം=തീവണ്ടിക്കൂട്ടം. കോഴിക്കോട്ട്ചെന്നാൽ തീവണ്ടികാണാം. എന്ന് പറഞ്ഞതിന്കാരണമുണ്ട്. അന്ന് കോഴിക്കോട്ടിന് വടക്ക് തീവണ്ടിയില്ല. കോഴിക്കോട്ടിന് വടക്കോട്ട് വടകരവരെ തീവണ്ടിഓടിത്തുടങ്ങിയത്. 1901 ഒക്ടോബർ മുതല്ക്കാണ്. കോഴിക്കോട്-ഷൊർണൂർതീവണ്ടി 1888 ജനുവരി 2ന് തന്നെ നടപ്പായി. 1894ൽ ഗ്രന്ഥരചനാ കാലത്ത് തീവണ്ടി അത്ഭുതദൃശ്യമായിരിക്കണം.

54. പക്ഷേ മനോവേഗമുള്ള തീവണ്ടിയെ നമുക്ക്തോല്പിക്കാൻ വഴിയുണ്ട് അതിൻെറ അരികെ എത്തിവണ്ടിപുറപ്പെടുന്ന സമയത്ത് മൂളിക്കൊണ്ട് ഒന്നിച്ചുപാറിയാൽ മതി. എങ്കിൽ നീ വിജയിക്കും; സംശയമില്ല. (മയൂരസന്ദേശത്തിൽ ദൂതൻ ഓടുന്ന തോണിയെ പ്രയോജനപ്പെടുത്തുന്നു.)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചിത്തത്തിന്നീവിധം വിസ്മയകരമാം
  വസ്തുമാറും ചമപ്പാ
നത്തൽ കൈവിട്ടിരിക്കുന്നവരുടെ മഹിമം
  വെന്തുസാരം നിനച്ചാൽ
ഇത്ഥം സാമത്ഥ്യ മേറുന്നവരെയു മനിശം
  സൃഷ്ടിചെയ്താത്തമോദം
സ്വസ്ഥത്തോടിരിക്കും ത്രിഭുവനപതി തൻ
  വൃത്തമത്രേ വിചിത്രം. 55

ഏവം നീയന്ത്രയാനത്തിനെയുമഥ ജയി-
  ച്ചൊട്ടു ചെന്നാലതിൻപ-
ന്ഥാവേയും വിട്ടടൻ ദക്ഷിണ പഥമവലം-
  ബിച്ചുകൊണ്ടു യാത്രചെയ്വാൻ
ഭുവിങ്കൽ ശസ്തിയേറും കുവലയമിഴിമാരായ
  പൊൻവള്ളികൾ തൻ
കാവായ് മേവുന്ന തൃശൂരഭിധജന പദത്തിങ്ക-
  ലെത്തീടു മെന്നാൽ 56

55. തീവണ്ടി തുടങ്ങിയ അത്ഭുതവസ്തുക്കൾ നിർമ്മിച്ചവരുടെ വലുപ്പം എന്തോ? ആ സാമർത്ഥ്യ പ്രകടനത്തിനു കഴിവുള്ളവരെ സൃഷ്ടിച്ച് അവരുടെ ചെയ്തികളെ ആമോദപൂർവ്വം ശാന്തമായി പിറകിൽനിന്നു വീക്ഷിക്കുന്ന ത്രൈലോക്യനാഥൻ ജഗദീശ്വരൻെറ വലുപ്പമാണ് വലുപ്പം.
അനിശം=എപ്പോഴും.

56. അങ്ങിനെ തീവണ്ടിയെ തോല്പിച്ച് കുറേദൂരംചെന്നാൽ ഒരുഘട്ടത്തിൽ ആ പാതവിട്ട് തെക്കോട്ട്തിരിയണം. സുന്ദരികളുടെ മലർക്കാവെന്ന് ലോകപ്രശസ്തിയുള്ള തൃശൂർ പട്ടണത്തിൽ നീ എത്തുകയായി.
ഒട്ടുചെന്നാൽ=ഷൊർണൂറിന് തെക്കോട്ട് അന്ന് തീവണ്ടിയായിരുന്നില്ല. ഷൊറണൂർ–എറണാകുളം തീവണ്ടിപ്പാത ദിവാൻ പി. രാജഗോപാലാചാരിയുടെകാലത്ത് 1899ൽ പണിതുടങ്ങിയെങ്കിലും പൂർത്തിയാക്കിയത് 1902ൽ മാത്രമാണ്.

ശ്രീകണ്ഠൻ സൈന്യനാഥൻ, ദശരഥസുതനും
  മൂവരും കൂടിവാഴും
ശ്രീമത്താമപ്പുരത്തിന്നുപമിതി പറവാ
  നോർത്തുനോക്കുന്ന നേരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ശ്രീകൈലാസാഭിധാന ക്ഷിതി ധരവരമോ
സ്വർഗ്ഗമോ ഭൂപതീനാം
ശ്രീമന്താരാം രഘൂക്കാംകുടയ പുരമതോ
നല്ലതെന്നും ഭ്രമം മേ 57

പ്രാതക്കാലെ കുളിച്ചിട്ടനുദിന മടി കൂപ്പുന്ന
തൽക്കാമിനീനാം
വ്രാതത്തിൽ രാഗമെൻ കാന്തനു മനസി ഭവി
ക്കുന്നുവോയെന്ന ബുദ്ധ്യാ
സത്യം ബോധിപ്പതിന്നായ് ശിവനുടെ പിറകിൽ
ഗൗരി വാഴുന്നു ഗൂഢം
നിത്യം ശങ്കിക്കുമല്ലോ യുവതികൾ പതിയേ
ദാസിയും സ്വാസ്യയെങ്കിൽ 58

57. ശിവൻ, ഗണപതി, ശ്രീരാമൻ എന്നീമൂന്നു പ്രതിഷ്ഠകളും ഉള്ളതൃശൂർ നഗരത്തിന് ഉപമാനം കാണുക ദുഷ്കരംതന്നെ. കൈലാസമോ, സ്വർഗ്ഗമോ, അയോദ്ധ്യാപുരിയോ, ഏതാണ് ഉപമാനമായിട്ടെടുക്കേണ്ടത്, എന്നാലോചിച്ചു. എനിക്കു പിടികിട്ടുന്നില്ല. (കൈലാസത്തിൽ വിശുദ്ധി, സ്വർഗ്ഗത്തിലെ സുഖസമൃദ്ധി, അയോദ്ധ്യയിലെ നീതിപാലനം ഇതെല്ലാം ഒത്തുചേരുന്ന സ്ഥലമാണ് തൃശൂരെന്നുധ്വനി.

58. പുലരാൻകാലത്ത് കുളിച്ചു ഈറൻചുററി സുന്ദരിമാർ വടക്കുനാഥക്ഷേത്രത്തിലേക്ക് കൂട്ടമായി വന്നുതുടങ്ങും. ഇവരിൽ വല്ലവരോടും പ്രത്യേക മമത ഭർത്താവ് ഭാവിക്കുന്നുണ്ടോ എന്ന് ഗൂഢമായി അന്വേഷിക്കാൻ തോന്നുമാറ് ശിവന്റെ പിറകിൽ കൂടിയിരിക്കയാണ് പാർവ്വതി. അതിലെന്തൽഭുതം? വേലക്കാരത്തി സ്വല്പം കൂടി മുഖശ്രീയുള്ളവളായോ ഭർത്താവിനെ സംശയിക്കുക യുവതികളുടെ സ്വഭാവമാണ്.
സ്വാസ്യ—മുഖശ്രീയുള്ളവൾ.

ബോധിച്ചാലും രതീശൻ വിജയമവിടെ വെ-
ച്ചേററതാരുത്തങ്കലിപ്പോൾ
സാധിക്കുന്നില്ല വേഗാൽ നളിന മിഴികളാകുന്ന
സൈന്യ ബലത്താൽ
ഗൗരീശൻ നൂറുവട്ടം ചുടുകിലുമിനിയും
സ്വേക്ഷണം കൊണ്ടുതന്നെ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നേരിട്ടച്ചാരുഗാത്രീ ജനവ്യൂമടനുടൻ
കാമനേ സൃഷ്ടിചെയ്യും. 59

സൗന്ദര്യം പാരമുണ്ടെങ്കിലുമബലകരം തൻ
ലീലകരംക്കം ചുരുക്കം
മാധുര്യം വേണമത്രേ പുരുഷനു രതിയുണ്ടാ
ക്കുവാൻ ; കാരണംകേരം
ചാതുര്യം പൂണ്ട തത്രത്യകളുടെ പുരികത്തിൻ
വിലാസത്തിനേറും
സൗന്ദര്യം തന്നെ പോരും തരുണ ജന മഹ
സ്സാകവേയാഹരിപ്പാൻ 60

59 വാസ്തവമാലോചിച്ചാൽ ഈപെൺപടയുടെ ഊക്കുകൊണ്ടാണല്ലോ കാമദേവൻ പുരുഷന്മാരെ മുഴുവൻ കുഴപ്പത്തിലാക്കുന്നത്. മൂന്നാം തൃക്കണ്ണുകൊണ്ട് കാമദേവനെ നൂറുവട്ടം ശിവൻ ചുട്ടു എന്നുവരട്ടേ; വെറും കൺവെട്ടുകൊണ്ട് ഇരട്ടിവേഗത്തിൽ കാമദേവന് പുനർജീവൻ നൽകാൻ കഴിവുള്ള സുന്ദരിമാരാണ് മറുവശത്ത്. ശിവൻ ഒററക്ക് ഒരുകണ്ണുകൊണ്ട് കന്ദർപ്പദഹനം നടത്തുന്നു. അപ്പുറത്ത് കൺകോൺവെട്ടിച്ച് പുനർജീവൻ നൽകാൻ നീണ്ട കണ്ണുകളുള്ള സ്ത്രീകരം നിരവധിയാണ്. തൃശൂരിൽ സുന്ദരികരം എമ്പാടുമാണ്. എന്ന്ചുരുക്കം.

60. സൗന്ദര്യത്തിന് കൂട്ടായി രസികത്തം ചേർന്നാലേ സ്ത്രീക്കു പുരുഷനെ വശീകരിക്കാനൊക്കൂ എന്നതാണ് സത്യം. അതുകൊണ്ട് തൃശൂർക്കാരായ സുന്ദരിമാർ പുരികക്കൊടി ചലനം കൊണ്ട് മനുഷ്യമനസ്സിനെവിഴുങ്ങുകയാണ്. തത്രത്യകരം = അവിടത്തുകാർ.

ഈശന്മാരേ വണങ്ങിച്ചിരമവിടെയിരുന്നാകി-
ലിപ്പോരംനിനക്കാ
ദേശത്തിങ്കൽ വസിക്കും മധുരമൊഴികളെ
മിക്കതും തത്ര കാണാം.
കേശം നിൻ വംശ്യരെന്നും മുഖവിധു കമലം
തന്നെയെന്നും നിനച്ചി
ട്ടാക്കപ്പോളീരിപ്പാന്നൊരു നിലയനമാം
നിശ്ചയം നിന്മനസ്സും 61

സൗരഭ്യം സാരസത്തിൻെറതിനു സദൃശമായുള്ള
തന്നാനനത്തിൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചാരത്താമ്മാറു ചെല്ലുന്നളവിലവർ ഭവാൻതന്നെ
ഹസ്താംബുജത്താൽ
താഡിപ്പാനായ് തുടർന്നീടുകിലുടനവരേ
ഘോരത്ധംകാരിയായി
പേടിപ്പിച്ചംശു വാങ്ങീടണമവർ ചകിത
ഭാവന ചെയ്യുന്നതത്രേ. 62

61. ക്ഷേത്രത്തിലെ പ്രതിഷ്ഠകളെ തൊഴുത്, അല്പനേരം ചെലവഴിച്ചാൽ സുന്ദരിമാർ മിക്കവരേയും നിനക്ക് അവിടെവെച്ച് കാണാൻ തരപ്പെടും. മധുരമൊഴികളുടെ തലമുടി നിൻെറ കുടുംബക്കാരായും മുഖം താമരപ്പൂവായും നിനക്ക് തോന്നാം. അപ്പോൾ നിൻെറ മനസ്സ് ഉൽസാഹത്തിൻെറ ഇരിപ്പിടമായിമാറുകയും ചെയ്യും. കേശം = മുടി. വംശ്യർ = വംശമുദ്രയുള്ളവർ (കറുത്തിരുണ്ടതിനാൽ)

62. താമരപ്പൂവിൻെറ ഭംഗിയും ചന്ദനഗന്ധവും ഉള്ള ഭഗവത്ഭക്തകളുടെ മുഖത്തെ സമീപിച്ചാൽ താമരപ്പൂപോലുള്ള കൈത്തലം കൊണ്ട് അവർ നിന്നെ തട്ടിയാട്ടിയേക്കും. അപ്പോൾ ത്ധംകാരം മുഴക്കി ഒന്നുവിരട്ടി വിട്ടാൽ അവർ പേടിക്കും. നിനക്കു രക്ഷയും കിട്ടും. കാരണം ഭയസംഭ്രമത്താലാണ് വിരോധം കൊണ്ടല്ല നിന്നെ തട്ടിമാററുന്നത് മേഘദൂതിലെ 61—ാംശ്ലോകം ദേവസ്ത്രീകളെ വിരട്ടാനായി ശ്രവണപരുഷമായി ഗർജ്ജനം ചെയ്തുകൊള്ളാൻ മേഘത്തെ ഉപദേശിക്കുന്നുണ്ട്. മയൂരസന്ദേശത്തിൽ വികൃതിപിള്ളേരെ വിരട്ടാൻ മയിലിനോട്.

കൂടിച്ചേർന്നിട്ടൊരുവക കളിക്കൂട്ടർ നിന്നെപ്പിടിക്കാ—
നോടിച്ചെങ്കിൽ പടുതയൊടുടനേ പിന്തിരിഞ്ഞന്തികത്തിൽ
ചാടിച്ചെന്നിച്ചതുരതയെഴും പീലിയെ ബ്ബാലകന്മാർ
പേടിച്ചോടും പടി ത്ധടുതിയൊന്നുച്ചലിപ്പിച്ചിടേണം

സാരസം=താമരപൂവ്.

പിന്നെപ്പോയീടുവാനായ് തവ വഴിയവിടേ
നിന്നു നാലഞ്ചുകാതം
ചെന്നെത്തും ദിക്കിലുണ്ടങ്ങൊരു തടിനിയതി
ന്നക്കരെച്ചെന്നു ചേർന്നാൽ
നന്നേററം യാത്രചെയ്‌വാനതിനുടെ തണലു
ള്ളോരു തീരംവിടേണ്ടാ
നിന്നെ സ്സേവിക്കമല്ലോ നദിയുടെ സലിലം
തൊട്ടു വീശും മരുത്തു. 63

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പോകും മാർഗ്ഗത്തിലേർണ്ണാകുളമിതി ജഗതി
ഖ്യാതമായുള്ള രാജ്യം
പാകദ്വേഷിക്കുമുണ്ടാം കുതുകമവിടെയുള്ളോരു
സൗഖ്യം നിനച്ചാൽ
പാരം വിസ്തീർണ്ണയല്ലോ നദിയവിടെയതിൽ
പൂർവ്വതീരത്തു തന്നെ
മാരാരിക്കുണ്ടു ലീലാനിലയമത്തുമനോ
മോഹനം മനനീയം, 64

63. തൃശൂരിൽനിന്നു നാലഞ്ചുകാതം വഴിപോയാൽ ഒരു നദികടക്കാനുണ്ട് ആ നദീതീരത്തുകൂടി തണൽ പിടിച്ചു പോവുകയാവുംഭേദം. എത്ര സുഖശീതളമായിരിക്കും നദിയിൽ തട്ടിവരുന്ന ഇളംകാററ് എന്നോ? ഇവിടെ ഉദ്ദേശിക്കുന്നത് ആലുവാനദിയാകണം, പെരിയാറിൻെറ കരയോരം സുഖവാസയോഗ്യമാണെന്നത് പ്രസിദ്ധം. തൃശൂരിൽ നിന്ന് ആലുവായ്ക്ക് ദൂരം നാലഞ്ചുകാതമാണ്.

64. ഇനി നേരേപോയാൽ ലോകപ്രശസ്തിയുള്ള എറണാകുളം നഗരമാണ് ദേവേന്ദ്രനുകൂടി താമസിക്കാൻ കൊതി തോന്നുന്ന സ്ഥലം. വിസ്താരം കൂടിയ നദിയുടെ കിഴക്കേകരയിൽ സുന്ദരവും പാവനവുമായ ഒരു സുഖവാസസ്ഥലം ശിവൻപണിതിട്ടുണ്ട് ശിവക്ഷേത്രമാകാം ഉദ്ദേശിക്കുന്നത്.

ഗ്രീഷ്മത്തിൽപ്പോലുമപ്പാർവതീയുടെ പതിവാഴുന്ന
ദിക്കിൽ പുമാന്മാ-
ർക്കൂഷ്മാവേ നീക്കിയേററം ശിശിരത പെരുതാ
യുള്ള നാദേയവായു
വർഷത്തിൽ കാന്തികോലും കമനികളുടെ
വക്ഷോജ കുംഭത്തിനുള്ളോ
രൂഷ്മാവേ ചെന്നുയാചിപ്പതിനു മടിയകററി
ച്ചുമക്കുന്നു വേഗാൽ. 65

കാലാകാലത്തിലെല്ലാം സ്വശിരസികൃതമാം
കാലകാലൻെറ കാൽത്താർ
കാണാഞ്ഞാരാഞ്ഞു വേഗാലിഹ വരുവതിനായ്
ത്തോണി കിട്ടായ്ക മൂലം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലം വൈകിച്ചു നിൽക്കും രജതഗിരിവരൻ
പോലെ നിൽക്കുന്ന കാണാം
കാണാൻ കൗതുഹലപ്പെട്ടുവന്നു മറുകരേ
കുന്നതം ഹർമ്മ്യ ജാലം 66

65. ആലുവപ്രദേശത്ത് വേനൽക്കാലത്ത് നദിയിൽനിന്ന് കുളുർകാററടിക്ക കാരണം തണുപ്പ് വർദ്ധിച്ച് ജനങ്ങരം അംഗനാ സമ്പർക്കം കൊതിച്ചു പോകയാണ്. ഗ്രീഷ്മത്തിൽ—വേനൽക്ക്
ഊഷ്മതകൊണ്ടു വരട്ടിച്ചാച്ചുള്ള
ഗ്രീഷ്മമായുള്ളൊരു കാലം വന്നു—കൃഷ്ണഗാഥ.
ശിശിരത=തണുപ്പ്. വർഷ്മം ശരീരം.

66. കിഴക്കേകരയിൽ ശിവൻെറ ആസ്ഥാനമുണ്ടെന്ന് 64-ാം ശ്ലോകത്തിൽ പറഞ്ഞുവല്ലോ. പടിഞ്ഞാറേകരയിൽ വെളുത്തുയർന്ന തുംഗഹർമ്മ്യങ്ങരം കണ്ടാൽ മരുമകനെ കാണാൻതിടുക്കത്തോടെ തോണികാത്ത് മറുകര നില്ക്കുന്ന ഹിമവാൻ തന്നെയാണോ എന്ന് തോന്നിപ്പോകും. കാലാകാലത്തിനെല്ലാം—നല്ല കാലത്തും, ചീത്തകാലത്തും കാലകാലൻ—കാലൻെറ അന്തകനായ ശിവൻ. ഉൽപ്രേക്ഷാലങ്കാരം.

പൊക്കത്തിൽ ഭംഗിയോടെ വെളുവെളെ വിലസി
ക്കാണു മാ സൗധമെല്ലാം
ചൊൽക്കൊള്ളും കൊച്ചിരാജ്യത്തിനു രചിതമല
ങ്കാരമായുള്ളതല്ലേ
നിൽക്കട്ടെ തൽപ്രകാരം ഗമനമതിൽ കൂടെ
യല്ലല്ലൊ വേണ്ടു
വയ്ക്കത്തെ കൂടിയത്രേ യതുമറിക നദീകൂല
മേററം വിശിഷ്ടം 76

വഞ്ചിക്ഷോണീശ്വരന്നുള്ളൊരു ജനപദമാം
തത്ര കണ്ടാകില്ലുള്ളം
വഞ്ചിക്കും കാന്തിതേടും ത്രിപുര ഹരമഹാ
ക്ഷേത്രമേററം വിചിത്രം.
കുന്നൽക്കാർവ്വേണി മാക്കൊക്കെയുമവിടെ വപു:
കാന്തി രക്ഷിപ്പതിന്നായ്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മിന്നീടും നല്ല പൊന്നിൻ കൊടി മരമഥക
ണ്ണാടിയും രണ്ടുമൊപ്പം. 68

67. മോടിയോടെ വെളുത്തുയർന്നുകാണുന്ന സൗധങ്ങൾകൊച്ചിരാജ്യത്തിന് ചേർന്നവയാണ്, പക്ഷേ ആവഴിക്ക് എറണാകുളത്തേക്കല്ല വയ്ക്കത്തേക്കുള്ള യാത്രനദീതീരം വഴിയാണുത്തമം. വെളുവെളെ=വളരെ വെളുത്ത് പ്രകാരം= വിശേഷം.

68. തിരുവിതാംകൂറിൽപ്പെട്ട വൈക്കം ശിവക്ഷേത്രം ഒരൽഭുതദൃശ്യമാകും. അവിടെ തിളങ്ങിഉയർന്നുനില്ക്കുന്ന പൊന്നിൻ കൊടിമരം സ്ത്രീജനങ്ങളെ സംബന്ധിച്ച് ദേഹകാന്തിക്ക് ഒരേസമയത്ത് ഒരുരകല്ലായും പരിശോധന ക്കണ്ണാടിയായും പ്രയോജനപ്പെടുന്നു. ഉള്ളംവഞ്ചിക്കും=മനംകവരുന്ന.

സമ്പൽ സമ്പൂർണ്ണമാ മമ്പലമതിലതിയാ
മിമ്പമോടുമ്പർ നാഥൻ
മുമ്പാകും വമ്പരും വന്നഭയ വരദമാം
തമ്പുരാൻ തമ്പദാബ്ജം
കുമ്പിട്ടീടുന്നു വമ്പൊക്കെയു മവരുടനേ
ശംഭുവിനും നിന്നു തന്നെ
സമ്പാതിച്ചുള്ളതെന്നെൻ പരമസുഖനക
ക്കാമ്പിലോക്കുന്നുവല്ലോ. 69

വന്ദിച്ചാലും ഭവാനും ഹരനുടെ ചരണം
ബന്ധുകാര്യം ലഭിപ്പാൻ
നന്ദിച്ചിട്ടാശു പോംവാൻ പുനരഭിചതുനി
ഞ്ഞാലുമുരം പ്രേമമോടും
ഇന്നിപ്പംപിക്കു കാര്യത്തിനു ശിവ ശിവ ഞാ
നെത്ര ദൂരം ഗമിക്കാ
മെന്നുംക്കാമ്പിൽ നിനച്ചീടരുതതിനു സമീപ
ത്തിലായെക്കെന്റെ രാജ്യം. 70

69. സമ്പൽസമൃദ്ധിയുള്ള വൈയ്ക്കം ശിവക്ഷേത്രത്തിൽ ദേവേന്ദ്രൻ തൊട്ടുള്ള ദേവഗണങ്ങൾ ശിവദർശനത്തിനായി എത്താറുണ്ട്. കാരണം ദേവന്മാർക്കുള്ള മേന്മയെല്ലാം തന്നെ പരമശിവൻ കൊടുത്തവയാണെന്ന് നീ മനസ്സിലാക്കിക്കാണുമല്ലോ.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

70. ശങ്കരദർശനം കാര്യസാദ്ധ്യത്തിന് അതീവസഹായകരം തന്നെ. ഒരു കാര്യം പ്രത്യേകം ഓർക്കുക. എനിക്കുവേണ്ടി എത്രദൂരമാണ് നിനക്ക് പറക്കേണ്ടിവരിക എന്നഅസുഖം തീരേ തോന്നേണ്ട കാര്യമില്ല. ഇനി അധികം ദൂരമില്ല എന്റെ സ്ഥലത്തേക്ക്.

അന്യന്മാർക്കുതന്നേ സതതമുപകരിപ്പി
പ്പതിന്നുള്ള യത്നം
ധന്യന്മാരാം പുമാന്മാർക്കതി സുഖമതുതാൻ
കർമണാ വ്യക്തമല്ലോ
മുന്നം ശ്രീ കാന്തനർവ്യാം ദശരഥസുതനായ്
ജാതനായിട്ടു കാട്ടിൽ
ഖിന്നത്വത്തോടെ വാണാൻ സുചിരമതുനിന
ച്ചാകിലാതാത്മമല്ലോ 71

പിന്നെയഞ്ചാറുനാട്ടും നഗരവുമതി വേഗന
പിന്നിട്ടു ചെന്നാ–
ലന്നേരം വേറെ തന്നേ നവമനസി വിശേഷി–
ച്ചൊരാശ്വാസമുണ്ടാം
എന്നാ ഞാനുമ്പർകോൻ തന്നുടെ പുരത്തിലോ
മാർഗ്ഗ വിഭ്രംശിയായി
പ്പോന്നാനെന്നാശിയത്തിൽ കരുതുമവിടെ
വെച്ചൊട്ടുനേരം ഭവാനും 72

പ്രഥമാശ്വാസഃ സമാപ്തഃ

71. പരോപകാരനിരത ധന്യപുരുഷന്മാർക്ക് ഹൃദ്യമാകും സജ്ജനരക്ഷയെ ഉന്നമാക്കി കൊണ്ടാണ് ശ്രീരാമൻ വനവാസത്തിനു പോയത് എന്നത് പ്രസിദ്ധം. ഖിന്നത്വം=ദുഃഖം.

72. വൈക്കം കഴിഞ്ഞാൽ അഞ്ചാറുനാടും വേഗമങ്ങു കടന്നാൽ നീഎത്തുന്നത് ഐശ്വര്യം നിറഞ്ഞ ഒരുപ്രദേശത്താണ്. സ്വർഗ്ഗത്തിലോ മറ്റൊ വഴിപിഴച്ചെത്തിയതാണോ എന്ന് നീ ഭ്രമിച്ചു നിന്നേക്കാം.
ഉമ്പർകോൻ= ദേവേന്ദ്രൻ. മാർഗ്ഗ വിഭ്രംശിയായി =വഴിപിഴച്ചു.
ആശിയം=മനസ്സ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

സ്യാനന്ദൂരാഖ്യധാനം ജനപദമതു മദ്രാജ്യ
മാകുന്നെടോ നിൻ
യാനം തത്രൈവ വേണ്ടുന്നതു മതിനുടെ പേർ
പോലുമോതും ദശായാം
ആനന്ദം കാൺക രോമാഞ്ചവു മുദിതമിതാ
തൽസ്ഥിതാനാം സുഖത്തെ
ഗാനം ചെയ്തീടുവാനായ് പുനരൊരു പുരുഷൻ
ശക്തനേവൻ നിനച്ചാൽ 1

ഔന്നത്യത്തോടുമേറ്റം ധവളിമ കലരും
സൗധജാലങ്ങളിൽ നി-
ന്നന്യൂനം ഭാസുരാംഗീജന നിരകൾ വിളങ്ങുന്നു
കണാം ചിലപ്പോൾ
വിണ്ണിൽ വർഷാന്തമേഘങ്ങളുടെ തതികളിൽ
നിന്നു വിദ്യുത്ഗണങ്ങൾ
മിന്നീടുന്നെന്നു തോന്നും നയന പരവശത്വത്തെ
നൽകും പ്രകാരം. 2

1. നിനക്കെത്തേണ്ടത് എൻെറ രാജ്യമായ തിരുവനന്തപുരം ആണല്ലോ. ആ പേർപറയുന്ന മാത്രയിൽ ആനന്ദംകൊണ്ട് എനിക്ക് പുളകോൽഗമമുണ്ടാകുകയാണ്. അവിടത്തെ സൗഖ്യം വിവരിച്ചു പാടാൻ ശക്തി ആർക്കാണുള്ളത്.

2. അത്യുന്നതങ്ങളായ വെൺമാളികകൾ ആനഗരത്തിൻെറ സവിശേഷതയാണ് ആ തുംഗസൗധങ്ങളുടെ മുകളിൽ സുന്ദരിമാർ വന്നിരിക്കുന്നത്. കാർമേഘങ്ങൾക്കിടയിലെ മിന്നൽപിണർപോലെ ഉയർന്നു തെളിഞ്ഞു കാണാം. ധവളിമ = വെളുപ്പ്. അന്യൂനം = കേടററ. നയനപരവശത്വം = കണ്ണു മഞ്ഞളിക്കൽ.

മുല്ലപ്പൂവേണി മാരോടതി രസമിട ചേ
ർന്നുഗ്രമാം മൻമഥൻതാൻ
ശല്യത്തിൻഗണ്യമെന്നേ രചിതശയനമാ
യുള്ള ഹർമ്മ്യത്തിലെങ്ങും
കല്യന്മാരാം യുവാക്കൾ ത്രിദിവസദൃശമാം
തത്ര വാഴുന്നവല്ലോ
തെല്ലും താരുണ്യകാലം പഴുതിലൊരുദിനം
പോലുമാവാത്തവണ്ണം 3

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

വണ്ടേലും ചായലാരിൽ മകുടമണികളാ
യുള്ള നം വക്ത്രകാന്ത്യാ
പണ്ടേ വെന്നോരുചന്ദ്രൻ മുകളിലതിരി
കുന്നതെന്നീർഷ്യയേവം
കൊണ്ടാടിത്താരമാർഗ്ഗത്തിനു മുപരിവിളങ്ങുന്ന
സൗധത്തിലേറി
ക്കൊണ്ടേററം ചന്തമാളുന്നതു തവനയന
ങ്ങൾക്കു പീയൂഷമാകും 4

3. കാമാർത്തരായ യുവാക്കന്മാർ അത്തരം സൗധങ്ങളിൽ തയ്യാറാക്കപ്പെട്ട ശയനസംവിധാനങ്ങളും സുന്ദരിമാരും ചേർന്നു സ്വർഗ്ഗീയാനുഭൂതികളെ ആസ്വദിച്ചു കഴിയുന്നു. അവർ താരുണ്യകാലത്തെ ഒരുദിനം പോലും പാഴാക്കാതെ സുഖിക്കുകയാണ്".

കല്യന്മാർ = വുല്പത്തിയുള്ളവർ. ത്രിദിവം = സ്വർഗ്ഗം.

4. മുഖശ്രീകൊണ്ട് ചന്ദ്രനെ കീഴ്പെടുത്തിയവരാണ് അവിടത്തെ സുന്ദരിമാർ. സ്ഥാനത്തിലും ചന്ദ്രനെ കീഴ്പ്പെടുത്താനെന്ന വ്യാജേന ആകാശത്തേക്കുന്തി നില്ക്കുന്ന മാളികകളിലാക്കിയിരിക്കയാണ് അവരുടെ ഇരിപ്പിടം. ചായൽ = തലമുടി. വക്ത്രകാന്ത്യാ = മുഖശോഭകൊണ്ട് ഈർഷ്യ = പരോൽക്കർഷത്തിലുള്ള അസുഖം. താരമാർഗ്ഗം = ആകാശം.

കണ്ടായോ ചാരുശീലേ! തവദയിതനിതാ
വന്നു താമ്പൂലമിപ്പോ
ളുണ്ടാക്കിച്ചെന്നു നൽകീട്ടവനുടെ മന–
മിണ്ടാഹരിക്കെന്നു ചൊല്ലും
വണ്ടാർ കേശീ ജനത്തോടൊരു ഗിരമുരിയാ
ടാതെ രോമാഞ്ചപംക്ത്യാ
തണ്ടാരമ്പൻ ജനിച്ചുള്ളൊരു കഥപറയും
തച്ചിമാർക്കെണ്ണമില്ല 5
മൊട്ടിച്ചീടുന്ന വക്ഷോരുഹയുഗളി കവാടത്താൽ
മൂടി സ്വവക്ത്രം
കഷ്ടിച്ചംഭോധരോദ്യൽസിത കിരണസമം
കാട്ടിമന്ദസ്മിതേന

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പെട്ടെന്നെൻ സന്നിധൗ നീ സുമുഖി! വരികയെ
    ന്നോതുമിഷ്ടന്റെ ചിത്തം
മോഷ്ടിച്ചീടുന്ന ബാലാവലികളവിടയു
    ണ്ടെങ്ങുമേ വീടുതോറും 6

5. ''അല്ലയോ സുശീലേ! നിന്റെ ഭർത്താവെത്തിക്കഴിഞ്ഞു താംബൂല പരിചരണംകൊണ്ട് അദ്ദേഹത്തിന് മനഃസംതൃപ്തി വരുത്തു'' എന്നു പറയുന്ന പ്രൗഢകളോട് വികാരമൂകരായി രോമാഞ്ചോൽഗമത്തിലൂടെ മലരമ്പന്റെരജനകഥ വിവരിക്കുന്ന തന്വിമാരും അവിടെ ധാരാളമാണ്. ഗിരം=വാക്ക്. തവ ദയിതൻ=നിന്റെ ഭർത്താവ്. താംബൂലം=സല്ക്കാരദ്രവ്യം. വെററ=പാക്ക് ചുണ്ണാമ്പ്.

6. വികസിച്ചുയരുന്ന മാറിടത്തെ വാതിൽപൊളികൊണ്ട് മറച്ചുനില്ക്കുന്ന ബാലതരുണിമാർ, മേഘങ്ങൾക്കൊത്തു രജതരേഖപോലെ പുഞ്ചിരിതൂകിക്കൊണ്ട് അടുത്തുവരാൻ വിളിക്കുന്ന കാമുകന്റെ മനസ്സിനെ അപഹരിച്ചെടുക്കുന്ന രംഗങ്ങൾ എല്ലാവീടുകളിലും സാധാരണമത്രേ.
വക്ഷോരുഹയുഗളീ = സ്തനദ്വയം. കവാടം = വാതിൽപലക. അംഭോധരാദ്യൽ സിതകിരണം = മേഘങ്ങളിൽപ്രകാശിക്കുന്ന വെളുത്തരശ്മി.

സൗന്ദര്യശാസ്ത്രവാക്കിന്നനുസൃതിയെ യൊഴിച്ചെ–
    ങ്ങുമേയില്ലയല്ലോ
സൗന്ദര്യത്തോടു കൂടാതവിടെ യൊരിടവും
    നാരിമാരില്ലനൂനം
സൗധം നാരീജനത്തോടപി വിരഹിതമാ
    യൊന്നുമേയില്ല കാൺമാൻ
സൗധം കൂടാതെ നില്ക്കും നിലവുമറികനീ
    യെങ്ങുമേ കാൺകയില്ല 7

മിന്നൽ നേരാം വധുക്കൾ നിജ ദയിതതമ്മൻ
    പോരുവാനുള്ള മാർഗ്ഗേ
ഖിന്നത്വം പാദതാരിൽ വരുതി തിവിദ്ധ്യ
    ശ്യേവനേത്രാംബുജാനി,
മുന്നേ നീരന്ധ്രമാമ്മഴ കൊടു വിതറി
    ക്കൊണ്ടു സൗരഭ്യമേറും
തൻ നിശ്വാസാനിലൻ തന്നെയുമചിര വിയോ-
    ഗേപി മോചില്ല നിൽക്കും 8

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

7. ശാസ്ത്രവിധിപ്രകാരം ലക്ഷണമൊക്കാത്തസൗന്ദര്യമില്ല; സൗന്ദര്യമില്ലാത്തസ്ത്രീ ഇല്ല; സ്ത്രീ ഇല്ലാത്ത വീടില്ല; വീടില്ലാത്ത പറമ്പില്ല; എന്നതത്രേ തിരുവനന്തപുരത്തിന്റെ നില. ഇവിടെ ഏകാവലി അലങ്കാരം മുൻമുൻ പൊന്നത്. പിൻപിൻവരുന്നതിന് ഏതുവിധമെങ്കിലും വിശേഷണമാകത്തക്കവണ്ണമോ അല്ലെങ്കിൽ നേരെമറിച്ചോ പിടിച്ച്‌വിടുന്നമട്ടിൽ വിശേഷണവിശേഷ്യങ്ങളെ ചങ്ങലകോർക്കുന്നത് ഏകാവലി. (ഭാഷാഭൂഷണം)

8. മിന്നൽ കൊടിപോലെയുള്ള സുന്ദരികൾ ഉത്കൃഷ്ടഭർത്താവിന്റെ വരവിൽ കാലടികൾ നോവാതിരിക്കാനായി വഴിത്താരയിലേക്ക് മിഴികളാകുന്ന താമര യിതളുകളെത്തെരുതെരെ ചൊരികയും നിശ്വാസ സുഗന്ധാനിലനെ വീശുകയും ചെയ്യേണ്ടിവരുന്ന അല്പവിയോഗംകൂടി അവിടെ ഉണ്ടാകാറില്ല. നിരന്ധ്രം = ഇടതൂർന്ന.

കന്ദർപ്പൻ മുന്നമേ ധൂർജടിയുടെ നിടില-
    ത്തിയ്യിൽ വെന്തെന്ന വാക്യം
മന്ദത്വം തന്നെയെന്നെന്നുടെ മതമവിടേ
    യുള്ള തന്വംഗിമാരിൽ
എന്നെന്നും ചേർന്നുകൊണ്ടീ ഭുവനമഖിലവും
    വെന്നു പോരുന്ന വീരൻ
തന്നെക്കൊണ്ടേവമോരോ പൊളി പറകിലതി
    ങ്ങാർക്കുനേരെന്നു തോന്നും. 9

യാതൊന്നിൽ സാഗരംഭഃ കണശിശിരീതനാം
    മാരുതൻ മന്ദിനീനാം
ഗ്രാന്തത്തിൽ തങ്കമൊക്കും തനുവിനു തനുവാം
    ചൂടുതട്ടിച്ച വേഗാൽ
ഭർത്താക്കന്മാർക്കതിന്നുള്ളൊരു ഗുണമറിയി-
    പ്പാൻ കൊടുക്കുന്നതേഷാ
മന്തർത്താരിൽ മോദമുണ്ടാം പ്രഭ്രഢിവിനൊട്ടമല
    ങ്കാര കാരോപമേയൻ 10

9. പണ്ടു കാമദേവൻ പരമശിവന്റെ മൂന്നാം തൃക്കണ്ണിൽ ചാമ്പലായെന്ന വാർത്ത ശുദ്ധമേ ഭോഷ്ക്കാണെന്ന് അവിടത്തെ സ്ത്രീ സൗന്ദര്യം വിളിച്ചുപറയുന്നു. കന്ദർപ്പൻ ഇന്നു ലോകം ഭരിക്കുന്നു എന്നതാണ് സത്യം ധൂർജടി = ശിവൻ (ചുമടായ ജടയോടുകൂടിയവൻ)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

10. തിരുവനന്തപുരത്തടിക്കുന്ന സമുദ്രതീരക്കാററ് ഒന്നാന്തരം അലങ്കാര വിദഗ്ദനാണ്. സുന്ദരിമാരുടെ തങ്കമാററുള്ള ശരീരത്തിനു് ഇളം ചൂടു കൂടി പുരിഭത്തൃലാളനത്തിനും സജ്ജരാക്കുകയാണ്
തനു = ശരീരം, അല്പം തേഷാം = അവരുടെ

താന്താങ്ങളം തന്നെ താൻതാൻ പ്രിയതമന്റെ പേർ
ചേർത്തുനിർമ്മിച്ച നൽപ്പാ-
ട്ടന്തർമ്മോദേന പാടും പൊഴുതിലധികമാ-
യുരംക്കരുന്നിങ്കൽ വായ്ക്കും
ചെന്താർ ബാണാർത്തിയെക്കൊണ്ടുടനുപഹൃതമാ-
യീട്ട മാലിംഗനത്തെ
പൂന്തേൻ വാണീജനങ്ങളംക്കതി സുലഭമക-
ക്കാമ്പി ലോരാതെ തന്നെ 11

എന്താവൂ ഞാൻ പറഞ്ഞാലതി സുഖമവിടെ
യുള്ളതെല്ലാമതിൻെറ
ചിന്താമാത്രത്തെയല്ലോ കമലഭവനെന്നി
ക്കദ്യ കല്പിച്ചു കഷ്ടം !
സന്താപം കാമനെന്യേ യൊരുവനുമവിടെ
ചെയ്കയില്ലാർക്കു മൊന്നും
ചെന്താർബാണന്നു മുള്ളിൽ വിരഹികളിലൊഴി-
ച്ചാരിലും വൈരമില്ല 12

11. ഭത്തൃനാമമുരംക്കൊള്ളിച്ച് സ്വയം നിർമ്മിച്ച ഗാനങ്ങരം വഴി ഭർത്താക്കന്മാരെ അപഹൃത ചിത്തവൃത്തികളാക്കുകയും ആലിംഗനത്തിനു പ്രേരിപ്പിക്കുകയും ചെയ്യുന്ന പൂന്തേൻ മൊഴികരം സുലഭമാണ്. സാഹിത്യാഭിരുചിയും സംഗീത വൈദഗദ്യവും ശബ്ദസുഭഗതയും ഉള്ള സ്ത്രീകരം ധാരാളം എന്ന് ചുരുക്കം
ഉപഹൃതം = സമ്മാനിക്കപ്പെട്ടത്.

12. നായികാ നഗരത്തിലെ സുഖസമൃദ്ധി വിവരിക്കാൻ ബുദ്ധിമുട്ടാണ്. അതിപ്പോരം ചിന്താ മണ്ഡലത്തിൽ മാത്രമായി തങ്ങി നിൽക്കേണ്ടി വന്നിരിക്കുന്നു. കാമദേവൻെറ ശല്യം മാത്രമാണൊരുശല്യം ആ ശല്യമോ വിരഹികരംക്കു മാത്രവും
അദ്യ = ഇപ്പോരം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നൈർമല്യം പാരമേറും മുകര നിരകളേ
പൂണ്ടൗദ്ധിത്യം വിളങ്ങും
ഹർമ്മ്യത്തിൽ വല്ലഭൻ തന്നരികിലവിരതം
വ്യംഴമ പ്രൌഢ താനും
നർമ്മം കോലുന്ന മാദ്ധ്യ പ്രകൃതിയെ നിരീ-
ക്ഷിക്കിലപ്പോളതിൻ നേ-
രേംമ്മിച്ചിടാതെ ലജ്ജിച്ചുടനവിടെ മുഖം
താഴ്ത്തുവോളല്പനേരം 13

തോട്ടത്തിങ്കൽ വിളങ്ങും കുസുമതതികളാം തൻ
സൗരഭം നേരക്കിനിൽക്കേ
കട്ടീടും സ്വാംഗമെല്ലാം സുരഭിലതമമാ
ക്കിച്ചമച്ചങ്ങുമിങ്ങും
ഓട്ടം ചെയ്യുന്ന മന്ദാനിലനവിടെ രതൌ
കാമുകാനാം ശരീരേ
പൊട്ടിപ്പൊങ്ങുന്ന ഘർമ്മോദകനികരമട-
ക്കുന്ന സർവ്വം സദൈവ 14

13. ഒരു പ്രൗഢാംഗന തൻെറ ഭർത്താവുമായി നടത്തിയ പ്രേമപ്രകടനരംഗം തെളിഞ്ഞ ചുമർ കണ്ണാടിനിരകളിൽ നിഴലിച്ചു കാണാൻ പെട്ടെന്ന് ഇടയാകുകയാണ്. ലജ്ജാ ഭാരത്താൽ ആ പ്രൗഢ സ്വല്പനേരം നമ്രമുഖിയായി വർത്തിക്കുന്നു.

14. ഉദ്യാനകുസുമങ്ങളം ആസ്വദിച്ചുകൊണ്ടു കാമുകന്മാർ നിൽക്കവേ സൂത്രക്കാരനായ മന്ദാനിലൻ അവരുടെ ദേഹത്തിൽ സൗരഭ്യം പുരട്ടി, സ്വേദബിന്ദുക്കളെ മുഴുവൻ ശരീരത്തിൽ നിന്ന് എപ്പോഴും ഒപ്പിയെടുക്കുന്നു.
ഘർമ്മോദകം = വിയർപ്പുനീർ

[സമാനാശയമുള്ള മയൂരസന്ദേശശ്ലോകം നോക്കൂ.]
മാരക്രീഡാമഹലഹളയിൽ ജാലമാർഗ്ഗേണലീലാ-
ഗാരക്രോഡേ നിഭൃതഗതിയായെത്തി നിത്യം നിശായാം
വാരസ്ത്രീണാം വപുഷി വിലസും സ്വേദബിന്ദുക്കളാകും
ഹാര സ്തോമം ഹരതി വിരുതേറുന്ന ചോരാൻ സമീരൻ]

ഉദ്യാനത്തിങ്കലെല്ലാ മന്ദദിന മഹിമാ
ശ്രുഷ്ണമേററം ശമിച്ചാ-

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ലത്യാനന്ദം നടക്കും കനകലതകളേ
തത്ര കാണായ് വരുന്നു;
ശൈത്യം കൊണ്ടെന്നുമേ കൗമുദിയൊടുമെതൃനി-
ല്ക്കുന്ന പുഷ്പത്തിനോടും
നിത്യം തങ്കക്കുടത്തിന്നുപമിതിയെ വഹി-
ക്കുന്ന നൽക്കായ്കളോടും 15

ചാരുത്വം മററുമേവം പലവിധമിയലും
തത്ര രാജ്യേ മുകുന്ദൻ
താരാർ മാതും മഹീദേവിയു മിവരിരുപേ-
രായ ദാരങ്ങളോടും
സ്വൈരം ക്ഷീരാബ്ധിയേയും മനതളിരിൽ നിന-
ക്കാതെ വാഴും പുരത്തി-
നാരോമൽ കാന്തി ചൊരും വാമ്പണി ഫണിപതിയാ-
യുള്ള ശേഷന്നു പോലും 16

15. ചൂടുപോയി കുളിർവീണ ഉദ്യാനത്തിൽ ചന്ദ്രികയെ വെല്ലുവിളിക്കുന്ന പൂവിനോടും, തങ്കക്കുടങ്ങൾ പോലുള്ള കായ്കളോടുകൂടി സുന്ദരിമാർ എല്ലാദിവസവും ഉലാത്തുക പതിവാണ്.

അഹിമ + അംശു + ഉഷ്ണം = അഹിമാശുഷ്ണം.

16. ലക്ഷ്മിഭഗവതി ഭൂമിദേവി എന്നീപത്നിമാരെ ഇരുവശങ്ങളിലുമൊതുക്കി കൊണ്ട് മഹാവിഷ്ണു പാലാഴിയെ വിട്ടു. തിരുവനന്തപുരത്ത് താമസമാക്കിയിരിക്കയാണ്. ആ രാജ്യത്തിൻെറ വലിപ്പം വിവരിക്കാൻ അനന്തനു പോലും കഴിയില്ല.

അത്യുച്ചത്വത്തി ലാമ്മാറഴകൊടു രചിതം
പൊന്മയം പത്നാഭ-
ക്ഷേത്രം മേരൂപമാനം സകലസുരജനൈ
സേവ്യമാനം വിശാലം
അസ്മിച്ചത്വരതലത്തിൽ ജനപദപതിയാം-
യീടു മന്നാടു മൌലൗ
നിത്യം ചൂടും കിരീടം ദിനകര രുചിരം
ചാരു ചിത്രം പവിത്രം 17

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അബ്ജാക്ഷൻ തന്റെ സേവയ്ക്കവിടെയനിശമു-
ണ്ടല്ലോ ദിക്പാലകന്മാ-
രബ്ജത്തിൽ വാഴുവോനും സുരരഥ പലരും
കൂപ്പി നിൽക്കുന്നു ചുററും
സിദ്ധന്മാർ, കിന്നരന്മാർ, സനകമുനിവര
ശ്രേഷ്ഠനും വാട്ടമെന്യേ
സിദ്ധന്മാർ മററുമുണ്ടങ്ങവരതിലൊരുവരും
കൃത്രിമാകാരരല്ല 18

17. പത്മനാഭക്ഷേത്രത്തിന്റെ പണി വളരെ ഉച്ചത്തിലും ഭംഗിയിലുമാണ് സ്വർണ്ണമയമായതും ദേവന്മാർക്കു സുഖം നൽകുന്ന മേരുപർവ്വതത്തിന്റെ സാദൃശ്യം വഹിക്കുന്നതും ആകുന്നു. സ്വച്ഛതക്കു പേർകേട്ട ഈ രാജ്യത്തിന്റെ തലസ്ഥാനം എപ്പോഴും ധരിക്കുന്ന സൂര്യപ്രഭാഭാസുരമായ കിരീടം പോലെ അതു വർത്തിക്കുന്നു.
ദിനകകരുചിരം = സൂര്യകിരണത്താൽ ശോഭിതമായ.

18. ക്ഷേത്രത്തിലെ ദിക്പാലകന്മാർ, സിദ്ധൻന്മാർ, കിന്നരന്മാർ, സനകാദിമുനി ശ്രേഷ്ഠൻന്മാർ എന്നിവരുടെ രൂപങ്ങൾക്ക് കൃത്രിമത്വം ലവലേശമില്ല. എങ്ങും തന്മയത്വം തുളുമ്പുന്ന ശില്പങ്ങൾ.
കിന്നരർ=മനുഷ്യന്റെ ഉടലും കുതിരയുടെ മുഖവും ഉള്ള ഒരു ദേവത. ദേവലോകത്തെ ഗായകൻ. (അശ്വമുഖൻ)

ദാരുക്കളെ കൊണ്ടു കാരു പ്രവര രചിതമാം
യൗവതം ദൃഷ്ടമാകയാൽ
പാരം പുംസാഗണത്തിൽ മദനപരിഭവം
തൽക്ഷണേ പുഷ്ടമാകും;
ചാരുത്വം കൊണ്ടുപൊങ്ങും യുവതിജനമനോ
ഗർവ്വവും നഷ്ടമാകും
സ്രഷ്ടാവിൻ സൃഷ്ടി സാമർത്ഥ്യവുമതിലഘുവെ-
ന്നാക്കു മാദിഷ്ടമാകും 19

ഏററം വിസ്തീർണ്ണമായിട്ടതി സുഭഗവുമാ-
യ്ത്തീർത്തതാം മണ്ഡപത്തി-
നൊന്നൊററക്കല്ലെന്നിയില്ലറി കതിനെയൊഴി
ച്ചേതുമേയില്ല കുററം;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഊററം പൊംക്കത്തിലേറും കനക കൊടിമരാ-
ഗ്രത്തിൽ വാഴുന്നതാർക്ഷ്യൻ
മുററും തന്നഗ്രജൻെറ ചരണയുഗമഹോ!
മൂർദ്ധനി ചേർക്കുന്നു ഭംഗ്യാ 20

19. പത്മനാഭസ്വാമി ക്ഷേത്രത്തിലെ ദാരു ശില്പങ്ങളുടെ തന്മയത്വം! സ്ത്രീ രൂപങ്ങൾ കാണുമ്പോൾ പുരുഷന്മാർക്ക് കാമവൈവശ്യവും സുന്ദരിമാർക്ക് അഹങ്കാരമുക്തിയും ബ്രഹ്മാവിന് കീർത്തിഭംഗവും തീർച്ച തന്നെ. കാരുപ്രവർ = ശില്പിശ്രേഷ്ഠർ. യൗവതം = സ്ത്രീകളുടെസമൂഹം പുഷ്ടമാകും = വിജൃംഭിക്കും. ആദിഷ്ടം = ഉപദേശം.

20. അവിടത്തെ വിസ്തീർണ്ണമണ്ഡപത്തിന് ഒരുദോഷം മാത്രം. അതിൻെറ നിർമ്മിതിയിൽ ഒററക്കല്ലുമാത്രമാണ് ഉപയോഗപ്പെടുത്തിയത്. സ്വർണ്ണക്കൊടിമരത്തുമ്പത്തിരിക്കുന്ന ഗരുഡൻ ജ്യേഷ്ഠനായ വരുണൻെറ ചരണങ്ങളെ ശിരസ്സിൽ ചേർക്കുന്നുമുണ്ട്; കൊടിമരത്തിൻെറ പൊക്കവും, ഭക്തി സൂചനയും വെളിപ്പെടുത്തുന്നു.
താർക്ഷ്യൻ = ഗരുഡൻ. ഗരുഡൻെറ ജ്യേഷ്ഠനാണ് വരുണൻ.

ഒന്നോടെക്കാതെ പത്മാവതിയുടെ സദനേ
ത്തിൻെറ സൗഭാഗ്യമെല്ലാ-
മൊന്നായിട്ടു കഥിപ്പാൻ മതി പടുത കുറ-
ഞ്ഞുള്ള ഞാനി പ്രകാരം
ഒന്നൊന്നായിട്ടു വർണ്ണിപ്പതിനു തുനിയുകിൽ
സാദ്ധ്യമായീടുമോ? നീ
തന്നെപ്പോയീടു ഞാൻ ചൊൽവതിലുമധികമായ്
കണ്ടു ബോധിക്കുമല്ലോ 21

പാദമ്പോജാക്ഷം വഴങ്ങിപദകമലയുഗ
ത്തിങ്കലർപ്പിച്ച പുഷ്പം
പാപൗഘത്തിൽ വിഘാതത്തിനു നിപുണതതദാ
ഘ്രാണനം ചെയ്തശേഷം
നിന്നെ വിട്ടെങ്ങുമെന്നും ശരണരഹിതരാം
ഞങ്ങൾ തൻ ജീവിതത്തെ
നിർവ്യാജം നൽകുവാനായ് തുനിയുകതിനുതെ
കല്പ [illegible] 22

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

21. അനുപമമായ ശ്രീപത്മനാഭ സ്വാമിക്ഷേത്ര മാഹാത്മ്യത്തിന്റെ ഓരോ വശങ്ങൾ വെവ്വേറെ പറയാൻ മന്ദബുദ്ധിയായ ഞാൻ എങ്ങനെ സമർത്ഥനാകും. അതുകൊണ്ട് നീ നേരിൽ കണ്ടനുഭവം കൊള്ളുകയാവും ഭേദം. ''പ്രത്യക്ഷം തേനിഖിലമാചിരാദ് ഭ്രാതരുക്തം മയായദ്'' എന്നമേഘസന്ദേശഭാഗം സ്മരിക്കുക.

22, ശ്രീപത്മനാഭനെ തൊഴുത് പാപമുക്തി വരുമാറ് പ്രസാദം ചൂടി അനന്യശരണനായ എനിക്ക് ഉപകാരമാകുമാറ് പുനർജീവൻ നൽകുമാറ് പ്രവർത്തിക്കണം. അല്പം തെക്കോട്ട് നീങ്ങിയാൽ എന്റെ വീടായി. മയൂരസന്ദേശത്തിൽ ''നീ വടിവൊടു പടിഞ്ഞാറ് കിഞ്ചിൽ ഗമിച്ചാൽ'' എന്ന് പറയുന്നത് ഓർക്കുക.

രംഭക്കിമ്പം വളക്കും കുസുമശരപുരാ
ധാരമാം ശാതകുംഭ
സ്തംഭത്തിൻ ഡംഭമാളും തുടയിണയിലിട
ത്തേത്തു ജാതാനുകമ്പം
കമ്പത്തെ ക്കൊണ്ടു ചൊല്ലും മമ മധുമൊഴിയോ-
ടിന്നു നീ മോദമുള്ളിൽ
സമ്പാദിച്ചാലുമെന്നിത്തവ ഗമനമുഖം
തത്ര സമ്പന്നമാമ്പോൾ 23

നിന്നാലോകേ പതിക്കും പുനരുടനെ മദീ-
യാലയം ചന്ദനങ്ങൾ
പുന്നാഗങ്ങൾ കഴങ്ങിൻ നിരകളുപതിഥാ
നാളികേര ദ്രുമങ്ങൾ
ഇക്ഷുക്കൾ, രംഭകൾ, നൽക്കുരവകലതകൾ,
ജാതികൾ, നാഗവല്ലീ
ലക്ഷങ്ങൾ മററുമുണ്ടീവകകളിവകളേ
ക്കൊണ്ടു സംരാജമാനം 24

23. കന്ദർപ്പനഗരിക്കു താങ്ങായി നിൽക്കുന്ന രണ്ട്സ്വർണ്ണസ്തംഭങ്ങളെപ്പോലെയുള്ള തുടകളിൽ ഇടത്തേത് ഇളക്കിക്കൊണ്ടുവർത്തിക്കുന്ന എന്റെ പ്രിയക്ക് സന്തോഷം വായ്ക്കുമാറ് നീ പ്രവർത്തിക്കുക. സ്ത്രീകളുടെ ഇടതുവശം കമ്പനം ചെയ്യുന്നത് ശുഭസൂചകമത്രെ. രംഭ=വാഴ എന്നും ദേവസ്ത്രീ എന്നും. ശാതകുംഭം=സ്വർണ്ണം. ജാതാനുകമ്പം=അനുകമ്പയോടുകൂടി മേഘസന്ദേശം 15–ാം ശ്ലോകത്തിലും വാമപാദ പരാമർശമുണ്ട്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

24. എൻെറ വീടിനരികെ പോയാൽ കാണാവുന്ന വൃക്ഷലതകളാണ് ചന്ദനം പുന്നാഗം, കഴുങ്ങിൻനിറകൾ, കരിമ്പ്, വാഴ, വെററിലക്കൊടി തുടങ്ങിയവ. ഇവയെല്ലാം ചേർന്നുശോഭിക്കുന്ന സ്ഥലം. ഇക്ഷുക്കൾ = കരിമ്പിൻ ചെടികൾ. കുരവകം ചെങ്കുറുഞ്ഞി നാഗവല്ലി = വെററിലക്കൊടികൾ. ജാതികൾ = പിച്ചകം.

മേഘലങ്ങൾക്കുന്ന പോലത്രയു മുയരമിയ-
ന്നുള്ള മൽഗേഹമോർത്താൽ
മോഘം ദ്യോവിൻെറ ഡംഭം പുനരതിനു ബഹിർ
ദ്വാര പാർശ്വ ദ്വയത്തിൽ
ഉണ്ടാക്കപ്പെട്ട വേത്രി പ്രവരരിരുവരു-
ണ്ടാകൃതി ക്കുററമോടും
കൊണ്ടാടിക്കൊണ്ടു ബോധിക്കുവതിനു ചിതമാം
ചിഹ്നമായുള്ള രണ്ടും 25

പ്രാകാരത്തിന്നകത്തെ നടയുടെ വലഭാ-
ഗത്തുസൻ മാനസംപോ
ലേകാന്ത സ്വച്ഛമായീടിയ ബഹുപയസ
പൂർണ്ണമാകും തടാകം
സൗവർണ്ണാംഭങ്ങളാകും സരസിജ കുസുമ-
ങ്ങൾക്കു വീടാമതിങ്കൽ
സൗഭാഗ്യബ്ധേ! നിങ്ങൾക്കുള്ളവർ പലരുമിരി-
ക്കുന്നുനിത്യം സുഖേന - 26

25. മേഘലങ്ങൾക്കുന്നു കൊടുത്തപോലെ ഉയരമുള്ളതാണ് എൻെറ ഭവനം അതുകണ്ടാൽ ആകാശത്തിൻെറ ഔന്നത്യഗർവ്വം വ്യർത്ഥം. തന്നെ പടിവാതിലിൻെറ ഇരുവശങ്ങളിൽ വെള്ളിത്തടിക്കാരായ വേത്രപ്രവരന്മാരുടെ രൂപങ്ങൾ എൻെറ ഗൃഹത്തിൻെറ സവിശേഷതയാണ്.
മോഘം = വ്യർത്ഥമാക്കപ്പെട്ടത്. വേത്രിപ്രവരർ = വെള്ളിത്തടിക്കാർ. വീടിൻെറ അടയാളം അന്വർത്ഥം തന്നെ.

26. മതിലകത്തു ചെന്നാൽ നേർനടയുടെ വലതുഭാഗത്ത് ശുദ്ധജലപൂർണ്ണമായ ഒരു വ്യാപിയുണ്ട്. അതിനകത്ത് ധാരാളം താമരകൾ വിടർന്നുനിൽക്കുന്നു. നിൻെറ ...

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തത്തീരേ പാരിജാതക്ഷ്മാതിരുഹയുഗള
ത്തിൻെറ മദ്ധ്യത്തിലേററം
വിസ്തീർണ്ണം ചാരുവല്ലീ നിലയനവു മതിൽ
പീഠവും രണ്ടു കണ്ണം
സായാഹ്നം കാലമാമ്പോഠം തപല്ലുവിലതിൽഞ
ങ്ങഠം കാറേറൽക്കവാനായ്
പോയാലന്നേരമെല്ലാം മവരുടെ മൃദുഗാനം
ശ്രുവിസ്ലായ് വരുന്നു 27

കുന്ദങ്ങഠം മാലതീ വല്ലികളുമിവുകളെ
ക്കൊണ്ടു നിർമ്മിച്ചതാമ—
ക്കുഞ്ജത്തിൽ വായു തന്നാൽ സതതരചിതമാ—
യുണ്ടുനൽപുഷ്പവർഷം
കഞ്ജാക്ഷീ രത്നമാകും തവസഖിയുടെ ശി-
ഷ്യത്വമാളും ശുകങ്ങഠം
മഞ്ജുസ്തോത്രങ്ങളെ ക്കൊണ്ടതിൽ മരുവുമെനി—
ക്കൽഭുതത്തെ തരുന്നു. 28

27. കുളത്തിൻെറ തീരത്ത് രണ്ട് പാരിജാതവൃക്ഷങ്ങളുണ്ട്. അവയുടെ നടുവിൽ വിസ്താരമേറിയ ഒരു വള്ളിക്കുടിലും, അതിനകത്തിരിക്കാൻ രണ്ടു പീഠങ്ങളും തയ്യാറാക്കിയിരിക്കുന്നു. വേനൽക്കാല സായാഹ്നങ്ങളിൽ ഞങ്ങഠംരണ്ടു പേർ കാററുകൊള്ളുന്നതവിടെയാണ്. വണ്ടുകളുടെ മൃദുഗാനം ആസ്വദിക്കാനും തരപ്പെടുന്നു.

28. ആ നികുഞ്ജത്തിൽ നായികയാൽ ഗാനപരിശീലനം ചെയ്യപ്പെട്ട രണ്ടിണ ത്തത്തകഠം സ്തോത്രങ്ങഠം ചൊല്ലുമ്പോഠം മീതേ നിന്ന് കുരുക്കുത്തി മുല്ല യുടേയും പിച്ചകവല്ലിയുടേയും പൂക്കഠം കാററിൽ വർഷിക്കപ്പെടുകയും ചെയ്യുന്നു. കുന്ദങ്ങഠം = കുരുക്കുത്തിമുല്ല. മാലതീ വല്ലികഠം = പിച്ചക വള്ളികഠം.

എന്നാൽ സംവർദ്ധമാന പ്രതതി രചിതമാം
മണ്ഡപത്തിൻെറ മുമ്പിൽ
മന്ദാരം പുഷ്പഭാര പ്രണമിത വിടപം
കണ്ടുകൊഠം പിന്നെയും നീ
തന്വംഗിക്കീ ഭവാനിൽ വരുമുരുതരമാം
പ്രേമമീവണ്ണമാമെ—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ന്നെന്നുള്ളത്തിൽ ഗ്രഹിപ്പിക്കുവതിന്നതിവം
ക്കീക്ഷിതം സാക്ഷിയിപ്പോൾ 29

ചാമ്പേയാഖ്യം, പലാശം, ബകുളവിടപിയും,
വില്വവും സിന്ദുവാരം
ചെമ്പൊന്നിൻ കാന്തിതേടും കുസുമതതികളെ
പ്പൂണ്ട മക്കർണ്ണികാരം
മാകന്ദം നല്ല കാളാഗരുവു മിവകളെ
ക്കൊണ്ടു ശോഭിച്ചതാമെ-
ന്നാരാമത്തിങ്കലാക്കും പരഭൃത മധുരാ-
ലാപമുൽക്കാമമത്രേ ! 30

29. വളർന്നു പന്തലിച്ച മണ്ഡപത്തിനരികെ എരിക്കിൻമരം പൂക്കളെക്കൊണ്ട് താണുപോയിരിക്കുന്നു. നീ അവിടെ ചെന്നാൽ നായികയ്ക്ക് എന്തു സന്തോഷമാകുമെന്നോ.
പ്രതതി രചിതമം=വള്ളികൊണ്ടു നിർമ്മിയ്ക്കപ്പെട്ട. മന്ദാരം = എരുക്ക.

30. ചാമ്പലേയം = ചമ്പകം; പലാശം = പ്ലാശു; ബകുളം = ഇലഞ്ഞി; വില്വം = കൂവളം; സിന്ദുവാരം = കരുനെച്ചി. മാകന്ദം = തേന്മാവ്. കർണ്ണികാരം = സ്വർണ്ണനിറപ്പുള്ള വൃക്ഷം. കാളാഗരു = കാരകിൽ. പരഭൃതം = കുയില്. പലവിധം വൃക്ഷങ്ങളും പൂച്ചെടികളും കൊണ്ട് നിറഞ്ഞ ഭംഗിയായ എൻെറ ഉപവനം കുയിലുകളുടെ ഗാനം കൊണ്ട് ആകർഷകമായിരിക്കും.

നീയപ്പൂങ്കാവു തന്നിൽ വിരവൊടവതരി
ച്ചദ്ധ്വഖേദം കെടുത്താ
പോയാലും പിന്നെ വേഗാൽ മമനിലയമതിൽ
ബന്ധു കാര്യാർത്ഥമേവ
പൊയ്യല്ലെൻ വിപ്രയോഗാലതിന്നുടെ സുഭഗേ
ത്വം കുറഞ്ഞാകുമിപ്പോൾ.
സൂര്യപ്രായത്തിലംഭോരുഹരുചിനിതരാം
താണുപോയീടുമല്ലോ. 31
മിന്നൽ നേരായ തന്വംഗികളുടെ മധുരാ
കാര വക്ത്രങ്ങളിപ്പോൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഖിന്നത്വത്തോടെ കാണപ്പെട്ടുമവിടെ
ക്ലിഷ്ട പത്മങ്ങൾ പോലെ
എന്നിൽ താപം തഴച്ചുള്ളവളുടെ പരിതാ
പം നിരീക്ഷിക്കിലിന്നി-
മ്മന്നിൽ സർവ്വർക്കുമുണ്ടാ മഴലഥ സഖിമാ-
ർക്കെന്തു സന്ദേഹമുള്ളൂ 32

31. ഉദ്യാനത്തിൽ സ്വല്പം വിശ്രമിച്ച് യാത്രാക്ലേശം തീർന്നശേഷം വീട്ടിലേക്കു കയറുക. എന്റെ പത്നി അവിടെ വിരഹതാപം മൂലം വലയുകയാണ്. സൂര്യന്റെ അസാന്നിദ്ധ്യം താമരപ്പൂവിന് മങ്ങൽ ഏൽപ്പിക്കാതിരിക്കുമോ? അധ്വഖേദം=യാത്രാക്ലേശം. മയൂരസന്ദേശത്തിൽ 'സൂര്യൻ പോകുന്നത് സുസഹമായിടുമോ പത്മിനിക്ക്'' എന്നതിലെ ആശയവും ഇതു തന്നെ..

32. മിന്നൽക്കൊടികളെപ്പോലുള്ള സുന്ദരിമാർ ഇപ്പോൾ മഞ്ഞിൽ മരവിച്ച താമരപ്പൂക്കൾ പോലെ നിരുത്സാഹരായും ഇരിപ്പാണ്. അവരുടെ ഉത്തമമിത്രമായ എന്റെ പ്രിയതമക്ക് വന്ന ദുഃഖം അവരിലും പകർന്നിരിക്കുന്നത് സ്വാഭാവികമാണല്ലോ. ഹിമക്ലിഷ്ട പത്മങ്ങൾ=മഞ്ഞ് വീണ് മങ്ങിയ താമരപ്പൂക്കൾ.

ഞാനത്രേ നിൻസുഹൃത്തിൻ ദയിതതമധരി-
ത്താൻ വേറെ തന്നെ
മാനിയ്ക്കപ്പെട്ട കാന്ത്യാ തരുമറിവവരിൽ
വെച്ചോരം ഭോരുഹാക്ഷി
നൂനം സൗന്ദര്യമുണ്ടാക്കുവതിനു ചതുര
ത്വം വിധിക്കുള്ളതെല്ലാം.
മാനേലും കണ്ണി തന്നിൽ പ്രകടിതമവനൗ
സർവ്വസന്ദർശനാർത്ഥം. 33
ഏററം മാററുള്ള പൊന്നിൻ നികഷവുമടികൂ-
പ്പുന്ന നൽകാന്തിതേടും
കററക്കാർ വേണിയാം തന്നുടെ കചനികരം
നിൻനിറം ശുഭ്രമാക്കും
തെററല്ലിച്ചൊൽവതേതും കരവല കസുമമാ
ലംകൃതം ദൃഷ്ടമായാൽ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കററം താരങ്ങളേ പ്പൂണ്ടൊരു തിമിരഭര
ത്തിന്നുമാരും കഥിക്കും. 34

33. അവരിൽ നിന്ന് വേർതിരിച്ചറിയാൻ വേണ്ട മുഖകാന്തിയുള്ള സുന്ദരി യാണ് എൻെറ പ്രിയതമ. സ്വസൗന്ദര്യവർദ്ധനക്ക് ശാസ്ത്രോക്തമായ കരുതൽ നടപടികളെല്ലാം അവർ സ്വീകരിച്ചേക്കും. ഇത് ലോകത്തേവർക്കും പ്രകടമായി കാണാൻ പാകത്തിലുമായിരിക്കും.

34. ഇനി 12 ശ്ലോകങ്ങാം കൊണ്ട് നായികാവർണ്ണന കേശാദി പാദവർണ്ണന തന്നെ സാധിക്കുന്നു. പൊന്നിൻ കുടത്തിൻെറ നിറമാണ് അവരുടെ ഉടലി നെങ്കിൽ കറുപ്പിനരികെ നീ (കാർവണ്ട്) വെളുത്തതാകും. ആ തലമുടിക്കെ ട്ടിൽ പൂചൂടിയതു കണ്ടാൽ നക്ഷത്രങ്ങളെ കൊണ്ട് മിന്നുന്ന മേഘപാളി യാണെന്നേ തോന്നൂ.

കചനികരം = തലമുടിക്കെട്ട്. ശുഭ്രം = വെളുത്തത്. ആ കറുപ്പ് നിൻെറ കറു പ്പിനെ വെളുപ്പാക്കും എന്ന പ്രയോഗം ശ്രദ്ധിക്കുക. ''സഹസ്രരശ്മിയെ ഇരുട്ടാക്കും പ്രഭാസാരമെന്ന ആശാൻെറ പിൽക്കാല പ്രയോഗത്തെ അനുസ്മരിപ്പിക്കുന്നു.

മല്ലപ്പൂബാണനാ ലംബുജഭവ ഭജനം
കൊണ്ട് സംപ്രാപ്തമായാ-
വില്ലത്രേ യസ്സകേശീമണിയുടെ പുരികം
നൂനമസ്ത്രം കടാക്ഷം
തെല്ലും വൈഷമ്യമെന്യേ യിനി മനസിഭവൻ
ചൂത്തി ലീശംനനേയും
വെല്ലും തോററീടിനാൻ പണ്ടതു സമയമവ
നായുധം പുഷ്പമല്ലോ 35

ചൊൽക്കൊണ്ടേീടുന്ന നൂറായിരമസമശ-
ന്മാരെ നിമ്മിച്ചപോരും
മൈക്കണ്ണാം തന്നപാംഗത്തിനു മഹിമ വള-
ർത്തീടുമന്നേത്രയുഗ്മം
ശൃംഗാരാഖ്യാമൃതത്തിൽ നിലയമസിതപ-
ക്ഷ്മങ്ങളെക്കൊണ്ടുമേററം
തുംഗാഭംപാക്കിലിന്നൊന്നതിനു സദൃശമാ-
യിട്ടുതേയുള്ള നൂനം. 36

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

35. കാമദേവൻ ബ്രഹ്മാവിനെ തപസ്സുചെയ്ത് സമ്പാദിച്ച വില്ലാണെന്ന് തോന്നും. ആ കരികാർ കുഴലിയുടെ പുരികക്കൊടി കണ്ടാൽ. ആ വില്ലിൽ തൊടുക്കാനുള്ള അമ്പുകളാണ് ദൃഷ്ടികൾ. ഈ ആയുധങ്ങളുള്ള കാരണം ശിവനെപ്പോലും തോൽപ്പിക്കാൻ കാമദേവന് കരുത്തായി. പണ്ട് തോററത് അന്ന് പൂക്കൾ മാത്രം അസ്ത്രമായതിനാലാണ്.

36. അങ്ങിനെ നൂറായിരം അസ്ത്രവിദഗ്ധന്മാരെ നിർമ്മിക്കാൻ കരുത്തുള്ളകടക്കണ്ണുകൾക്ക് മാഹാത്മ്യം കൊടുക്കുന്നവയാണ് നായികയുടെ ഇരു കണ്ണുകൾ. ശൃംഗാരാമൃതത്തിൻെറ ശേഖരമായ കൺപീലികൾ ഉള്ള ആ സുന്ദര വസ്തുവിന് തുല്യമായത് അത് മാത്രം. ശൃംഗാരാമൃതം=ശൃംഗാരം എന്നു പേരുള്ള അമൃതം.

എള്ളിൻ പൂവോടെതിർക്കും ചടുലനയനതൻ
നാസയെ പാർക്കിലിപ്പോൾ
ഉള്ളിൽ പുഷ്പായുധനും നിജ ശരധിയിലു-
ണ്ടായ് വരും ത്യാജ്യഭാവം
ഭള്ളേറും ചെമ്പരത്തിക്കുസുമവുമധര
ത്തിൻ പ്രഭാവം നിനച്ചാ
ലെള്ളോളം കാലമെങ്ങും കളയരുതു ദൃഢം
കാവിവസ്ത്രം ധരിപ്പാൻ 37

മുക്താരത്നം മുളച്ചീടുകിലതിനുടെ പൂ
മോട്ടുകൾ ക്കൊത്തുനിൽക്കും.
മുഗ്ദാംഗിക്കുള്ള ദന്താവലിയുടെ രുചികൊ
ണ്ടഞ്ചിതം മന്ദഹാസം.
മന്നം മന്ദിരത്താൽ ബഹുല നിശയിലും
തൂനിലാവായി നിൽപ്പൂ
ഖിന്നത്വം കാൺകതിപ്പോൾ മമനയനചകോ
രത്തിനില്ലായ്ക മൂലം 38

37. ആ ചടുലനയനയുടെ നാസിക എള്ളിൽ പൂവിന് തുല്യമാണ്. അത് കണ്ടാൽ പുഷ്പബാണന് തൻെറ ആവനാഴിയോട് അതൃപ്തി തന്നെ ഉണ്ടാകും. ചുണ്ടുകളുടെ നിറം കണ്ടാലോ, ഭള്ള് നടിച്ചിരിക്കുന്ന ചെമ്പരത്തിപ്പൂവിന് ഉടൻ സന്യാസം സ്വീകരിക്കേണ്ട ഗതികേടാകും വന്നുപെടുക. (ലോകവിരക്തി വന്നുപെടുമെന്നർത്ഥം)
കാവിവസ്ത്രം സന്യാസലക്ഷണമാണല്ലോ. ശരധി = അമ്പുറ (ആവനാഴി)

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

38. പുഞ്ചിരിക്കവേ തിളങ്ങുന്ന ദന്തപംക്തികൾ കണ്ടാൽ മുത്തുമണികൾ മുളച്ച് മൊട്ടിട്ടു നിൽക്കയാണോ എന്ന് തോന്നും. അമാവാസിരാത്രിയെ പൗർണ്ണമിയാക്കാനുള്ള ആ പുഞ്ചിരിയുടെ കഴിവ് എന്റെ കണ്ണുകളാകുന്ന ചകോരത്തിന് നിഷേധിക്കപ്പെട്ടിരിക്കയാണ്. മുക്താരത്നം=മുത്തുമണി ബഹുലനിശയിൽ= കറുത്തപക്ഷ രാത്രിയിൽ. ചകോരം= ചന്ദ്രികാപാനം കൊതിക്കുന്ന ചെമ്പോത്ത്.

കണ്ണിന്നും സൗഖ്യമേകം മധുരവചനമാ-
　　　മാനനം നിർവ്വിവാദം
ഖണ്ഡിപ്പിക്കുന്നുവല്ലോ സരസിജതതിതൻ
　　　കാന്തിയേയു, മ്പലേന.
വിണ്ണിൽ ശീതാംശുവിന്നിന്നുദയമുണ്ടുകൊ
　　　ണ്ടെങ്കിലും ലോകരെന്നേ
വണ്ണിപ്പോരെന്നുറച്ചമ്മതിനധരവുമ-
　　　ണ്ടേററമോടേററു നില്പാൻ 39

എന്നും വർണ്ണ്യത്തിനേക്കാളതിഗുണമുപമാ-
　　　നത്തിനേയുള്ള നൂനം
മന്നിൽ സർവ്വത്രശോഭിപ്പതു മതുവചനം
　　　ഡംബരം ചൊന്നതെല്ലാം.
എന്നാലോ സംശയം നിൻമനതളിരിലഹോ !
　　　തനവിതന്നംഗമെല്ലാ-
മെന്നാലത്രോപമാനം ശശിമുതലഖിലം
　　　നിശ്ചയം വണ്ണ്യമത്രേ 40

39. അവളുടെ മനോഹരമായമുഖം മധുരപദങ്ങൾ പൊഴിക്കകൂടി ചെയ്കയാൽ താമരപ്പൂവിനേയും അമൃതകിരണനേയും കീഴ്പ്പെടുത്തുകയാണ്. ചന്ദ്രൻ ഉദിക്കുന്നത് അമൃതകിരണനാണെന്ന് കൊണ്ടാടുന്നതിനെ ചെറുതാക്കുമാറ് അമൃതവാണിയായനാക്കാണ് നായികക്കുണ്ടായിരുന്നത്.

40. ഉപമാപ്രയോഗമുള്ളിടത്തെല്ലാം ഉപമാനത്തിനാകു, ഉപമേയത്തേക്കാൾ പ്രാധാന്യം. എന്നാൽഈ നായികയെസംബന്ധിച്ച് ചന്ദ്രൻതുടങ്ങിയ ഉപമാനോപകരണങ്ങൾക്ക് കേവല ംഉപമേയങ്ങളുടെ സ്ഥാനം മാത്രമേ ഉണ്ടാകു.

പാലഞ്ചും വാണിയാൾ തൻ മുലയിണമുകുളി-
　　　ച്ചീടവാനായ്ത്തുടങ്ങു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കാലത്തിൻ മുന്നമേ യക്കലശമഖിലവും
    തപ്തമായി ചമഞ്ഞു ;
അല്ലായ്കിൽ വാരിപാനം സതതമതിനുചേ
    രുന്നതോ പിന്നെയിപ്പോൾ
ചൊല്ലാമോ തൽ കുചത്തേയതിന്നു സദൃശമാ-
    യുള്ളതെന്നോക്കിലാക്കൾ. 41

പുത്തൻ പൂമേനിയാൾ തൻ കരലതകളനം
    ഗന്നഭീകാവലീനാം
ചിത്തത്തെ ബന്ധനം ചെയ്‌വതിനുരചിതമാ
    മായതം പാശയുഗ്മം
ഹസ്താഗ്രം ചാരുദീർഘാംഗുലി വിലസിതമോർ
    ക്കപ്പെട്ടമ്പോളതോടൊ-
ത്തുരസ്ത്താരിൽ വന്നു ചെന്താമരയുമിത്തുമിഥഃ;
    സഖ്യമുള്ളോർക്കു ഞായം. 42

41. കളവാണിയായ നായികയുടെ വക്ഷോരുഹങ്ങൾ പ്രാരംഭദശയിൽ തന്നെ തപ്തമായി കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട് കൂടകൂടെ വെള്ളം കുടിക്കുക പതിവാക്കിയിരുന്നുതാനും, തന്നിമിത്തമാണോ വളർച്ച മുററിയപ്പോൾ കുംഭാകൃതി കൈക്കൊണ്ടത് എന്ന് സംശയിക്കാൻ ന്യായമുണ്ട്.

42. പൂവ്വൽ മേനിയുടെ നീണ്ട കരങ്ങൾ യുവഹൃദയങ്ങളെ കെട്ടിവരിയുന്നതിനുവേണ്ട രണ്ട് നീളൻകയറായി പറയാം. കൈകൾക്കററത്തെ നീണ്ടവിരലുകളുള്ള കൈപ്പത്തികൾ ചെന്താമരയുടെ പ്രതീതി ഉരസ്ത്താരിൽ ഉണ്ടാക്കുന്നു. മനസ്സ് താമരപോലെ ഉൽഫുല്ലമായവർക്ക് അങ്ങിനെതോന്നുന്നത് ന്യായമാണുതാനും.
മിഥഃ = അന്യോന്യം. ചാരുദീർഘാംഗുലി = ഭംഗിയിൽ നീണ്ടവിരലുകൾ. അഭീകൻ = കാമുകൻ.

ചിത്രം ധാതാവുതൻ വിദ്യകളവളുടെ മ-
    ധ്യം നഭഃ പ്രായമത്രേ
തത്രത്യം സ്വർണ്ണരാപാംനവ്യ മഥരചിതം
    യൗവനായാനമാമ്പോൾ
തന്മദ്ധ്യേ നീളമാളുന്നൊരു പെരുവഴിയും
    നീല രത്നാഭിരാമം.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തന്മൂലെ വപ്പിയുണ്ടെന്നെതിലിറ-
ങ്ങീടുവാനായിതെല്ലാം. 43

ചാരുത്വം പൂണ്ടമൂരുക്കളുടെ യുഗളി-
ക്കിന്നു സാമ്യം കഥിപ്പാൻ
പാരിൽ നാഗേന്ദ്ര ഹസ്തം കനക കദളിയും
രണ്ടുരൂപം നിനച്ചാൽ
പാരിച്ചീടുന്ന കാക്കശ്യവുമനിശജസ
ത്വാർത്തിയും കണ്ടുരണ്ടും
നേരല്ലെന്നാശ്ശുവിട്ടാൽ പുനരതിനുപമി-
ച്ചീടുവാനൊന്നുമില്ല 44

43. ബ്രഹ്മാവിൻെറ സൃഷ്ടിസാമർത്ഥ്യം അത്ഭുതകരം തന്നെ. അവളുടെ ഉദരഭാഗം നഭസ്സുപോലെ ശൂന്യപ്രായമാണ്. താറുണ്യാഗമത്തിൽ അവിടെ നിർമ്മിതമായ സ്വർണ്ണസോപാനവും നീലരത്നാഭമായ നീണ്ട പെരുവഴി നയിക്കുന്നത് ഒരു പുണ്യതീർത്ഥസ്ഥാനത്തേക്കാണ്.

''എന്നല്ലതീവ കൃശമാമുദരത്തിൽ മധ്യേ
മിന്നുന്നിതേ ചെറിയകോമള രോമരാജി''

എന്ന് പാർവ്വതീ പരിണയം നാടകത്തിലെ (വാമനഭട്ടബാണം) ഭാഗം സ്മരിക്കുക. തർജ്ജമ ചിറയിൻകീഴ് പി. പരമേശ്വരൻപിള്ള.

44. അവളുടെ സൗന്ദര്യമുള്ള തുടകൾക്ക് ഉപമാനമായി ആനത്തുമ്പിയും കദളിവാഴത്തണ്ടും സ്വീകാര്യമല്ല. ഒന്നിൻെറ കാർക്കശ്യവും മറേറതിൻെറ ജഡത്വവുമാണ്തടസ്സം. നിരുപമിതമായ ഉരുക്കാം തുടരുകയാണ്. ഇവിടെ കുമാരസംഭവത്തിലെ പ്രസിദ്ധശ്ലോകത്തിൻെറ ആശയമാണ് പകർത്തിയിരിക്കുന്നത്. നോക്കുക.

കൊമ്പൻെറ തുമ്പിക്കു പുറംപരുത്തും
വമ്പാർന്നവാഴക്കു സദാതണുത്തും
മുഴുപ്പിയന്നിട്ടു ഫകന്നുപോയി
തപ്പെൺകിടാവിൻ തുടയോടു സാമ്യം
നാഗേന്ദ്രഹസ്തം = കൊമ്പൻെറ തുമ്പി

വൃത്തത്വത്തോടെ കീഴായ് ക്രമകൃശത വഹി-
ച്ചുള്ള തജ്ജംഘരണ്ടും
തീർത്തപ്പോഴാത്തന്നെ പത്മാസനനമവകളിൽ
മാന്യഭാവം വിലോക്യ;

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

അർച്ചിച്ചുള്ളം ബ്രജങ്ങരം തദമലചരണം
രണ്ടുമെന്നോ തിയെന്നാൽ
ചേർച്ചക്കേളും വരാനില്ലൊരു വിഷമമവ
ന്നിൻെറ സൗഭാഗ്യമോർത്താൽ 45

ഏവം കേശം തുടങ്ങി പദസരസിജ പ
ര്യന്തമേററം വിളങ്ങും
പാർവാംഗീ മന്യയാമെൻ പ്രിയതമയെ ഭവാൻ
ഹന്തമർവി പ്രയോഗാൽ
വൃക്ഷാഗ്രത്ത വിട്ടു വീണീടിന മൃദുതരയാം
പൂക്കലക്കൊത്തുതന്നെ
ലക്ഷ്മിക്കും വാട്ടമോടും ക്ഷിതിശയന വശാൽ
ധൂളി മെയ്യിൽ പുരണ്ടും, 46

45. നായികയുടെ കണംകാൽ തിർന്നപ്പോരം വട്ടമൊത്ത ക്രമത്തിൽ കൃശമായി വന്നതിലെ ഭംഗികണ്ട് ബ്രഹ്മാവിനു തന്നെ സ്വല്പം ബഹുമാനം തോന്നിപ്പോയി. ആരാധനാഭാവത്തിൽ രണ്ട് താമരപ്പൂക്കരം കയ്യോടെ എടുത്തർപ്പിച്ചതാണോ അവളുടെ കാലടികരം എന്ന് സംശയിക്കുന്നതിൽ അസാംഗത്യമില്ല.
ജംഘ = കണങ്കാല്.

46. അങ്ങിനെ ആപാദചൂഡം സുന്ദരിയാണ് എൻെറ പ്രിയതമ; വൃക്ഷക്കൊമ്പിൽ നിന്ന് അററ് തറയിൽവീണ ഇളംപൂങ്കുലപോലെ പൊടിപുരണ്ട് വാടി വിയോഗാർത്തിമൂലം കിടക്കുന്ന കാഴ്ചയാണ് നീ കാണുക.

പൊങ്ങും ചിന്താബലം കൊണ്ടവളൊരു സമയം
വക്ത്രപത്മം കരാഗ്രേ
താങ്ങി ക്ഷോണീതലം വ്യഞ്ജന നയനജലം
കൊണ്ട് പാരം നനച്ചും
ചൂടേറീടുന്ന ദീർഘശ്വസിത മതിതരാ
മോഷ്ഠമാകും പ്രവാളം
വാടും വണ്ണം പൊഴിഞ്ഞും മരുവുമളവിലാ
മദ്യതദ്ദർശനം തേ. 47

ഇല്ലല്ലോ വല്ലഭാലിംഗനജ സുഖമെനി-
ക്കെന്നെ പോലിന്നിണക്കും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

കല്ലല്ലോ പത്മജൻ തന്നുടെ ഹൃദയമവൻ
ചെയ്യതല്ലോ വിയോഗം ;
അല്ലൽ നീക്കീടുവോനോ കഠിനനെനിന്നമുക്കെ-
ന്നുതാൻ ശയ്യയോടായ്
ചൊല്ലാട്ടം മന്ദമാമ്മാറിടറിടറിയും
കൊണ്ടുമപ്പോഴമാവാം 48

47. ചിന്താഭാരാൽ കുനിഞ്ഞ മുഖാംബുജത്തെ കൈത്തലം കൊണ്ടു താങ്ങി കണ്ണീർ പൊഴിച്ച് കിടക്കുകയാവണം. അവളുടെ ചുടുവീർപ്പു തട്ടുമ്പോഴം ആ പവിഴച്ചുണ്ടിൻെറ നിറംമങ്ങുന്നു ആ കാഴ്ചയാണിന്ന് നിനക്കുണ്ടാകുക.

48. പ്രാണ വല്ലഭനുമായുള്ള സമ്പർക്ക പരിചരണത്തിൻെറ സുഖസംതൃപ്തികാം നിഷേധിക്കപ്പെട്ട നിലയിൽ താനും ശയ്യയും തുല്യദുഃഖിതരാണ്. ഇതിന് കാരണം കഠിനഹൃദയനായ ബ്രഹ്മവ് തന്നെ നിൻെറ ദുഃഖം എന്നാണവസാനിക്കുക എന്ന് കിടക്കയോട് ഗദ്ഗദസ്വരത്തിൽ അവം പറയുന്നുണ്ടായിരിക്കും.

എന്നെ വേറിട്ടു ഖേദിച്ചതു വരയുമിരു-
ന്നുള്ള നാം കൈവിരൽകൊ-
ണ്ടെണ്ണിത്തീർന്നോരുനേരം മുഖമുടനെമല-
ർന്നേതുമേ ബോധമെന്യേ
നിന്നപ്പോഴം തളർന്നിട്ടഥ ധരണിതലേ
ദാരുഖണ്ഡം കണക്കേ
വീണപ്പോഴം വധൂനാം രമണവിരഹകാ-
ലത്തിലുണ്ടായിതെല്ലാം. 49

പ്രാതക്കാലത്തിലെല്ലാ മന്ദദിവസമവരം-
ക്കീശ്വരദ്ധ്യാനമുണ്ടാ-
മാതങ്കം നീങ്ങുവാൻ നിശ്ചയ മധികവിയോ-
ഗാർത്തി ചേരാതദാനീം
അക്കാലേ ചെന്നുവെന്നാൽ കനിവൊടുമൊരുയാ-
മം പൊറുത്തീടണം നീ
മൈക്കണ്ണാരംക്കുള്ള ഖേദം പുനരതു കളവാൻ
വാച്യമെൻ വാക്യമെല്ലാം. 50

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

49. വിരഹദുഃഖം അനുഭവിച്ചുകൊണ്ട് എത്ര ദിവസങ്ങൾ തള്ളിനീക്കി യെന്ന് വിരലുകൾ മടക്കി തിട്ടപ്പെടുത്തുമ്പോൾ പെട്ടെന്ന് ബോധരഹിത നായി തളർന്നു തറയിൽ തടിത്തുണ്ടംപോലെ വീഴുകയും ഉണ്ടായി. ഭർത്തൃ വിരഹം ഉണ്ടാക്കുന്ന ശല്യങ്ങളേ!

50. നിത്യവും പ്രഭാതത്തിൽ അവൾ ഈശ്വരധ്യാനത്തിനിരിക്കാറുണ്ട്. ദുഃഖം നീങ്ങാൻ അതാണല്ലോ മാർഗ്ഗം. ആ സമയത്ത് ചെന്നുകേറി എൻെറ വാക്യങ്ങൾ പറഞ്ഞ് ദുഃഖമുക്തിയുണ്ടാക്കുന്നതുകൊള്ളാം.

നേത്രങ്ങൾ മീലനം ചെയ്തവളുടെ വിരഹ
പ്ലുഷ്ടമറയിട്ടിരിക്കും
ഗാത്രത്തെ ഭാവനാ വൈഭവ വിരചിതമാ-
മെൻ ശരീരേ നിധാന്
കന്ദർപ്പാദ്വൈത സന്തോഷവുമനുഭവമാ-
ക്കിക്കിടക്കുന്ന നേരം
ചെന്നെത്തി കാൺകിലപ്പോളരുതവളെയുണ
ർത്തീടുകെന്നുള്ളതേത്തും 51

ശ്രദ്ധ സ്നാനാദിയെല്ലാ മഴകിനൊടു കഴി-
ച്ചേതുമേ ഭക്ഷണാർത്ഥം
ചിത്തത്തിൽ കാംക്ഷയെന്യേ വെയിലിലുദിതമാം
ചന്ദ്രഖണ്ഡം കണക്കേ
അത്തൽ പൂണ്ടേററവും മങ്ങിന കൃശതരഗാ
ത്രം നിലത്തിട്ടു വാഴും
വിത്തും കൊണ്ടീശ്വരായെന്നൊരു വചനമവൾ
ദൂരദൂരം വദിക്കും 52

51. വിരഹദുഃഖത്താൽ പൊള്ളുന്ന ശരീരത്തെ ഭാവനയിൽ എൻെറ ദേഹ ത്തോട് ചേർത്ത് കണ്ണടച്ച് അദ്വൈതഭാവമാസ്വദിക്കുമ്പോൾ, ചെന്നുപെട്ടു വെങ്കിൽ ഉടനെ അവളെ ഉണർത്തുന്നത് തെററാണ്. അങ്ങിനെ ഒരിക്കലും ചെയ്യരുത്.
പ്ലുഷ്ടം=പൊള്ളിയ.
കന്ദർപ്പാദ്വൈത സന്തോഷവുമനുഭവമാക്കി ക്കിടക്കുന്ന നേരം=ദൃഢാശ്ലേഷബ ദ്ധരായിരിക്കുമ്പോൾ.

52. സ്നാനവും നിത്യകർമ്മങ്ങളും കഴിഞ്ഞ് ഭക്ഷണത്തിനിരിക്കുമ്പോൾ വെയിലത്തു വച്ച ചന്ദ്രകാന്തം പോലെ അവൾ വിഷമിക്കുകയായി. ദേഹം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മെലിഞ്ഞ് തറയിൽ വീണുകിടന്നു ''ഈശ്വരാ'' എന്ന് ദീർഘനിശ്വാസ ചെയ്യുന്ന സമയത്താണ് നീ പ്രവേശിക്കേണ്ടത്.
ചന്ദ്രഖണ്ഡം = ചന്ദ്രകാന്തക്കല്ല്—വെയിലത്ത് ഉരുകും.

അപ്പോളേവം വദിക്കേണ്ടതിന്നു തുനിയെടോ
 മാമകം വാക്യമെന്നാൽ
കെൽപ്പോടെ കേട്ടുകൊണ്ടെൻ പ്രണനിയുമഴൽ
 മിക്കവാറും ത്യജിക്കും
ഭർത്താവിൻ വാർത്ത കേൾക്കെന്നതു മവനുടെ സം-
 യോഗവും കൂടെയൊന്നാ
യോർത്താൽ രണ്ടിന്നുമില്ലംബുജനയനകളിൽ
 ഭേദമന്യോന്യമേററം 53

ഭർത്താവിൻ മിത്രമാകും ഭ്രമരവരനഹം
 ത്വസ്യസന്ദേശമെല്ലാം
മുൾത്താരിൽ ചേർത്തുവന്നേനറിക ഹിതധവേ
 നിൻ സമീപത്തിലിപ്പോൾ
കീർത്തിക്കപ്പെട്ട ഭർഗാദികളെയുമനിശം
 നാരിമാരിൽ വണങ്ങി
പ്പാർത്തീടും മന്മഥൻ തൻ കുസുമമയധനു-
 സ്സിന്നു ഞാണായതും ഞാൻ 54

53. ഞാൻ അയച്ച സന്ദേശം നൽകേണ്ട സമയമായി അതു കേൾക്കുമ്പോൾ ദുഃഖം കൈവിട്ട് അവൾ എഴുന്നേൽക്കും. ഭർത്തൃസമ്പർക്കം പോലെ സുന്ദരിമാർക്ക് തുല്യനിച്ചയിൽ ആസ്വാദ്യമാകും ഭർത്തൃവാർത്താ ശ്രവണം.

54. ഭർത്താവിന്റെ സുഹൃത്തും സന്ദേശവാഹകനുമായ ഭ്രമരമാണ് ഞാൻ ഹിതധവയായ നീ അക്കാര്യം ധരിക്കണം. ഭർഗാദികളെ കുഴക്കുന്ന മന്മഥന്റെ അസ്ത്രപ്രയോഗത്തിനുള്ള ഞാണായി പ്രവർത്തിക്കുന്നു. സന്ദേശം തുടങ്ങുന്നിടത്ത് മേഘസന്ദേശക്കാരനെ അനുകരിക്കുന്നു.

''ഭർത്തുഃ മിത്രം പ്രിയമവിധവേ! വിദ്ധിമാമംബുവാഹം
തത്സന്ദേശൈർ ഹൃദയനിഹിതൈരാഗതം ത്വത്സമീപം''

ആശയാവിഷ്കരണത്തിലും പദപ്രയോഗത്തിലും കാളിദാസനെ കവി അനുകരിച്ചിരിക്കുന്നു. ഹിതധവ=ഇഷ്ടഭർത്താവുള്ളവൾ. മന്മഥൻ തൻ കുസുമമയധനുസ്സിന്നു ഞാണായതും ഞാൻ=കുസുമശരം എത്തിക്കുന്നതിന് ഞാൺ ഉപകരണമായിത്തീരുന്നു.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

റ്റേവം മാത്രം കഥിക്കുന്നളവിലവളെഴ
ന്നേററുവേഗേന നിന്നെ
ദൈവത്തെപ്പോലെ മാനിച്ചഥ പുനരുദിത-
ത്തേയുമമ്പിൻ ഗ്രഹിപ്പാൻ
നിൻ വക്ത്രേ നോക്കി നിൽക്കും ഘനജലലവ
മാത്രേണ സമ്പ്രാപ്തമാകും
നിർവ്വാണത്തെ ലഭിച്ചീടിന ദിവ പരിസ
ന്തപ്ത മാതംഗിപോലെ 55

പിന്നേയും നീ പറഞ്ഞീടുക തവ വിരഹ .
ക്ളിഷ്ടനായുള്ള ഭർത്താ-
വെന്നെ ഗോകർണ്ണരാജ്യത്തിനു ചെറ്റു വട-
ക്കേപ്പുറം വെച്ചു കണ്ടു
നിന്നോടിപ്പോ ളവൻ താനിവിടെ മമ മുഖം
കൊണ്ടു ചെല്ലുന്നു ദൈവം
തന്നാൽ ദൂരത്തിലാക്കി കൃതനവനത്തു കൊ-
ണ്ടീവിധം വേണ്ടിവന്നു 56

55. ഇത്രയും പറഞ്ഞാൽ അവൾ വേഗം എഴുന്നേററ് ആദരപൂർവ്വം നിന്നെ സ്വീകരിക്കും. മാത്രമല്ല നീ പറയുന്നത് പകൽച്ചൂടുകൊണ്ട് കുഴങ്ങിയ മാതംഗി മേഘജലത്തെ എന്നപോലെ ഉററു നോക്കും.

56. ഭർത്താവ് ഗോകർണ്ണത്തിന് വടക്കുനിന്ന് നിന്നെ അയച്ച കാര്യം പ്രസ്താവിക്കണം. വാർത്ത ഭർത്താവിൻെറ; പറയുന്ന മുഖം മാത്രം ദൂതൻെറ ദൈവം ഹിതമഞ്ജിനെയെന്ന് ധരിക്കുക. ദൂരത്തുപെട്ടാൽ മറെറന്തു ഗതി?

നിന്നെ കൈവിട്ടു തൊട്ടില്ലഹമിതുവരെയും
നിദ്രയെപ്പോലുമയ്യോ
പിന്നെ സ്വപ്നത്തിലും ഞാനൊരപരവധുവേ
തീണ്ടുവാനോ മനോജ്ഞേ!
സന്ദേഹം വേണ്ട തണ്ടാർ മധു മധുപകുല
ത്തിന്നു ഹസ്തത്തിലാമ്പോൾ
വന്നെത്തിക്കൂട്ട വാന്നോമന തളിരലതി
നന്യ പുഷ്പാഭിലാഷം 57

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

മുന്നം മററുള്ള തന്വംഗികളുടെ യരികിൽ
ചെന്നു നീഃയറെനിന്നാ-
ലന്നേരത്തിങ്കലും നിന്നുടെ മുഖകമലം
ചുംബനം ചെയ്യുകൊരംവാൻ
നിന്നോടായൊന്നു ഗൂഢം പറയുവതിനെന്നി
കഴണ്ടു വന്നീടു വേഗാ
ലെന്നോതീടുന്ന ഞാനിങ്ങിനെ വിരഹിതയായ്
ത്തീന്നു ഹാ ദൈവകോപാൽ 58

57. നീയൊഴികെ നിദ്രാദേവി ഉരംപ്പെടെ മറ്റൊരു വ്യക്തിയെയും സ്പർശിക്കകൂടി ചെയ്തിട്ടില്ല. സ്വപ്നത്തിൽക്കൂടി അന്യസ്ത്രീ സംസർഗ്ഗം എങ്ങിനെ ചെയ്യാനാണ്? താമരത്തേൻകിട്ടാനുള്ളപ്പോരം മററ് പുഷ്പങ്ങളെ സമീപിക്കുവാൻ വണ്ടുകരംശ്രമിക്കില്ല എന്നതത്രേ സത്യം.

58. മുമ്പ് മററ് സ്ത്രീകളുടെ ഇടയിൽ നീ അധികനേരം പെട്ടിരുന്നാൽ നിൻെറ ചുംബനം കടാക്ഷിച്ചു. ഒരു സൂത്രം പണ്ട് ഞാൻ പ്രയോഗിച്ചു. ''സ്വകാര്യമൊന്നു പറയാനുണ്ട്'' എന്നു പറഞ്ഞ് സൂത്രത്തിൽ അടുത്തേക്കു വിളിക്കുക. ഇന്ന് ഞാൻ ദൈവകോപം കൊണ്ട് വിരഹമനുഭവിക്കുകയാണ്. മേഘസന്ദേശം 40-ാം ശ്ലോകം നോക്കുക.

പുഷ്ടനേന്തും ത്വയാ ചേർന്നന ദിവസമനം
ഗോത്സവത്തോടിരിപ്പാ-
നിഷ്ടാത്മാവാമെനിക്കീശ്വര നതിനു വിധി-
ച്ചീല കൊള്ളാമതിപ്പോരം
കഷ്ടം നിന്നാനനാ ലോകനസുഖവുമെനി
ക്കേതുമേ ഹേതുവെന്യേ
ദുഷ്ടൻ രോധിച്ചതത്രേ പറവതിനരുതം
തുള്ള ദുഃഖം സുഃനത്രേ! 59

മാഴലിയ ച്ചാറു ചേരും തവകുചയുഗള-
ത്തേ പ്പിരിഞ്ഞുള്ള ഞാനി-
ക്കാലേ ജീവിപ്പതോർത്താൽ ത്വദമധരമയപീ-
യൂഷപാന പ്രഭാവം
മാലേററം പൂണ്ടു ദീർഘശ്വാസിത മനീശം
വിട്ടിരിക്കുന്നെനിക്കൻ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ബാലേ മററില്ലൊരാലംബന മറിക മഹീ
മംഡലീ മംഡനാംഗീ 60

59. നിന്നോടൊത്ത് അധികദിവസം ആനന്ദത്തോടുകൂടി ദാമ്പത്യജീവിതം നയിക്കാൻ എന്നെ ഈശ്വരൻ അനുഗ്രഹിച്ചില്ല. നിൻെറ മുഖമൊന്ന് കാണുക എന്ന സുഖം തന്നെ ഹതവിധി നിഷേധിച്ചിരിക്കുകയാണ്.

60. ചന്ദനച്ചാറ് മാറിൽ പൂശിയ നിൻെറ പരിരംഭണമില്ലാതെ ഞാൻ ഇന്ന് ജീവനോടെ ഉണ്ടെങ്കിൽ അതിന് കാരണം മുമ്പ് നീ അനുഭവിച്ച അധരാമൃത മഹത്വം മാത്രമാണ്. ദുഃഖാധിക്യത്തിൽ ഞാൻ ദീർഘശ്വാസവുമായി കഴിയുന്നു. നീയാണ് എൻെറ ആശാകേന്ദ്രം. മാലേയച്ചാറ്=ചന്ദനച്ചാറ്. മണ്ഡനാംഗി=അലങ്കാരമുള്ള അംഗത്തോടുകൂടിയവം.

പീലിക്കാർക്കൂന്തലാളേ തവമുഖകമലം
കണ്ടവന്നെന്തുചന്ദ്രൻ
പീയൂഷത്തിങ്കലും നിന്നധരമധുനിന-
ച്ചില്ലെനിക്കിച്ഛേയത്തും;
പൂവെല്ലാം മേനിപുൽകി പുളകിത തനുവാ
യീട്ടമെന്നാലലഘാപ്തം
പൂർണ്ണാനന്ദം നിനച്ചാൽ പരമരസമയം
നൂനമദ്വൈത സാരം 61

ധന്യേ! ഞാൻ ഭാവനം ചക്ഷുണി നിപതിതയാ-
യുള്ള നിന്നെ ത്തദാനീം
ചെന്നെത്തി പുൽകുവാനായതിരഭസമെഴ-
ന്നേററ് നോക്കുന്നനേരം
എങ്ങും കാണാഞ്ഞ് പാരം പരുതിയുമഥ-
തിണ്ണം വിളിച്ചും കരഞ്ഞും
പൊങ്ങും ഖേദന മോഹിച്ചവനി തലമതിൽ
വീണു മാടൽപ്പെടുന്നു. 62

61. പീലിക്കാർമുടിയോടു കൂടിയ നിൻെറ മുഖഭംഗി കണ്ടവർക്ക് ചന്ദ്രൻ എത്ര നിസ്സാരം. നിൻെറ അധരാമൃതം പീയൂഷത്തെ പിറകോട്ടു തള്ളുന്നു. നിൻെറ പരിരംഭണം ഒരുതരം അദ്വൈതപരമാനന്ദ സിദ്ധി തന്നെ.

62. ഭാവനാചക്ഷുസ്സിൽ കണ്ട് അനുഭവ ബോധത്താൽ പുൽകാനാഞ്ഞ് മു

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

തിരുകയും അടുത്തനിമിഷത്തിൽ നിൻെറ അസാന്നിദ്ധ്യത്തിൽ കഠിനദുഃഖത്തിൽ വീണ് വിഷമിക്കുകയു. ആണ് ഞാൻ. അതിരഭസം=അതിവേഗം.

നിന്നേയെത്താഞ്ഞു പാഞ്ഞു, ശ്വസിതവുമനിശം
ദീർഘമായി കഴിഞ്ഞും
മന്ദം മന്ദം കരഞ്ഞും ത്രിനയന ജലമവി
ച്ഛിന്നപതം പതിഞ്ഞും
മാർഗ്ഗം സർവ്വം നനഞ്ഞും സുതനുനിരപരാ
ധിത്വമേററം പറഞ്ഞും
ധൈര്യം പാരം കുറഞ്ഞും മമ ദശ മുഴവൻ
ഹന്ത! മാറിച്ചമഞ്ഞു 63

ഉത്സപ്പുവിങ്കൽ വളന്നീടിന മമ പരിതാ
പത്തിനുള്ളോരു ശക്ത്യാ
കർപ്പൂരം മാറിലിട്ടീടുകിലതു സമയം
ദീപമോടൊത്തു കത്തും;
എപ്പോഴം തപ്തമായീടിന വപുഷിഹിമാം
ഭഃ കണം തൂകിനിന്നാ-
ലപ്പോഴെല്ലാം ഭവിക്കും പുകയുമുടനതിൽ
നിന്നൊരാരാവമോടും 64

63. കൈ നീട്ടുന്നു; സ്പർശനം നിഷേധിക്കപ്പെടുന്നു. ഫലമോ ധാരധാരയായി കണ്ണീർവാർത്തു ദേഹം കുതിർക്കുന്നു. നടക്കുന്ന കാൽപ്പാടുകൾ കൂടി കണ്ണീരിൽ നനയുന്നു. അ കാരണമാണ് ഈ ദുഃഖമെന്നസത്യം എന്നെ നിർവീര്യനാക്കുന്നു.

64. മനോദുഃഖം എത്ര തീവ്രം. നെഞ്ഞത്ത് ഒരുപിടി കർപ്പൂരമിട്ടാൽ ആളികത്തും. ഹിമക്കട്ട ചൊരിഞ്ഞാലോ ശബ്ദായമാനമായി നീരാവി ഉയരുന്നു. ആരവം=ശബ്ദം.

ഘോരം മാരൻെറ ബാണം സ്വയമതിനു വിഷം
കൂടിയുണ്ടഗ്രഭാഗേ
വീരൻ ചേർത്തീട്ടതത്രേ മുഹുരുപി മമമോ-
ഹം ചമയ്ക്കുന്നതിപ്പോൾ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ചേരും താപത്തെ നൽകുന്നതുമതനുശരം
പുഷ്പമെന്നുള്ള വാക്യം
പോരും പാരിൽ പ്രസിദ്ധത്തെയുമനുഭവഭേ
ദം നിഷധിക്കമല്ലോ 65

വൻ കാരുണ്യം നിമിത്തം മയിതവ പെരുതാം
കേപമെന്നോർക്കമീ ഞാൻ
സങ്കല്പം കൊണ്ടുമാത്രം തവ പദ കമലം
ഗ്രേ പതിച്ചീടുമിപ്പോൾ
ശങ്കാഹീനം മുഖം കൊണ്ടപി സുമുഖി പൊറു
ത്തീടുകെന്നിപ്രകാരം
തിങ്കൾ തുല്യാനനേ! കേൾബഹുജനസഭയിൽ
വെച്ചു മാത്തുന്ന കഷ്ടം 66

65. മാരന്റെ കണ്ണുകൾ വിഷലിപ്തമായി എന്ന് ബോദ്ധ്യമായി. എന്റെ ദുഃഖം നീറിപ്പിടിക്കുന്നുവല്ലോ ഇത്രയും ദുഃഖമേല്പിക്കുന്ന കഠിനശരം വെറും പുഷ്പമാണെന്ന് വിശ്വസിക്കുക പ്രയാസം.

66. സ്നേഹക്കൂടുതൽ കൊണ്ട് ഒരു വേള നീ വിരഹകുപിതയായേക്കും. അതുകൊണ്ട് നിന്റെ പാദങ്ങൾ സങ്കല്പിച്ചു വിരഹത്തെ ക്ഷമിക്കാൻ പരസ്യയാചന ചെയ്യുക എന്റെ സ്വഭാവം പോലെയായിരിക്കുന്നു.

സാരംഗീ ചാരുഃനത്രേ തവസഹചരനാ
മെന്നിലും മാന്യതാംനിൻ
ചാരുത്വം കാൺകയാലുണ്ടാതനുവിനുകൃപാ
ലേശമില്ലായ്കിലിപ്പോൾ
ചേരാ കൊന്നീടുവാനും മടിതവ വിരഹ
ത്തിങ്കലെന്നോ മനോഗ്ര
പാരം ഖണ്ഡിപ്പതെല്ലാം സപദി തവസന്താ
പംശമിപ്പിപ്പതിന്നാം 67

എത്തീടും തപ്തനാം ഞാനതിരവമരികിൽ
വേണ്ടേടോ രണ്ടുപക്ഷം
കത്തീടും കാമതാപാനലനുടെ ശമനം
സംഭവിച്ചീടുവാനും

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ഓർത്തീടെൻ മാർഗ്ഗദൈർഘ്യം പുനരിതുപത്തുനാലും
കൂടെ നീ കണ്ണുചിമ്മി
പ്പാർത്തീടും നൂനമെന്നാലഭിലഷിതമഭീ
ഷ്ടപ്രകാരം ലഭിക്കാം 68

67. ഞാൻ ആത്മഹത്യക്കൊരുങ്ങുന്നില്ലെങ്കിൽ അതിന് ഏക കാരണം നിന്റെ ദേഹസൗന്ദര്യമാണ്, ഒരു നാൾ എന്റെ ദുഃഖം നിന്റെ സാന്നിധ്യത്തിൽ ശമിക്കുമല്ലോ എന്നതാണ് ആശ്വാസം.

68. അചിരേണ നാം തമ്മിൽ കാണുവാൻ ഇടയാകും. ഈ പൊറാദുഃഖത്തിന് അറുതിയുണ്ട്. ഒരിരുപതുദിവസം തള്ളി നീക്കണം അത്രമാത്രം. അപ്പോൾ പൂർണ്ണാഭീഷ്ടസിദ്ധിയിൽ നമുക്കൊത്തുചേരാം.

കോപിച്ചീടായ്കയേതും ചിരവിരഹജ
ദുഃഖേന നിന്നന്തികത്തിൽ
പ്രാപിക്കുന്നോരമെന്നോടിഭവരഗമനേ !
വേറെയോരോ വിചാരാൽ
ലോപിക്കും തൽക്ഷണാലിംഗനസുഖമതുകൊ-
ണ്ടത്ഫലാഭത്തിനാക്കും
കോപം കൊള്ളാത്തതത്രേ പ്രണയജവുമതിൽ
സത്വരത്വം കെടുക്കും 69

മുന്നം നമ്മെ ഘടിപ്പിച്ചമിതസുഖമിരു
ത്തീടിനോരീശ്വരൻ താൻ
നിന്നേവം നാം വിയോഗിച്ചിടർ പെടുവതിനും
കാരണം നിശ്ചയം കേൾ
പിന്നേയും ചേർക്കുമെന്നും ഹൃദി കരുതി വഹി-
ക്കുന്നു ഞാൻ ജീവിതത്തെ
തന്വംഗീ മൗലിമാലേ ! ദിവസനിശകളേ
കാൺക കാലത്തിനും നീ. 70

69. ദീർഘകാലവിരഹം കൊണ്ട് നീ കുപിതയാകരുത്. അതുകൊണ്ട് നമ്മുടെ പുനസ്സമാഗമ വേളയിലെ ആലിംഗന സുഖത്തിന് ലേശം മങ്ങൽ ഏല്പിച്ചാലോ? കോപം എപ്പോഴും കാര്യസാധ്യത്തിന് തടസ്സമാണ്.

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

70. നമ്മാം സ്നേഹബന്ധത്തിൽ ഒത്ത് ചേർന്നത് ഈ ഈശ്വരാനുഗ്രഹം കൊണ്ടാണ്. ആ ഈശ്വരാനുഗ്രഹം തന്നെ നമുക്ക് ദുഃഖമോചനവും വരുത്തും രാവും പകലും ഇടവിട്ടല്ലേ കാലം ഉണ്ടാകുക എന്ന തത്വം നമുക്കു ശാന്തത നൽകട്ടേ.

ചിത്തം കൊണ്ടേഷ ദൂരസ്ഥിതനഹമധുനാ
സ്നിഗ്ദ്ധശീലേ നിതാന്തം
തപ്തം നിൻ ഗാത്രമശ്രൂദ്ഗത തരമനിശം
രാത്രികാലത്തിലെല്ലാം
തത്തത്സാദേശ്യമാണ്ടീടിന മമ വപുഷാ
ചേർത്തുരുഷ്ണേ വസിപ്പോ-
നോർത്തും നീ ചൊൽ വതായിച്ചില വചനമതി
ന്നുത്തരത്തേ പ്പറഞ്ഞു 71

മാനിച്ചീടുന്നു നിന്നാനന സുരുചികൾ
ണ്ടിന്ദുവേ നേത്രകാന്ത്യാ
മാനിൻ പോതങ്ങളേയും നദിയുടെ തനുവാ
മൂർമ്മിയെ ചില്ലിയോർത്തും
ദീനത്വം പൂണ്ടിരിക്കും സരസിജമുകുള-
ത്തേ സ്തനത്തെ നിനച്ചും
ദീനത്വത്തേ ചുരുക്കേണ്ടതിന്നനുദിനമെൻ
വേലയീവണ്ണമിപ്പോൾ 72

71. അകലെപ്പെട്ട ഞാൻ രാത്രികാലങ്ങളിൽ കണ്ണീർപൊഴിക്കുക പതിവുണ്ട് കണ്ണീർകൊണ്ട് തപ്തമായ ദേഹത്തെ പുൽകുന്നതായും നിൻെറ വാക്കുകൾ കേൾക്കുന്നതായും സ്മരിച്ച് പലവട്ടം മറുപടി പറയാറുമുണ്ട്.

72. വിരഹദുഃഖ ലഘൂകരണത്തിന് ഞാൻ പ്രയോഗിക്കുന്ന സൂത്രം എന്തെന്നല്ലേ? ചന്ദ്രൻെറ കാന്തിയിൽ നിൻെറ സുന്ദരമുഖത്തേയും നദികളുടെ ചിറോളങ്ങളിൽ നിൻെറ പുരികചലനത്തേയും താമരമൊട്ടുകളിൽ നിൻെറ വക്ഷോരുഹങ്ങളേയും ഒരുമട്ടിന് ദർശിച്ച് തൃപ്തിപ്പെടുന്നു.

''പ്രതനു നദീവീചിഷ്ട ഭ്രൂവിലാസൻ'' എന്ന മേഘസന്ദേശഭാഗമാണ് നദിയുടെ തനുവാമൂർമ്മിയെ ചില്ലിയോർത്തും എന്നായത്

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

നീയും താപം ചുരുക്കീടണ മിതിനെ നിന
ച്ചത്തലംകുന്ന തീയും
തീയും തമ്മിൽ സമത്വം ചെറുതുമിഹവഹി
ച്ചുള്ളതല്ലോത്തുകണ്ടാൽ
മുമ്പൻ താന്തന്നെപോരും സകലജനശരീ
രം ദഹിപ്പിച്ചതിന്നായ്
പിമ്പന്നോ വേണമല്ലോ വിറകിനുടെ സഹാ
യത്വവും കൂടെയുണ്ടാം 73

പൂങ്കാവിനെങ്ങു മേ സാമ്പ്രതമൊരു കുറവും
സംഭവിച്ചീലയല്ലീ-
സങ്കാശിക്കുന്ന താരുണ്യവുമറിക കുറ
ഞ്ഞില്ല ബാലേ നമുക്കും
തിങ്കളാക്കും കേട്ടതട്ടാദ്ദ്ധമനുദിവസവും
രാത്രിയും നൂനമുണ്ടാം
ശങ്കിച്ചീടായ്കയേതും കുവലയനയനേ!
പിന്നെയെന്തിന്നു ഖേദം 74

73. ദുഃഖം ഏതായാലും ഒഴിവാക്കണം. തീയും ദുഃഖമാകുന്ന തീയുംതമ്മിൽ യാതൊരു സമത്വവുമില്ല. ശരീരത്തെ ദഹിപ്പിക്കാൻ തീയിന് വിറക് വേണം. ആധിയാകുന്ന തീയിൽ ശരീരം സ്വയം നശിക്കുന്നു.

74. നമ്മുടെ പൂന്തോട്ടം പഴയപടിക്കല്ലേ? നിൻെറ ആരോഗ്യത്തിന് ഊനം തട്ടിയില്ലല്ലോ. ചന്ദ്രനുംകൂടിയുണ്ടല്ലോ ദുഃഖത്തിൻെറ രാത്രികാം. ആ നിലക്ക് എന്തിനീ അവിഹിതദുഃഖം.

കാർകൂന്തൽ വാർന്നു കെട്ടിച്ചതിലഴകിയലും
പൂക്കളും ചൂടി മോദാൽ
വാർതിങ്കൾ തോററിരിക്കും മുഖമഥ തിലകം
കൊണ്ടു മേററം വിളക്കി
മാലെല്ലാം നീക്കി നിന്നാലുടനപഹൃതമാ
യീടുമാലിംഗനത്തെ...
കാലം വൈകാതെ സാധിക്കുവനഹ മമലേ
സംശയം വേണ്ടതെല്ലും 75

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

പിന്നേയും ചൊൽക പണ്ടെൻ ശയനമതിലുറ–
ങ്ങുന്ന നളേകദാനീ
തിണ്ണം രോദിച്ചെഴുന്നീററളവിതു കിമേ-
ന്നോതുമെന്നോടുതാംവൽ
എന്നേയും കൈവെടിഞ്ഞീന്നപര തരുണിയെ
പുൽകിയല്ലേ? ശഠാ! നീ
യെന്നേററം ചൊല്ലി നാളീ വചനവുമധുനാ
വിശ്വസിക്കും കൃശാംഗീ 76

75. ഭംഗിയിൽ കോതിയമുടിയിൽ പൂ ചൂടി തിലകം ചാർത്തി മോടിപിടിപ്പിച്ച് ഒരുങ്ങി നിൽക്കൂ. ഓർക്കാപ്പുറത്തുള്ള ചുടു ചുംബനം നിനക്കനുഭവപ്പെടും.

76. ഒരു നാരം ഉറക്കത്തിൽ നീന്നു നീ ഉണർന്ന് കരയുകയും രോദന കാരണമാരാഞ്ഞപ്പോാം പരസ്ത്രീവേഴ്ച എന്നിൽ ആരോപിക്കുകയും ചെയ്ത സംഗതി അഭിജ്ഞാനവാക്യമായി പറയട്ടെ. മേഘസന്ദേശം 48—ാം ശ്ലോകം

ഭൂയശ്ചാഹത്വമപി ശയനേ കണ്ഠലഗ്നാപുരമേ
നിദ്രാം ഗത്വാകിമ പിരു ദതീ സസ്വനം വിപ്രബുദ്ധാ
സാന്തർഹാസം കഥിതമസ കൃത് പൃയാമേ
ദൃഷ്ട സ്വപ്നേ കിതവ! രമയൻ കാമപിത്വംമയേതി

മുന്നേ ഞാൻ തൽപ്രയാണത്തിനു വഴിവഴി പോ
ലൊക്കെയും വ്യാഹരിച്ചേൻ
പിന്നേയെന്നാലയത്തേ തദനു സുതനുവേ
യും ശ്രവിപ്പിച്ചവല്ലോ
ചൊന്നേ നിപ്പോളവരം തൻ സവിധ മധിഗമി-
ച്ചാശു വക്തവ്യമാകും
സന്ദേശത്തേയുമെല്ലാ മൊരു കനിവിനിന്നീ
ചെയ്കയേ വേണ്ടതുള്ളൂ 77
ഏവം യാചിപ്പതോർത്താൽ ത്വയ മമ പെരുതാം
സൗഹൃദത്തെ നിനച്ചോ
സർവ്വർക്കും കേഴംവിയുണ്ടാം ശരണ ഗതപരി
ത്രാണനാലെന്നു റച്ചോ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

രാവെത്തും മുന്നമേ നീ സകരുണമിവിടെ
നിന്നു വേഗാൽ പുറപ്പെ-
ട്ടീവണ്ണം പോയ് പറഞ്ഞെൻ പ്രിയയുടെ പരിതാ
പംശമിപ്പിക്ക വേണം 78

ഇത്ഥം സ്വപ്നത്തിലാരോ വിധമൊരു മധുപ-
ത്തേ നിരീക്ഷിച്ചു ചൊല്ലി
ട്ടത്തൽ പാരം മുഴത്തോരളവിലവനുണർ
ന്നെന്തിതെന്നോർത്തു വേഗാൽ
മത്തേഭായാനയാകും പ്രിയയുടെ സവിധേ
ചെന്നുചേർന്നാത്ത രാഗം
ചിത്താനന്ദേനസാകം ചിരമവിരഹിയായ്
ത്താനെ വാണീടിനാൻ പോൽ 79

ദ്വിതീയാശ്വാസ: സമാപ്ത:

78. ഇത്രയും സ്വാതന്ത്ര്യമെടുത്തു സവിസ്തരം കാര്യങ്ങൾ പറയാൻ രണ്ടു കാരണമുണ്ട്. ഒന്നു നിന്നോട് തോന്നിപ്പോയ സൗഹൃദം. രണ്ട് നിൻെറ ആശ്രിതവാൽസല്യം. സന്ധ്യക്കു മുമ്പ് തന്നെ നായികയെ കാര്യമറിയിച്ച് ദുഃഖശമനം വരുത്തണം.

79. ഇങ്ങനെ സ്വപ്നത്തിൽ ഒരു ഭൃംഗത്തോട് പലതുംഅ ഭ്യർത്ഥിക്കുകയും പെട്ടെന്നുണർന്നപ്പോൾ താൻ പത്നിസമേതനായാണ് ശയ്യാഗൃഹത്തിലെന്ന സത്യം ബോധ്യമാകുകയും ദുഃഖം ആനന്ദമായി മാറുകയും ചെയ്തു. ചിത്താനന്ദേനസാകം=മനോസുഖത്തോടുകൂടി; മത്തേഭായന=മദഗജയാന.

—※—

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

ശുദ്ധിപത്രം

Digitized by Arya Samaj Foundation Chennai and eGangotri

Page	വരി	തെററ്	ശരി
I	20	ദ്വതീയ	ദ്വിതീയ
I	27	വിധങ്ങളമായ	വിധമായ
III	30	അനുകർത്താക്കാളെ	അനുകർത്താക്കളെ
III	33	തിന്നു	തീർന്നു
IV	19	ക്ഷേത്തിൽ	ക്ഷേത്രത്തിൽ
3	1	മഹിമയു	മഹിമയറി
4	20	മധുപന	മധുവറ
6	1	സാധി	സാധ്വി
26	25	1988 ജനു	1888 ജനു
27	27	1809	1899
28	29	സംനോ	തേനാ
29	29	ട്ടാങ്കളപ്പോ	ട്ടാശക്കറപ്പോ
29	29	രൊരു	നൊരു
30	3	തുടർന്നീട്ട	തുടർന്നിട്ട
31	23	വർഷമ	വർഷ്മ
32	10	വർഷം	വർഷ്മം
33	26	യെകൻെറ	യെൻെറ
34	19	ന്നാനീയത്തിൽ	ന്നാശയത്തിൽ
35	1	ആദിധാനം	ആഭിധാനം
35	29	ത്രുദിവ	ത്രിദിവ
35	31	തെല്ലും	തെല്ലും
36	26	തച്ചി	തന്വി
37	15	വക്ഷേരുഹ	വക്ഷോരുഹം
,,	17	സൗന്ദരം	സൗന്ദര്യം
,,	25	തന്നൻ	തമൻ
,,	27	വിമുശ്യേ	വിമൃശ്യേവ
38	6	ചങ്ങം	ചങ്ങല
38	26	പടിവി	വടിവി
39	9	നുപവ്രത	നുപഹൃതമാ
40	2	ദിതാവളങ്ങും	ഭിത്യാവിളങ്ങും
41	9	രിതപേര്	രിതുപേരാ
,,	27	അദൃച്ചം	അത്യച്ഛം
,,	27	ഭൂതലനിൽ	ഭൂതലത്തിൽ
42	7	വന്നലൊരു	വരിലൊരു
,,	30	ല്ലെന്നിയീ	ല്ലെന്നിയേയി
43	16	ഒന്നോടെക്കാനെ	ഒന്നോടൊക്കാതെ
,,	18	ഒന്നായിട്ട	ഒന്നായിട്ടും
,,	22	അധികമായി	അധികമായ്
46	1	ക്ഷാതിരുഹം	ക്ഷിതിരുഹ
47	21	കെട്ടത്താ	കെടുത്താൽ
,,	26	സുര്യവായ	സൂര്യാപായ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

Page	ശരി	തെററ്	ശരി
47	28	നേൊയ	നേരായ
48	18	തമധരി	തവധരിക്കെന്നു
49	21	ചുത്തി	യൂത്തി
,,	24	മസ്മശ	മസ്ംശര
,,	28	ശൃഗാര	ശൃംഗാര
50	21	മുഗ്ദാംഗി	മുഗ്ദ്ധാംഗി
52	3	വാനം	പാനം
,,	24	അന്യോന	അന്യോന്യം
53	19	അന്ന	ആന
53	21	ഉരുക്കം	ഊരുക്കം
,,	29	വത്തതാ	വൃത്തതാ
54	4	നിന്റെ	ററിന്റെ
,,	8	മനാിപ്രദയാഗാൽ	മദാിപ്രയോഗാൽ
,,	9	വൃക്ഷത്തെ	വൃക്ഷ:ത്ത
,,	26	മോഷ്യമാരും	മോഷ്യമാകം
55	20	ഭാരുഖണ്ഡം	ഭാതഖണ്ഡ
56	11	നിധാന	നിധായ
,,	18	ലുദിമാം	ലുദിതമാം
57	6	പ്രണയി	പ്രണയിനി
,,	22	നിച്ചയിൽ	നിലയിൽ
,,	27	ഭർത്തുംമിത്രംപ്രയ	ഭർത്തുംമിത്രംപ്രിയ
58	10	ക്ളാഷ്ടനാ	ക്ലിഷ്ടനാ
,,	14	ചെല്ലുന്നു	ചൊല്ലുന്നു
,,	29	ക്കുടവാ	ക്കുടവോ
59	5	പയുമതി	പറയുവതി
59	28	താദമധര	താധര
,,	30	വ്രമനിശം	വൃമനിശം
61	5	തനയന	നയന
,,	14	തൂതിനിന്ന	തൂകിനിന്നാ
,,	16	രരാവദമോട	രാരാവദമോടം
62	6	കേപ	കോപ
,,	12	മാത്തുന്നു	മോതുന്നു
,,	24	മനോദ്ര	മനോഭൂ
,,	25	ദണ്ഡിപ്പതെല്ലാ	ദണ്ഡിപ്പതെല്ലാം
63	3	മഭ	മഭീ
63	25	തനാഗി	തനാംഗീ
65	6	ദഹിപ്പിച്ചതി	ദഹിപ്പിപ്പതി
,,	7	സഹം	സഹാ
66	6	പുൽകയല്ലേ	പുൽകിയില്ലേ
,,	15	പുരമേം	പുരാമേ
,,	17	പുയാമേ	പൃഷ്ടതതായാമേ
,,	18	ഷ്ടസ്വാപ്നേ	ദുഷ്ടസ്വാപ്നേ
,,	29	സവ്വക്കം	സർവ്വക്കം

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ക്ഷമാപണത്തോടെ വീണ്ടും

Page	For	Read
VI	ആദ്യ	ആറു
9	സാധ	സാധു
12	ന്മാത്ര	ന്മാരത്ര
14	ച്ചുണ്ടി	മന്നി
14	പ്രവിശ്യ	പ്രവിശ
20	നിജനില	നിജനിലയ
21	ചെല്പെങ്ങു	ചൊല്പൊങ്ങും
26	മതിത	മതിത്ഥം
27	കരമാം	കരതരമാം
32	വേണ്ടു	വേണ്ടുന്നതാ
37	മാമഴകൊ	മാമാരഴകൊ
42	സനകമുനി	സനകമുനിവര
48	താൻ	ക്കെന്നുതാൻ
66	ഇവിതു	ഉവിലിതു
66	ഏകദാനീം	ഏകദാനീ

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

GURUKUL KANGRI LIBRARY
Acces on
Class No
Cat on
Tag etc
Checked
Any Other

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

CC-0. In Public Domain. Gurukul Kangri Collection, Haridwar

Digitized by Arya Samaj Foundation Chennai and eGangotri

ആധുനികമലയാളസന്ദേശകാവ്യങ്ങളിൽ പ്രഥമഗണനീയമെന്ന് കരുതപ്പെട്ടിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ മയൂര സന്ദേശത്തിനു മുമ്പ് പ്രസിദ്ധീകൃതമായ സന്ദേശ കാവ്യം എന്ന നിലക്കാണ് ഭൃംഗസന്ദേശം സഹൃദയലോകത്തിന്റെ ശ്രദ്ധയാകർഷിച്ചത്.

ഭൃംഗസന്ദേശത്തിലെ നായകൻ സ്വപ്നത്തിൽ തിരുവനന്തപുരത്തു നിന്നും ഗോകർണ്ണത്താണ് എത്തിപ്പെടുന്നത്. ഗോകർണ്ണം മുതൽ തിരുവനന്തപുരം വരെയുള്ള സ്ഥലങ്ങളിലെ പുണ്യസ്ഥലങ്ങളും ദൃശ്യ സവിശേഷതകളും ഭൃംഗത്തിന് വിവരിച്ചു കൊടുക്കുന്നു. വർണ്ണനയുടെ തന്മയത്വവും രസികത്വവും അലങ്കാര പ്രയോഗങ്ങളുടെ ചാരുതയും എല്ലാം ചേർന്ന് ഭൃംഗസന്ദേശത്തെ സഹൃദയ ശ്രദ്ധയാകർഷിക്കുന്ന സന്ദേശകാവ്യമാക്കി ത്തീർക്കുന്നു.

പുസ്തകം ലഭിക്കുന്ന സ്ഥലങ്ങാം :

1. ശ്രീമതി രാജലക്ഷ്മി മൂസ്സത്,
   സുദർശൻ, താരക്കാട്, പാലക്കാട്–1.
2. എം. ബി. ട്യൂട്ടോറിയൽസ്,
   കോഴിക്കോട്; തലശ്ശേരി.

CC-0. In Public Domain. Gurukul Kangri Collection, Haridwar